നം.കെ.എസ്.എ(എച്ച്.യു) ജി 2 – 286 / 2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കേരള ആരോഗ്യ സർവ്വകലാശാല ഓഡിറ്റ് കാര്യാലയം
മെഡിക്കൽ കോളേജ് പി.ഒ., തൃശ്ശൂർ 680 596
E-mail : healthuty.ksad@kerala.gov.in
ഫോൺ നം : 0487-2207698

ജോയിന്റ് ഡയറക്ടർ

തീയതി : 07.03.2025

ബഹു. വൈസ് ചാൻസലർ (രജിസ്ട്രാർ മുഖാന്തരം)
കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല

സർ,

**വിഷയം : കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് – കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്– സംബന്ധിച്ച്.**

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 2010 ലെ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലാ നിയമം വകുപ്പ് 68 എന്നിവ പ്രകാരം കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയുടെ 2022-23 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡിക 1.3.16, 1.3.17, 1.3.18, 1.3.20, 1.3.25, ഭാഗം 2, ഭാഗം 3 എന്നിവയിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പു സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ഗവേണിംഗ് കൗൺസിൽ അംഗീകരിച്ച പരിഹാരനടപടി റിപ്പോർട്ട് സർക്കാരിനും ഈ കാര്യാലയത്തിനും ലഭ്യമാക്കേണ്ടതുമാണ് (1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23, 2010 ലെ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലാ നിയമം വകുപ്പ് 68 (7).

വിശ്വസ്തതയോടെ

**ജോയിന്റ് ഡയറക്ടർ**

പകർപ്പ്

1) സെക്രട്ടറി, സംസ്ഥാന ആരോഗ്യകുടുംബക്ഷേമ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) ഓഫീസ് കോപ്പി

നം. കെ.എസ്.എ(എച്ച്.യു) ജി 2 – 286 / 2024 തീയതി 07.03.2025

# കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയുടെ 2022-23 സാമ്പത്തിക വർഷത്തെ വരവ് – ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ് , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ , ചട്ടം 18 , 2010 ലെ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലനിയമം 68(4) വകുപ്പ് എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

**ആമുഖം**

കേരള സംസ്ഥാനത്ത് ആധുനിക വൈദ്യശാസ്ത്രം, ഹോമിയോപ്പതി, ആയുർവേദവും സിദ്ധയും യോഗയും പ്രകൃതിചികിത്സയും യുനാനിയും അനുബന്ധശാസ്ത്രങ്ങളും ഉൾപ്പെടെയുള്ള ഭാരതീയ ചികിത്സാ സമ്പ്രദായം എന്നിവയ്ക്ക് മാത്രമായി ശരിയായതും ക്രമപ്രകാരമുള്ളതുമായ ബോധനം, അദ്ധ്യാപനം, പരിശീലനം, ഗവേഷണം എന്നിവ ഉറപ്പുവരുത്തുന്ന ആവശ്യത്തിലേയ്ക്ക് 07.12.2009 ന് വിളംബരപ്പെടുത്തിയ 'കേരള ആരോഗ്യത്തിനും അനുബന്ധശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ഓർഡിനൻസ്, 2010, 22.01.2011 ന് വിളംബരപ്പെടുത്തിയ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല നിയമം, 2010' എന്നിവ പ്രകാരം കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല നിലവിൽ വന്നു. സർവ്വകലാശാലയുടെ പ്രഥമ സ്റ്റാറ്റ്യൂട്ട് 2013-ൽ ജി.ഒ(പി)നം.125/2013/ആ.കു.ക്ഷേ.വ. തീയതി 04.04.2013 പ്രകാരം പ്രാബല്യത്തിലായി. പ്രസ്തുത സ്റ്റാറ്റ്യൂട്ട് അസാധുവാക്കിക്കൊണ്ട് 20.04.2018 ലെ ജി.ഒ(പി)നം.44/2018/ആ.കു.ക്ഷേ.വ. പ്രകാരം (SRO 253/2018) പുതിയ പ്രഥമ സ്റ്റാറ്റ്യൂട്ട് തയ്യാറാക്കിയിട്ടുണ്ട്. ആയതിനു ശേഷം ടി സ്റ്റാറ്റ്യൂട്ട് അസാധുവാക്കി കൊണ്ട് 06.02.2019 ലെ ജി.ഒ(പി)നം.3/2019/ആ.കു.ക്ഷേ.വ. പ്രകാരം (SRO No.112/19) ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 2019 തയ്യാറാക്കിയിട്ടുണ്ട്. കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല പരീക്ഷാ മാന്വൽ 21.06.2018 മുതൽ പ്രാബല്യത്തിൽ വന്നു. സർവ്വകലാശാലയുടെ അധികാര പരിധി കേരള സംസ്ഥാനം മുഴുവൻ വ്യാപിച്ചിട്ടുള്ളതും ആസ്ഥാനം തൃശ്ശൂരും ആണ്.

**1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 3(1) പ്രകാരമുള്ള പട്ടികയിലെ ക്രമ നമ്പർ 5 ആയി സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളും ഉൾപ്പെടുന്നുണ്ട്. 2010 ലെ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലാ നിയമം വകുപ്പ് 68(1) ലെ വ്യവസ്ഥയനുസരിച്ച് സർവ്വകലാശാലയുടെ ഓഡിറ്റിനായി ജി.ഒ (എം.എസ്) നം. 586/2011/ധന തിയതി 03.12.2011 നമ്പർ ഉത്തരവ് പ്രകാരം ഈ വകുപ്പിനെ സർക്കാർ ചുമതലപ്പെടുത്തി.**

## സർവ്വകലാശാലയുടെ ചുമതലകൾ

സർവ്വകലാശാലയുടെ പ്രധാനപ്പെട്ട ചുമതലകൾ താഴെ പറയുന്നവയാണ്.

1. വൈദ്യശാസ്ത്രവും അനുബന്ധ ശാസ്ത്രങ്ങളുമായി ബന്ധപ്പെട്ട, സർവ്വകലാശാല യുക്തമെന്നു കരുതുന്ന, അങ്ങനെയുള്ള പഠനശാഖകളിൽ ബോധനവും പരിശീലനവും നല്കുക.
2. വൈദ്യശാസ്ത്രത്തിലും അനുബന്ധ ശാസ്ത്രങ്ങളിലും ഗവേഷണത്തിനു വേണ്ടിയും അറിവിന്റെ ഉന്നമനത്തിനും വ്യാപനത്തിനും വേണ്ടിയും വ്യവസ്ഥ ചെയ്യുക.
3. ബിരുദങ്ങളും, ഡിപ്ലോമകളും, സർട്ടിഫിക്കറ്റുകളും മറ്റ് അക്കാഡമിക് ബഹുമതികളും ഏർപ്പെടുത്തുകയും നൽകുകയും ചെയ്യുക (കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ നിയമം, 2010 വകുപ്പ് 6 കാണുക).

## സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ [കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നിയമം 2010, വകുപ്പ് 5]

1. വൈദ്യശാസ്ത്ര ഗവേഷണം പരിപോഷിപ്പിച്ചുകൊണ്ടും പ്രോത്സാഹിപ്പിച്ചുകൊണ്ടും വൈദ്യശാസ്ത്രങ്ങളുടെയും അനുബന്ധ മേഖലകളിലെയും പഠനവും അറിവും പുരോഗമിപ്പിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുക.
2. വൈദ്യശാസ്ത്ര മേഖലയിലെ പുരോഗതികളുടെ അടിസ്ഥാനത്തിലുള്ള പുതിയ പാഠ്യക്രമങ്ങളും പാഠ്യപദ്ധതികളും തയ്യാറാക്കുക.
3. അഫിലിയേറ്റ് ചെയ്ത കോളേജുകളുടെയോ സ്ഥാപനങ്ങളുടെയോ അക്കാഡമിക് നിലവാരം ക്രമപ്പെടുത്തുക.
   i. ആരോഗ്യത്തിന്റെ പ്രതിരോധവും പ്രോത്സാഹനവും സംബന്ധിച്ച കാര്യങ്ങൾ മെച്ചപ്പെടുത്തുക.
   ii. സമൂഹത്തിന്റെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പദ്ധതികൾ സംഘടിപ്പിക്കുക.
4. സംസ്ഥാനത്ത് വൈദ്യശാസ്ത്ര മാനവശേഷി വികസനത്തിന് നേതൃത്വം നൽകുക.
5. സംസ്ഥാനത്തിനുവേണ്ടി ആരോഗ്യാസൂത്രണത്തിനും ആരോഗ്യ നയരൂപീകരണത്തിനും നേതൃത്വം നൽകുക.
6. സാംക്രമികരോഗപഠനത്തിനും സംസ്ഥാനത്ത് വ്യാപകമായിട്ടുള്ള രോഗങ്ങൾ നിരീക്ഷിക്കുന്നതിനും ജാഗ്രതയോടെയുള്ള മേൽനോട്ടം വഹിക്കുന്നതിനുമുള്ള സംവിധാനത്തിന് ഊന്നൽ നൽകുക.

7. മറ്റ് ദേശീയവും അന്തർദേശീയവുമായ സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നതിന് നോഡൽ ഏജൻസിയായി പ്രവർത്തിക്കുക.

8. വിവിധ വൈദ്യശാസ്ത്ര സമ്പ്രദായങ്ങൾ തമ്മിലുള്ള സംവാദത്തിനുള്ള ഒരു വേദി ഒരുക്കുക.

9. വിവിധ വൈദ്യശാസ്ത്ര സമ്പ്രദായങ്ങൾ തമ്മിലുള്ള കൂട്ടായ ഗവേഷണ പരിപാടികൾക്കും സമന്വയത്തിനുമുള്ള അവസരങ്ങൾ ആരായുക.

10. വൈദ്യശാസ്ത്രത്തിന്റെയും അനുബന്ധ ശാസ്ത്രങ്ങളുടെയും വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളുടെ നീതിപൂർവ്വകമായ വിതരണം പ്രോത്സാഹിപ്പിക്കുക.

11. ദ്രുതഗതിയിൽ വികസിച്ചുകൊണ്ടും മാറിക്കൊണ്ടുമിരിക്കുന്ന സമൂഹത്തിൽ അറിവ് ആർജ്ജിക്കുന്നതിന് പ്രോത്സാഹിപ്പിക്കുകയും പഠിക്കുന്ന ഒരു സമൂഹത്തിന് ഉചിതമായ ആധുനിക ആശയ വിനിമയ മാധ്യമങ്ങളും സാങ്കേതിക വിദ്യയും ഉപയോഗിച്ചുകൊണ്ട് വൈദ്യശാസ്ത്രങ്ങളുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ ശൃംഖല സ്ഥാപിച്ചുകൊണ്ട് മാനുഷിക പരിശ്രമത്തിന്റെ എല്ലാ മേഖലകളിലും നൂതന രീതികളുടെയും ഗവേഷണത്തിന്റെയും കണ്ടുപിടുത്തത്തിന്റെയും പശ്ചാത്തലത്തിൽ അറിവ് വർദ്ധിപ്പിക്കുന്നതിനും പരിശീലനം നല്കുന്നതിനും വൈദഗ്ധ്യ വികസനത്തിനും തുടർച്ചയായ അവസരങ്ങൾ നല്കുകയും ചെയ്യുക.

12. ഗവേഷണങ്ങളും ബന്ധപ്പെട്ട മേഖലയിലെ മറ്റ് അക്കാഡമിക് പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിച്ചുകൊണ്ട് ഭാരതീയ ചികിത്സാസമ്പ്രദായത്തിന്റെയും അതിന്റെ എല്ലാ ശാഖകളുടെയും ഹോമിയോപ്പതിയുടെയും വികസനത്തിനായി കൂടുതൽ ഊന്നൽ നല്കുക.

## ഓഡിറ്റിന്റെ വ്യാപ്തി / ഓഡിറ്റ് മാനദണ്ഡം

2010-ലെ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല നിയമം, 2019-ലെ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, ഈ റിപ്പോർട്ടിന്റെ വിവിധ ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള സർക്കാർ / സർവ്വകലാശാല ഉത്തരവുകൾ, സർക്കുലറുകൾ, മറ്റ് നിയമ വ്യവസ്ഥകൾ, ചട്ടങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് ഓഡിറ്റ് നടത്തിയിട്ടുള്ളത്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. പരീക്ഷാ വിഭാഗത്തിലെ കോൺഫിഡൻഷ്യൽ ഇനങ്ങളുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിൽ പരിശോധിച്ചിട്ടില്ല. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് എജൻസി / പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

| **ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ** | |
|---|---|
| ശ്രീ. ബാബു റിയാസുദ്ദീൻ, ജോയിന്റ് ഡയറക്ടർ | 07.09.2023 മുതൽ 09.10.2023 വരെ |
| ശ്രീമതി സിനി എം. വി., ജോയിന്റ് ഡയറക്ടർ | 10.10.2023 മുതൽ 28.06.2024 വരെ |
| ശ്രീ. എസ്. വിജയകുമാർ, ജോയിന്റ് ഡയറക്ടർ | 28.06.2024 മുതൽ 31.10.2024 വരെ |
| | |
| **ഓഡിറ്റ് ചെയ്ത കാലയളവ്** | 07.09.2023 മുതൽ 31.10.2024 വരെ |

## ഓഡിറ്റ് ചെയ്ത ഉദ്യോഗസ്ഥർ

| ഉദ്യോഗസ്ഥരുടെ പേരും തസ്തികയും | ഓഡിറ്റ് ചെയ്ത കാലയളവ് |
|---|---|
| ശ്രീ. റഫി ജോൺ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) | 07.09.2023 മുതൽ 20.06.2024 വരെ |
| ശ്രീ. എം. എൽ .അഗസ്റ്റിൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) | 10.07.2024 മുതൽ 31.10.2024 വരെ |
| ശ്രീമതി ഷാജിത കെ. എം., അസി. ഓഡിറ്റ് ഓഫീസർ | 07.09.2023 മുതൽ 19.01.2024 വരെ |
| ശ്രീ. സിനിലാൽ എം. ജി., അസി. ഓഡിറ്റ് ഓഫീസർ | 25.01.2024 മുതൽ 30.05.2024 വരെ |
| ശ്രീമതി ജോസി കെ. ജെ., സീനിയർ ഗ്രേഡ് ഓഡിറ്റർ | 07.09.2023 മുതൽ 31.10.2024 വരെ |
| ശ്രീമതി അനീറ്റ ഡൊമിനിക്, സീനിയർ ഗ്രേഡ് ഓഡിറ്റർ | 11.07.2024 മുതൽ 31.10.2024 വരെ |
| ശ്രീ. ഫ്ലെമിൻ പി. പി., ഓഡിറ്റർ | 07.09.2023 മുതൽ 31.10.2024 വരെ |

## സർവ്വകലാശാല അധികാരികൾ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| വൈസ് ചാൻസലർ | പ്രൊഫ. ഡോ. മോഹനൻ കുന്നമ്മൽ | 01.04.2022 മുതൽ 31.03.2023 വരെ |
| പ്രൊ-വൈസ് ചാൻസലർ | ഡോ.സി.പി.വിജയൻ | 01.04.2022 മുതൽ 31.03.2023 വരെ |
| രജിസ്ട്രാർ | ഡോ. എ. കെ. മനോജ് കുമാർ | 01.04.2022 മുതൽ 31.03.2023 വരെ |
| കൺട്രോളർ ഓഫ് എക്സാമിനേഷൻ | ഡോ. എസ്. അനിൽകുമാർ | 01.04.2022 മുതൽ 31.03.2023 വരെ |
| ഫിനാൻസ് ഓഫീസർ | ശ്രീ. രാജേഷ് കെ. പി. | 01.04.2022 മുതൽ 31.03.2023 വരെ |

**ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ**

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ 2022-23 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2022 മുതൽ 31.03.2023 വരെയുള്ള സർവ്വകലാശാലയുടെ തനതു വരുമാനം, സർക്കാരിൽ നിന്ന് ലഭിച്ച ഫണ്ടുകൾ എന്നിവയുടെ വരവ്, അവയുടെ ഒടുക്കൽ, പിൻവലിക്കൽ എന്നിവയും പരിശോധനക്കു വിധേയമാക്കുകയുണ്ടായി.

ഓൺലൈൻ രസീതി വരവ് പരിശോധിക്കാനായി സർവ്വകലാശാലയുടെ ഓൺലൈൻ വെബ് പോർട്ടൽ മുഖേന 01.04.2022 മുതൽ 31.03.2023 വരെയുള്ള ഓൺലൈൻ രസീതികൾ പരിശോധിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ മാന്വൽ രസീതി പ്രകാരമുള്ള വരവ് 07.06.2023 മുതൽ 07.10.2024 വരെയുള്ളവയും പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. കൂടാതെ, നിലവിൽ സർവ്വകലാശാല ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ള ഫിനാൻസ് സ്യൂട്ട് സോഫ്റ്റ് വെയർ മുഖേന ചെക്കുകൾ / ഡിഡികൾ എന്നിവ പ്രകാരമുള്ള വരവ്, അവയുടെ ഒടുക്ക്, പണം പിൻവലിക്കൽ എന്നിവ പരിശോധിച്ചിട്ടുണ്ട്. സർവ്വകലാശാലക്ക് വിവിധ ആവശ്യങ്ങൾക്കായി സംസ്ഥാന സർക്കാരിൽ നിന്നും ധനസഹായം ലഭിച്ചതിന്റെ കണക്കുകളും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സർവ്വകലാശാലയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 ഓഡിറ്റ് റിക്വിസിഷനുകളും 55 ഓഡിറ്റ് എൻക്വയറികളും നൽകിയതിൽ 55 എൻക്വയറികൾക്കും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

# ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നം. | വിഷയം |
|---|---|---|
| ഭാഗം 1 – പൊതു അവലോകനം | | |
| 1 | 1.1 | പൊതുവായ വിവരങ്ങൾ |
| 2 | 1.1.1 | സർവ്വകലാശാലയുടെ സംഘടനാരൂപം |
| 3 | 1.1.2 | സർവ്വകലാശാലയിലെ അധികാരസ്ഥാനങ്ങളും മറ്റു വിവരങ്ങളും |
| 4 | 1.2 | ധനകാര്യം |
| 5 | 1.2.1 | ബജറ്റ് |
| 6 | 1.2.2 | വാർഷിക ധനകാര്യപത്രിക ലഭിച്ചതിന്റെ വിവരങ്ങൾ |
| 7 | 1.2.3 | വാർഷിക കണക്ക് പ്രകാരമുള്ള വരവ് ചെലവ് വിശദാംശം |
| 8 | 1.2.4 | സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ച പദ്ധതി ധനസഹായം |
| 9 | 1.2.5 | സർക്കാർ ഇതര പദ്ധതി ധനസഹായം |
| 10 | 1.2.6 | തനത് വരുമാനം |
| 11 | 1.2.7 | സർവ്വകലാശാലയുടെ തനത് ഫണ്ട്- വരവ് ചെലവ് വിവരങ്ങൾ |
| 12 | 1.2.8 | സ്ഥിര നിക്ഷേപങ്ങൾ |
| 13 | 1.2.9 | സാമ്പത്തിക നില |
| 14 | 1.2.10 | വിനിയോഗ സാക്ഷ്യപത്രങ്ങൾ |
| 15 | 1.2.11 | എൻഡോവ്മെന്റുകൾ/ചെയറുകൾ എന്നിവയുടെ വിവരം |
| 16 | 1.2.12 | ഇതര ഏജൻസികളുടെ ഓഡിറ്റ് വിവരം |
| 17 | 1.2.13 | പരീക്ഷാ വിഭാഗത്തിലെ കോൺഫിഡൻഷ്യൽ ഇനങ്ങൾ - ഓഡിറ്റിന് ലഭ്യമാക്കാത്തവയുടെ വിവരങ്ങൾ |
| 18 | 1.3 | ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 19 | 1.3.1 | സർവ്വകലാശാല സമിതികൾ നിയമാനുസൃതം യോഗം ചേരുന്നില്ല |

| | | |
|---|---|---|
| 20 | 1.3.2 | അക്കൗണ്ടിങ് സമ്പ്രദായം, ബഡ്ജറ്റ് അംഗീകരിക്കേണ്ട വിധം - റൂൾസ് തയ്യാറാക്കിയിട്ടില്ല |
| 21 | 1.3.3 | വാർഷിക കണക്കുകളിൽ ന്യൂനതകൾ |
| 22 | 1.3.4 | യൂണിവേഴ്സിറ്റി ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് കണക്കുകൾ - ട്രഷറി കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല, വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്നില്ല |
| 23 | 1.3.5 | ബാങ്കുകളിൽ നിക്ഷേപിച്ച 4,18,604/- രൂപയുടെ ചെക്ക് / ഡി.ഡി തുകകൾ വർഷങ്ങളായിട്ടും ക്രെഡിറ്റ് ആയിട്ടില്ല |
| 24 | 1.3.6 | ട്രഷറി അക്കൗണ്ടിൽ നിന്നും തുക തെറ്റായി കുറവു ചെയ്യൽ - നാളിതുവരെ പരിഹരിച്ചിട്ടില്ല |
| 25 | 1.3.7 | 2017-18, 2018-19 കാലഘട്ടങ്ങളിൽ ബാങ്ക് ചാർജ്ജസ് ഇനത്തിൽ തെറ്റായി ഈടാക്കിയ തുക തിരികെ ലഭിച്ചിട്ടില്ല |
| 26 | 1.3.8 | സർവ്വകലാശാല അഫിലിയേഷൻ പുനഃപരിശോധന - റീ-ഇൻസ്പെക്ഷൻ കംപ്ലയൻസ് ഫീസ് ഈടാക്കിയില്ല - 20,79,000/- രൂപ നഷ്ടം |
| 27 | 1.3.9 | എക്സാമിനർമാരുടെ കുറവ് - സ്ഥാപനങ്ങളിൽ നിന്നും ഫൈൻ ഈടാക്കിയിട്ടില്ല - 24,00,000/- രൂപ നഷ്ടം |
| 28 | 1.3.10 | യൂണിവേഴ്സിറ്റി ഫീസ് - ഈടാക്കുന്നതിലും രേഖപ്പെടുത്തുന്നതിലും ന്യൂനതകൾ |
| 29 | 1.3.11 | എക്സാം ഫീ - കോളേജുകൾ യഥാസമയം സർവ്വകലാശാലയിൽ അടവാക്കുന്നില്ല |
| 30 | 1.3.12 | യു.ജി.സി ശമ്പളം വാങ്ങുന്ന അദ്ധ്യാപകർക്ക് യു.ജി.സി നിർദ്ദേശം ലംഘിച്ച് പരീക്ഷാ ജോലികൾക്ക് പ്രതിഫലം നല്കുന്നു |
| 31 | 1.3.13 | പരീക്ഷാ ഡ്യൂട്ടിയ്ക്ക് നിയമിതരാകുന്ന സർവ്വകലാശാല ജീവനക്കാർക്ക് ചട്ട വിരുദ്ധമായി ആനുകൂല്യങ്ങൾ നല്കി |
| 32 | 1.3.14 | ഇവാല്യവേഷൻ ക്യാമ്പിൽ പങ്കെടുത്ത അധ്യാപകർക്ക് സർക്കാർ അംഗീകാരമില്ലാതെ ആനുകൂല്യങ്ങൾ നല്കി |
| 33 | 1.3.15 | ശീതികരണ സംവിധാനം - AMC കരാർ വ്യവസ്ഥകൾ പാലിക്കാത്ത സ്ഥാപനത്തിൻ സർവ്വീസ് ചാർജ്ജ് നല്കി - ചെലവ് അംഗീകരിക്കുന്നില്ല |

| | | |
|---|---|---|
| 34 | 1.3.16 | മഴവെള്ള സംഭരണി നിർമ്മാണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 35 | 1.3.17 | സ്കൂൾ ഓഫ് ഹെൽത്ത് പോളിസി & പ്ലാനിംഗ് കെട്ടിട നിർമ്മാണം - സർക്കാർ അനുമതി ഇല്ലാതെ തുക ചെലവഴിച്ചു, പൂർത്തീകരണ വിവരങ്ങൾ ഇല്ല |
| 36 | 1.3.18 | ഓഡിറ്റോറിയം - CPWD യ്ക്ക് 4.38 കോടി നല്കി 4 വർഷം കഴിഞ്ഞിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 37 | 1.3.19 | സിമുലേഷൻ ലാബ് - ലഭ്യമാക്കാത്ത ഉപകരണത്തിന്റെ വില തിരികെ ലഭിച്ചില്ല, സർക്കാർ ധനസഹായം ലഭിച്ചില്ല |
| 38 | 1.3.20 | അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ സർക്കാർ അംഗീകാരമില്ലാതെ കരാർ നിയമനം നടത്തുന്നു |
| 39 | 1.3.21 | ഓഡിറ്റ് റിപ്പോർട്ട് - ആവശ്യത്തിലധികം കോപ്പികൾ അച്ചടിച്ചു - പാഴ്ചെലവ് |
| 40 | 1.3.22 | ഫാക്കൽറ്റി എൻറോൾമെന്റ് പ്രോഗ്രാം കാര്യക്ഷമമല്ല - യോഗ്യതയില്ലാത്തവരെ എക്സാമിനർമാരായി നിയോഗിച്ചു |
| 41 | 1.3.23 | മുൻകുറുകൾ - ക്രമീകരിക്കുന്നതിൽ വീഴ്ച |
| 42 | 1.3.24 | അഫിലിയേഷൻ തുടർച്ചാനുമതി നല്കുന്നതിൽ അപാകങ്ങൾ |
| 43 | 1.3.25 | വൈദ്യശാസ്ത്ര ഗവേഷണത്തിൽ സർവ്വകലാശാല ശ്രദ്ധ ചെലുത്തുന്നില്ല |
| 44 | 1.3.26 | റീഫണ്ടബിൾ ഡെപ്പോസിറ്റ് - വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല |
| 45 | 1.3.27 | സർവ്വകലാശാലയിലെ ഭൂരിഭാഗം കെട്ടിടങ്ങൾക്കും ഗ്രാമപഞ്ചായത്തിൽ നിന്നും നമ്പർ ലഭിച്ചിട്ടില്ല |
| 46 | 1.3.28 | ആസ്തി രജിസ്റ്റർ ശരിയായി പരിപാലിച്ചിട്ടില്ല |
| **ഭാഗം 2– വരവ് കണക്കുകളുമായി ബന്ധപ്പെട്ട പ്രധാന ഓഡിറ്റ് നിരീക്ഷണങ്ങൾ** | | |
| 47 | 2.1 | സർവ്വകലാശാല അഫിലിയേഷൻ പുനഃപരിശോധന - റീ-ഇൻസ്പെക്ഷൻ കംപ്ലയൻസ് ഫീസ് ഈടാക്കിയില്ല – 20,79,000/- രൂപ നഷ്ടം |

| | | |
|---|---|---|
| 48 | 2.2 | എക്സാമിനർമാരുടെ കുറവ് - സ്ഥാപനങ്ങളിൽ നിന്നും ഫൈൻ ഈടാക്കിയിട്ടില്ല – 24,00,000/- രൂപ നഷ്ടം |
| ഭാഗം 3– ചെലവ് കണക്കുകളുമായി ബന്ധപ്പെട്ട പ്രധാന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 49 | 3.1 | യു.ജി.സി ശമ്പളം വാങ്ങുന്ന അദ്ധ്യാപകർക്ക് യു.ജി.സി നിർദ്ദേശം ലംഘിച്ച് പരീക്ഷാ ജോലികൾക്ക് പ്രതിഫലം നല്കുന്നു |
| 50 | 3.2 | പരീക്ഷാ ഡ്യൂട്ടിയ്ക്ക് നിയമിതരാകുന്ന സർവ്വകലാശാല ജീവനക്കാർക്ക് ചട്ട വിരുദ്ധമായി ആനുകൂല്യങ്ങൾ നല്കി |
| 51 | 3.3 | ശീതികരണ സംവിധാനം - AMC കരാർ വ്യവസ്ഥകൾ പാലിക്കാത്ത സ്ഥാപനത്തിന് സർവ്വീസ് ചാർജ്ജ് നല്കി - ചെലവ് അംഗീകരിക്കുന്നില്ല |
| ഭാഗം 4– ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും | | |
| 52 | 4.1 | ഓഡിറ്റ് ചാർജ്ജ് |
| 53 | 4.2 | ഓഡിറ്റ് പ്രത്യവലോകനം |
| 54 | 4.3 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 55 | അനുബന്ധം 1 | സർവ്വകലാശാല അധികാരസ്ഥാനങ്ങളുമായി ബന്ധപ്പെട്ടു നടന്ന യോഗങ്ങളുടെ വിശദാംശം |
| 56 | അനുബന്ധം 2 | സ്ഥിര നിക്ഷേപങ്ങൾ |

# ഭാഗം 1

# പൊതു അവലോകനം

## 1.1 പൊതുവായ വിവരങ്ങൾ

സർവ്വകലാശാലയുടെ സംഘടനാരൂപം, വിവിധ തരത്തിലുള്ള അനുബന്ധ സ്ഥാപനങ്ങളുടെ വിവരം, മറ്റ് പ്രസക്തമായ വിവരങ്ങൾ.



### 1.1.1 സർവ്വകലാശാലയുടെ സംഘടനാരൂപം

സർവ്വകലാശാലാ നിയമം 4-ാം വകുപ്പനുസരിച്ച് സർവ്വകലാശാലയുടെ ഘടന താഴെപറയും പ്രകാരമാണ്.




**(എ) സർവ്വകലാശാലയുടെ സ്ഥാപനങ്ങൾ**

1. കാലാകാലങ്ങളിൽ സർവ്വകലാശാല തീരുമാനിക്കുന്ന മേഖലകളിലെ പഠനത്തിനും ഗവേഷണത്തിനുമുള്ള സ്കൂളുകൾ.
2. സർവ്വകലാശാല നേരിട്ടു നടത്തുന്ന, അണ്ടർ ഗ്രാജ്വേറ്റും പോസ്റ്റ് ഗ്രാജ്വേറ്റും അദ്ധ്യാപനത്തിൽ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ള കോൺസ്റ്റിറ്റ്യൂവന്റ് കോളേജുകൾ.

**(ബി) അഫിലിയേറ്റ് ചെയ്ത കോളേജുകൾ**

സർക്കാർ മേഖലയിലും സ്വകാര്യ എയ്ഡഡ് അല്ലെങ്കിൽ അൺ എയ്ഡഡ് മേഖലകളിലായി സർവ്വകലാശാലയുടെ കീഴിൽ 2022-23 വർഷത്തിൽ 330 അഫിലിയേറ്റഡ് കോളേജുകൾ

പ്രവർത്തിക്കുന്നുണ്ട്. സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന അഫിലിയേറ്റഡ് കോളേജുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| അഫിലിയേറ്റഡ് സ്ഥാപനങ്ങൾ | എണ്ണം | | | |
|---|---|---|---|---|
| | ഗവൺമെന്റ് | എയ്ഡഡ് | സ്വാശ്രയം | ആകെ |
| മെഡിക്കൽ കോളേജുകൾ | 13 | 0 | 19 | 32 |
| ആയുർവ്വേദ കോളേജുകൾ | 3 | 2 | 12 | 17 |
| ഹോമിയോ മെഡിക്കൽ കോളേജുകൾ | 3 | 3 | 0 | 6 |
| ഡെന്റൽ കോളേജുകൾ | 6 | 0 | 19 | 25 |
| സിദ്ധ കോളേജുകൾ | 0 | 0 | 1 | 1 |
| യുനാനി കോളേജുകൾ | 0 | 0 | 1 | 1 |
| നഴ്സിംഗ് കോളേജുകൾ | 9 | 0 | 124 | 133 |
| പാരാമെഡിക്കൽ കോളേജുകൾ | 6 | 0 | 51 | 57 |
| ഫാർമസി കോളേജുകൾ | 5 | 0 | 53 | 58 |
| ആകെ | 45 | 5 | 280 | 330 |

**(സി) അംഗീകൃത സ്ഥാപനങ്ങൾ**

അംഗീകൃത സ്ഥാപനങ്ങൾ നിലവിൽ ഇല്ല.

## 1.1.2 സർവ്വകലാശാലയിലെ അധികാര സ്ഥാനങ്ങളും മറ്റു വിവരങ്ങളും

| |
|---|
| സെനറ്റ് |
| അക്കാദമിക്ക് കൗൺസിൽ |
| പരീക്ഷാ ബോർഡ് |
| പഠന ബോർഡ് |

| |
|---|
| ഫാക്കൽറ്റികൾ |
| ഫിനാൻസ് കമ്മിറ്റി |
| പ്ലാനിംഗ് കമ്മിറ്റി |
| റിസർച്ച് കൗൺസിൽ |
| യൂണിവേഴ്സിറ്റി ക്വാളിറ്റി അഷ്വറൻസ് കൗൺസിൽ |
| എത്തിക്സ് കമ്മിറ്റി |
| സ്റ്റുഡൻസ് കൗൺസിൽ |
| സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന മറ്റു നികായങ്ങൾ |

*(സർവ്വകലാശാലയിലെ വിവിധ സമിതികളുമായി ബന്ധപ്പെട്ട നടന്ന യോഗങ്ങളുടെ വിശദാംശം **അനുബന്ധം 1** ആയി ചേർത്തിട്ടുണ്ട്).*

## 1.2 ധനകാര്യം

### 1.2.1 ബജറ്റ്

2022-23 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് ചുവടെ ചേർക്കും പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | **ഫിനാൻസ് കമ്മിറ്റി ശുപാർശ (നം./ തീയ്യതി)** | **ഗവേണിങ്ങ് കൗൺസിൽ അംഗീകാരം (നം./ തീയ്യതി)** |
|---|---|---|
| ബജറ്റ് എസ്റ്റിമേറ്റ് | 54.6.1/27-12-2021 | 67.34/30-12-2021 |
| പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് | 58.2/21-12-2022 | 72.43/27-12-2022 |

ബജറ്റ് എസ്റ്റിമേറ്റ്, പരിഷ്കരിച്ച ബജറ്റ് എസ്റ്റിമേറ്റ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വരവ് | | ചെലവ് | |
|---|---|---|---|---|
| | ബജറ്റ് എസ്റ്റിമേറ്റ് | പരിഷ്കരിച്ച ബജറ്റ് എസ്റ്റിമേറ്റ് | ബജറ്റ് എസ്റ്റിമേറ്റ് | പരിഷ്കരിച്ച ബജറ്റ് എസ്റ്റിമേറ്റ് |
| നോൺപ്ലാൻ | 98,31,16,900 | 94,27,90,000 | 85,93,62,000 | 77,30,03,180 |
| പ്ലാൻ | 29,92,35,300 | 12,00,00,000 | 45,58,85,300* | 27,66,50,000 |
| **ആകെ** | **1,28,23,52,200** | **1,06,27,90,000** | **1,31,52,47,300** | **1,04,96,53,180** |

*{*സർവകലാശാല ഹാജരാക്കിയ ബജറ്റ് രേഖകൾ പ്രകാരം ബജറ്റ് എസ്റ്റിമേറ്റ് ചെലവ് തുക 42,08,85,300 രൂപയാണ്. എന്നാൽ U.O.No.3/2022/finance/KUHS/dtd.02.04.2022 പ്രകാരം 'Part II (C)-Plan-03-5007-02-Purchase of Simulation Equipments' എന്ന ഹെഡ് ഓഫ് അക്കൗണ്ട് പുതുതായി സൃഷ്ടിച്ച് 3,50,00,000/- രൂപ കൂടി ഉൾപ്പെടുത്തി ബജറ്റ് എസ്റ്റിമേറ്റ് പുതുക്കിയിട്ടുള്ളതാണ്.}*

### 1.2.2 വാർഷിക ധനകാര്യപത്രിക ലഭിച്ചതിന്റെ വിവരങ്ങൾ

| വാർഷിക ധനകാര്യപത്രിക സർവ്വകലാശാല അംഗീകരിച്ച തീയതി | വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് ലഭിക്കേണ്ടിയിരുന്ന തീയതി | വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് ലഭിച്ച തീയതി |
|---|---|---|
| 29.07.2023 | 31.07.2023 | 08.08.2023 |

### 1.2.3 വാർഷിക കണക്ക് പ്രകാരമുള്ള വരവ് ചെലവ് വിശദാംശം

| ഭാഗം | വരവ് | | ചെലവ് | |
|---|---|---|---|---|
| | ഗ്രാന്റ് | തനത് ഫണ്ട് | ഗ്രാന്റ് | തനത് ഫണ്ട് |
| 1. പദ്ധതിയിതരം | 3,54,20,000.00 | 1,04,11,98,238.25 | 3,54,20,000.00 | 54,79,48,381.76 |
| 2. പദ്ധതി | 70,82,740.00 | | 70,82,740.00 | 29,75,83,524.00 |
| 3. ഇയർമാർക്ക്ഡ് ഫണ്ടുകൾ | | | | |
| 4. ഋണശീർഷകം | | 6,31,80,947.00 | 1,25,98,354.88 | |
| ആകെ | 4,25,02,740.00 | 1,10,43,79,185.25 | 5,51,01,094.88 | 84,55,31,905.76 |
| ആകെ വരവ് /ചെലവ് | 1,14,68,81,925.25 | | 90,06,33,000.64 | |

## 1.2.4 സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ച പദ്ധതി ധനസഹായം

| ക്രമ നം. | സർക്കാർ ഉത്തരവ് നം./തീയതി | ഇനം | തുക (₹) (ലക്ഷത്തിൽ) | ചെലവഴിച്ച തുക (₹) (ലക്ഷത്തിൽ) | | ബാക്കി തുക (₹) (ലക്ഷത്തിൽ) |
|---|---|---|---|---|---|---|
| | | | | സർക്കാരിൽ സമർപ്പിച്ച കണക്ക് | യഥാർത്ഥ കണക്ക് | |
| 1 | ജി.ഒ.(ആർ.ടി) നം. 1807/2022/ H&FWD. തീയതി:27/07/2022 | Setting up fully equipped laboratory under SFRA | 223.827 | 48.27584 | 48.27584 | |
| | | Construction of compound wall | | | | |
| 2 | ജി.ഒ.(ആർ.ടി) നം. 660/2023/ H&FWD. തീയതി:20/03/2023 | Construction of building for SFRA Phase IV | 112.5 | 14.58803 | 14.58803 | **273.46** |
| | **ആകെ** | | **336.33** | **62.86387** | **62.86387** | |

*(ബാലൻസ് തുകയായ ₹2,73,46,313/- മെഡിക്കൽ കോളേജ് സബ് ട്രഷറിയിലെ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ PST SB A/c. No. 799012700000226-ൽ നിന്നും ഗവൺമെന്റ് 31.03.2023 ന് പിൻവലിച്ചു)*

## 1.2.5 സർക്കാർ ഇതര പദ്ധതി ധനസഹായം

### 1.2.5.1 യു.ജി.സി ധനസഹായം

തൻവർഷം ഈയിനത്തിൽ വരവില്ല

### 1.2.5.2 പ്രത്യേക ആവശ്യങ്ങൾക്കുള്ള ധനസഹായം

തൻവർഷം ഈയിനത്തിൽ വരവില്ല

### 1.2.5.3 മറ്റ് ഫണ്ടിംഗ് ഏജൻസികളിൽ നിന്നുള്ള ധനസഹായം

തൻവർഷം ഈയിനത്തിൽ വരവില്ല

### 1.2.6 തനത് വരുമാനം

ഓഡിറ്റ് വർഷം സർവ്വകലാശാലയുടെ തനതു വരുമാനത്തിൽ മുൻവർഷത്തേക്കാൾ 46.66% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ.

| തനത് വരവിനം | മുൻവർഷം (2021-22) | തൻവർഷം (2022-23) | മുൻവർഷത്തെ അപേക്ഷിച്ച് തൻവർഷ വരവ് വ്യത്യാസം |
|---|---|---|---|
| അക്കാദമിക് ഫീസ് | 14,49,49,599.00 | 36,79,86,079.00 | (+) 22,30,36,480.00 (+ 153.87%) |
| പരീക്ഷാഫീസ് | 30,62,23,189.00 | 39,67,44,108.00 | (+) 9,05,20,919.00 (+ 29.56%) |
| അഫിലിയേഷൻ ഫീസ് | 9,56,60,625.00 | 12,28,54,800.00 | (+) 2,71,94,175.00 (+ 28.43%) |
| പലിശ വരവ് | 15,84,37,190.00 | 14,87,16,849.25 | (-) 97,20,340.75 (- 6.14%) |
| മറ്റ് വരവുകൾ | 40,02,049.50 | 39,47,439.00 | (- ) 54,610.50 (- 1.36%) |
| സർവ്വകലാശാലയുടെ കീഴിലുള്ള മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള വരവുകൾ | 6,74,977.00 | 9,48,963.00 | (+) 2,73,986.00 (+ 40.59%) |
| **ആകെ** | 70,99,47,629.50 | 1,04,11,98,238.25 | (+) 33,12,50,608.75 (+ 46.66%) |

ട്രഷറിയിലെ സ്ഥിര നിക്ഷേപത്തിന്റെ പലിശ നിരക്കിലുണ്ടായ വ്യത്യാസം മൂലമാണ് 2022-23 സാമ്പത്തികവർഷത്തിൽ പലിശയിനത്തിൽ ലഭിച്ച തുക 2021-22 സാമ്പത്തികവർഷത്തെ അപേക്ഷിച്ച് കുറവുണ്ടാകാൻ കാരണം. 366 ദിവസം മുതൽ 2 വർഷം വരെയുള്ള കാലയളവിലേയ്ക്ക് നടത്തുന്ന സ്ഥിരനിക്ഷേപങ്ങൾക്ക് 31.01.2021 വരെ 8.5% പലിശയും 01.02.2021 മുതൽ 6.4% പലിശയും ആണ് ലഭിച്ചിട്ടുള്ളത്.

### 1.2.7 സർവ്വകലാശാലയുടെ തനത് ഫണ്ട് – വരവ് ചെലവ് വിവരങ്ങൾ

2022-23 സാമ്പത്തികവർഷത്തെ സർവ്വകലാശാലയുടെ തനത് ഫണ്ട് - വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വരവ് | | |
|---|---|---|
| ക്രമ നം. | ഇനം | തുക |
| 1 | അക്കാദമിക് ഫീസ് | 36,79,86,079.00 |
| 2 | പരീക്ഷാ ഫീസ് | 39,67,44,108.00 |
| 3 | അഫിലിയേഷൻ ഫീസ് | 12,28,54,800.00 |
| 4 | പലിശ | 14,87,16,849.25 |
| 5 | മറ്റു വരവുകൾ | 39,47,439.00 |
| 6 | സ്വാശ്രയ സ്ഥാപനങ്ങൾ | -- |
| 7 | ഘടകസ്ഥാപനങ്ങളിൽ നിന്നുള്ള വരവ് | 9,48,963.00 |
| 8 | സർക്കാർ ഗ്രാന്റ് - നോൺ പ്ലാൻ | 3,54,20,000.00 |

| ചെലവ് | | | |
|---|---|---|---|
| ക്രമ നം. | ഇനം | | തുക |
| 1 | ശമ്പളം & ഹോണറേറിയം | സ്ഥിരം | 17,52,29,669.00 |
| | | കരാർ | 1,51,25,159.00 |
| | | ദിവസവേതനം | 1,59,84,015.00 |
| 2 | പെൻഷൻ | | 96,65,501.00 |
| 3 | പരീക്ഷാ നടത്തിപ്പ് | | 32,28,10,835.00 |
| 4 | അക്കാദമിക് ചെലവുകൾ | | 45,77,370.64 |
| 5 | ഭരണചെലവുകൾ | | 3,60,26,282.00 |
| 6 | വിദ്യാർത്ഥിക്ഷേമം | | 16,93,453.00 |
| 7 | പൊതുമരാമത്ത് | | 29,48,88,057.00 |

| | | |
|---|---|---|
| 8 | ഘടകസ്ഥാപനങ്ങൾ | 1,20,34,304.12 |

## 1.2.8 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2,22,30,00,000.00 |
| തൻവർഷം നിക്ഷേപിച്ച തുക | 27,00,00,000.00 |
| ആകെ | 2,49,30,00,000.00 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 2,49,30,00,000.00 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ സംക്ഷിപ്തവിവരം</u>

| **ക്രമ നം.** | **സ്ഥാപനം** | **സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകളുടെ എണ്ണം** | **സ്ഥിരനിക്ഷേപത്തിന്റെ മൂല്യം** |
|---|---|---|---|
| 1 | ട്രഷറി | 219 (തൻവർഷം പുതിയതായി നിക്ഷേപിച്ച 27 നിക്ഷേപങ്ങൾ ഉൾപ്പെടെ) | 2,49,30,00,000.00 |
| 2 | ട്രഷറി | 1 (ജയറാം പണിക്കർ എൻഡോവ്മെന്റ്) | 3,00,000.00 |

*സ്ഥിരനിക്ഷേപത്തിന്റെ വിവരങ്ങൾ **അനുബന്ധം 2** ആയി ചേർത്തിട്ടുണ്ട്.*

## 1.2.9 സാമ്പത്തികനില

| | |
|---|---|
| **മുന്നിരിപ്പ്** | 2,42,68,90,635.37 |
| **വരവ്** | 1,14,68,81,925 |
| **ആകെ** | 3,57,37,72,560.37 |
| **ചെലവ്** | 90,06,33,000.60 |
| **നീക്കിയിരിപ്പ്** | 2,67,31,39,559.77 |

*(AIMS ൽ സമർപ്പിച്ചരിക്കുന്ന വാർഷിക കണക്കിലെ നീക്കിയിരിപ്പ് 2,07,31,39,559.98 രൂപയാണ് . നീക്കിയിരിപ്പ് തുക മാത്രം AIMS ൽ നല്കുന്നതിൽ Typing error സംഭവിച്ചിട്ടുണ്ട് . മറ്റ് കണക്കുകളിൽ വ്യത്യാസമില്ല.)*

### 1.2.10 വിനിയോഗ സാക്ഷ്യപത്രങ്ങൾ

തൻവർഷം നൽകിയ വിനിയോഗ സാക്ഷ്യപത്രങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫണ്ടിംഗ് ഏജൻസിയുടെ ഉത്തരവ് നം./തീയതി | ലഭിച്ച ധന സഹായം (ലക്ഷ ത്തിൽ) | വിനിയോഗിച്ച തുക (ലക്ഷ ത്തിൽ) | ഉദ്ദേശ്യം | വിനിയോഗ സാക്ഷ്യപത്രം നം./നൽകിയ തിയ്യതി | പദ്ധതി/ പ്രത്യേക ഉദ്ദേശം | പദ്ധതി കാലയളവ്/ വിനിയോഗ കാലയളവ് |
|---|---|---|---|---|---|---|---|
| 1 | ജി.ഒ (ആർ.ടി) നം. 1680/2022/H&FWD തിയ്യതി.12/07/2022 | 217.8 | 217.8 | നോൺ പ്ലാൻ സാലറി | 13.10.2022 | നോൺ പ്ലാൻ സാലറി | 2022-23 |
| 2 | ജി.ഒ (ആർ.ടി) നം. 1743/2022/H&FWD തിയ്യതി.21.07.2022 | 136.4 | 136.4 | നോൺ പ്ലാൻ – നോൺ സാലറി | 13.10.2022 | നോൺ പ്ലാൻ- നോൺ സാലറി | 2022-23 |

പ്ലാൻ ഇനത്തിൽ ലഭിച്ച ആകെ തുകയായ 336.327 ലക്ഷം രൂപയിൽ 62.86387 ലക്ഷം രൂപ Setting up of fully equipped laboratory under SFRA, Construction of building for SFRA Phase IV എന്നീ പദ്ധതിയുടെ നടത്തിപ്പിനായി 2022-23 സാമ്പത്തികവർഷത്തിൽ വിനിയോഗിച്ചിട്ടുണ്ട്. പദ്ധതികൾ മൊത്തമായി പൂർത്തീകരിക്കുന്നമുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം സർക്കാരിലേയ്ക്ക് നൽകുന്നതാണ് എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

### 1.2.11 എൻഡോവ്മെന്റുകൾ / ചെയറുകൾ എന്നിവയുടെ വിവരം

| എൻഡോവ്മെന്റിന്റെ പേര്/ഉദ്ദേശ്യം | ഫിക്സഡ് ഡെപ്പോസിറ്റ് നം./തീയതി | തുക | അഭിപ്രായം |
|---|---|---|---|
| ഡോ. ജയറാം പണിക്കർ എൻഡോവ്മെന്റ് അവാർഡ് (രണ്ടാം വർഷ എംബി ബിഎസ് മൈക്രോ ബയോളജി പരീക്ഷയിൽ ഒന്നാമതെത്തുന്ന വിദ്യാർത്ഥിക്ക്) | 40887923362 തീയതി: 31.03.2022 | 3,00,000.00 | 25,000 രൂപയാണ് അവാർഡ് തുക. സ്ഥിരനിക്ഷേപത്തിന്റെ പലിശ തുകയാണ് അവാർഡ് തുകയായി നൽകുന്നത്. പലിശ തുക പര്യാപ്തമല്ലാത്ത സാഹചര്യത്തിൽ ഗ്രാന്ററായ സി.കെ. ഫൗണ്ടേഷൻ ബാക്കി തുക സർവ്വകലാശാലയുടെ ജനറൽ ഫണ്ടിലേയ്ക്ക് ഒടുക്കിവരുന്നു. |

### 1.2.12 ഇതര ഏജൻസികളുടെ ഓഡിറ്റ് വിവരം

| ഓഡിറ്റ് നടത്തിയ ഏജൻസി | ഓഡിറ്റ് നടത്തിയ കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|
| പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള | 01.09.2020 മുതൽ 31.05.2022 വരെ | 04.08.2022 |
| - ടി - | 01.06.2022 മുതൽ 31.10.2023 വരെ | 22.12.2023 |

### 1.2.13 പരീക്ഷാ വിഭാഗത്തിലെ കോൺഫിഡൻഷ്യൽ ഇനങ്ങൾ - ഓഡിറ്റിന് ലഭ്യമാക്കാത്തവയുടെ വിവരങ്ങൾ

ഗവേണിംഗ് കൗൺസിലിന്റെ 25.7.2020 ലെ 60-ാമത് യോഗത്തിൽ (U.O.No.66/2020, Exam 11.8.2020) പരീക്ഷയെ സംബന്ധിക്കുന്ന രേഖകളെ രഹസ്യ സ്വഭാവമുള്ളവയായി പരിഗണിച്ച് തീരുമാനമെടുത്തിട്ടുണ്ട്. തന്മൂലം പ്രസ്തുത രേഖകളെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് ഓഡിറ്റിന് നിർവ്വാഹമില്ല. ആയതിനാൽ അത്തരം വിഷയങ്ങളിൽ

സർവ്വകലാശാല സ്വീകരിക്കുന്ന നടപടികളിൽ ഓഡിറ്റ് വിഭാഗത്തിന് ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല. രഹസ്യ സ്വഭാവമുള്ള രേഖകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. The files & registers containing the details of Question Paper setters, Question Paper Scrutinizers, Examiners, Evaluators
2. The files, registers and minutes of Exam Committees, Pass board
3. The Tabulation Register
4. The remuneration registers in respect of Question Paper setters.
5. The details Processing of Answer books before the conduct of evaluation process
6. The details of despatch of Theory Answer books of PG Courses for Evaluation
7. Details of Thesis Evaluators
8. The details of the security features incorporated in the printed Answer Books, Certificate and Marklists.
9. The mark secured by a candidate both in theory and practical examinations his/her attendance, marks in internal exams and such other details are confidential and these information cannot be disclosed to any one other than the candidate.
10. The files and registers relating to result processing, re-totalling fresh valuation etc. and such other files and Registers as may be ordered confidential from time to time. In case of any dispute, the particular item may be decided and settled on a case to case basis
11. CCTV recordings of conducts of Theory Examinations at affiliated colleges
12. M&LEC Minutes and related registers.

## 1.3 ഓഡിറ്റ് നിരീക്ഷണങ്ങൾ

### 1.3.1 സർവ്വകലാശാല സമിതികൾ നിയമാനുസൃതം യോഗം ചേരുന്നില്ല

സർവ്വകലാശാലയിലെ വിവിധ സമിതികൾ സർവ്വകലാശാല നിയമം 2010 അനുശാസിക്കും പ്രകാരം യോഗം ചേരുന്നതായി കാണുന്നില്ല. നിയമപ്രകാരം പ്ലാനിംഗ് കമ്മിറ്റി വർഷത്തിൽ 3 തവണയും, സ്റ്റുഡന്റ്സ് കൗൺസിൽ വർഷത്തിൽ 2 തവണയും ചേരേണ്ടതുണ്ടെങ്കിലും ഓഡിറ്റ് വർഷം

ഇവ ഒരുതവണ പോലും ചേർന്നിട്ടില്ല. അതുപോലെ യൂണിവേഴ്സിറ്റി എത്തിക്സ് കമ്മറ്റി 3 മാസത്തിലൊരിക്കൽ വീതം യോഗം ചേരണം, എന്നാൽ ഓഡിറ്റ് വർഷം കേവലം ഒരുതവണ (3.9.2022) മാത്രമാണ് ചേർന്നിട്ടുള്ളത് (സർവ്വകലാശാല സമിതികളുമായി ബന്ധപ്പെട്ടു നടന്ന യോഗങ്ങളുടെ വിശദാംശം **അനുബന്ധം 1** ആയി ചേർത്തിട്ടുണ്ട്). എല്ലാ സർവ്വകലാശാല സമിതികളും നിയമാനുസൃതം യോഗം ചേർന്ന് കർത്തവ്യം നിർവ്വഹിക്കേണ്ടതാണ്.

### 1.3.2 അക്കൗണ്ടിങ് സമ്പ്രദായം, ബഡ്ജറ്റ് അംഗീകരിക്കേണ്ട വിധം – റൂൾസ് തയ്യാറാക്കിയിട്ടില്ല

2010 ലെ സർവ്വകലാശാല നിയമം, വകുപ്പ് 40 (2)(xxi) പ്രകാരം അക്കൗണ്ടിംഗ് സമ്പ്രദായവും ബജറ്റ് തയ്യാറാക്കി അംഗീകരിക്കേണ്ട വിധവും സ്റ്റാറ്റ്യൂട്ടിനാൽ വ്യവസ്ഥ ചെയ്യപ്പെടേണ്ടതാണ്. സർവ്വകലാശാലയുടെ ആദ്യ സ്റ്റാറ്റ്യൂട്ട് എസ്.ആർ.ഒ.നം. 112/19 (ജി.ഒ (പി) നം. 3/19/ഹെൽത്ത് & ഫാമിലി വെൽഫെയർ ഡിപ്പാർട്ട്മെന്റ് തിയ്യതി 06.02.2019) പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആദ്യ സ്റ്റാറ്റ്യൂട്ടിലെ ക്ലോസ് 250 പ്രകാരം ആവശ്യമായ റൂൾസും, ഓർഡേഴ്സും പുറപ്പെടുവിക്കാനുള്ള അധികാരം ഗവേണിങ് കൗൺസിലിൽ നിക്ഷിപ്തമാണ്. എന്നാൽ നാളിതുവരെ ഇത് സംബന്ധിച്ച റൂൾ തയ്യാറാക്കിയിട്ടില്ല.

സർവ്വകലാശാല ഓരോ വർഷവും അക്കൗണ്ടിംഗ് പോളിസി തയ്യാറാക്കി വാർഷിക കണക്ക് തയ്യാറാക്കുകയാണ് ചെയ്യുന്നത്. 2010-11 മുതൽക്ക് അക്രൂവൽ സമ്പ്രദായത്തിലാണ് വാർഷിക കണക്ക് തയ്യാറാക്കിയിട്ടുള്ളത്. സർവ്വകലാശാലയിൽ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ - "യൂണിവേഴ്സിറ്റി സ്യൂട്ട് ", 2013-14 മുതൽ നിലവിൽ വന്നിട്ടുണ്ട്.

സർവ്വകലാശാലയുടെ അടിസ്ഥാന രജിസ്റ്ററുകൾ, സാമ്പത്തിക ഇടപാടുകളുടെ രേഖപ്പെടുത്തലുകൾ, വാർഷിക കണക്ക് തയ്യാറാക്കൽ എന്നിവ ഉൾക്കൊള്ളുന്ന വിശദമായ അക്കൗണ്ടിംഗ് ചട്ടങ്ങൾ രൂപപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. വിഷയത്തിൽ ഗവേണിംഗ് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 1.3.3 വാർഷിക കണക്കുകളിൽ ന്യൂനതകൾ

സർവ്വകലാശാലയുടെ 2022-23 ലെ വാർഷിക കണക്കുകളിൽ ചില ന്യൂനതകൾ ഉള്ളതായി കാണപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

#### എ) വാർഷിക കണക്കിനോടൊപ്പം ഡിമാന്റ് – കളക്ഷൻ – ബാലൻസ് പത്രികകൾ ലഭ്യമാക്കിയിട്ടില്ല

സ.ഉ. (കൈ) നം.79/2017/ധന. തീയതി 14.2.2017 അനുസരിച്ച് കേരളത്തിലെ എല്ലാ സർവ്വകലാശാലകളുടെയും വാർഷിക കണക്കുകൾ AIMS ലൂടെ ഓഡിറ്റിനു സമർപ്പിക്കുന്നതോ

ടൊപ്പം 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം എന്നിവ അനുശാസിക്കുന്ന പ്രകാരവും കെ.എഫ്.സി വാല്യം1, ആർട്ടിക്കിൾ 209, 210 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും വാർഷിക ധനകാര്യപത്രിക ഏകീകൃത ഫോർമാറ്റിൽ നിർബന്ധമായും സമർപ്പിക്കേണ്ടതാണെന്ന് പറയുന്നു. 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 15(1) (സി) പ്രകാരം സർവ്വകലാശാല ഓഡിറ്റിന് സമർപ്പിക്കേണ്ട വാർഷികകണക്കുകളിൽ താഴെ പറയുന്ന സ്റ്റേറ്റ്മെന്റുകൾ ഉൾപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

1. A Demand Collection Balance statement of examination fees
2. A Demand Collection Balance statement of University Union Fees and sports affiliation fees collected by the Principals of affiliated colleges and remitted to University fund.

എന്നാൽ മുൻവർഷങ്ങളിലെപ്പോലെ 2022-23 ലെ വാർഷിക കണക്കിനോടൊപ്പവും ഡിമാന്റ് കളക്ഷൻ ബാലൻസ് പത്രികകൾ സമർപ്പിച്ചിട്ടില്ല.

**ബി) എല്ലാ അക്കൗണ്ടുകളുടെയും വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല**

ചുവടെ ചേർക്കുന്ന ബാങ്ക് / ട്രഷറി അക്കൗണ്ടുകളുടെ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾ പ്പെടുത്തിയിട്ടില്ല.

| ക്രമ നം. | അക്കൗണ്ട് നം. ബാങ്ക്/ട്രഷറി | ഉദ്ദേശ്യം | വരവ് ചെലവ് സംക്ഷിപ്തം | |
|---|---|---|---|---|
| 1 | 34397307743 (എസ്.ബി.ഐ. കുഹാസ് ബ്രാഞ്ച്) | ഗവേഷണ ആവശ്യങ്ങൾക്ക് | മുന്നിരിപ്പ് | 167396.25 |
| | | | വരവ് | 4565.00 |
| | | | ചെലവ് | 0 |
| | | | നീക്കിയിരിപ്പ് | 171961.25 |
| 2 | 33725005252 (സേവിങ്ങ്സ് അക്കൗണ്ട്, എസ്.ബി.ഐ. കുഹാസ് ബ്രാഞ്ച്) | എൻ.എസ്.എസ്. ഗ്രാന്റ് കൈകാര്യം ചെയ്യുന്നതിന് | മുന്നിരിപ്പ് | 1436617.00 |
| | | | വരവ് | 73408.00 |
| | | | ചെലവ് | 407129.00 |
| | | | നീക്കിയിരിപ്പ് | 1102896.00 |

| | | | | |
|---|---|---|---|---|
| 3 | 37939700901 (കറന്റ് അക്കൗണ്ട്, എസ്.ബി.ഐ. കുഹാസ് ബ്രാഞ്ച്) | എൻ.എസ്.എസ്. ഓഫീസിന്റെ അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ കൈകാര്യം ചെയ്യുന്നതിന് | മുന്നിരിപ്പ് | 2565621.57 |
| | | | വരവ് | 323746.00 |
| | | | ചെലവ് | 116261.00 |
| | | | നീക്കിയിരിപ്പ് | 2773106.57 |
| 4 | 41525904787 (സി എൻ എ കറന്റ് അക്കൗണ്ട് എസ്.ബി.ഐ. കുഹാസ് ബ്രാഞ്ച്) | എൻ.എസ്.എസ്. ഗ്രാന്റ് കൈകാര്യം ചെയ്യുന്നതിന് കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം തനതുവർഷം തുടങ്ങിയത് | മുന്നിരിപ്പ് | ഇല്ല |
| | | | വരവ് | 248000.00 |
| | | | ചെലവ് | 248000.00 |
| | | | നീക്കിയിരിപ്പ് | ഇല്ല |
| 5 | 37853694970 (എസ്.ബി.ഐ. തൃപ്പൂണിത്തുറ) | SFRA തൃപ്പൂണിത്തുറയുടെ ദൈനംദിന ആവശ്യങ്ങൾക്ക് | മുന്നിരിപ്പ് (as on 01.04.2022 | 15508.00 |
| | | | വരവ് | 314461.00 |
| | | | ചെലവ് | 324472.00 |
| | | | നീക്കിയിരിപ്പ് | 5497.00 |
| 6 | 38447113936 (എസ്.ബി.ഐ. തൃപ്പൂണിത്തുറ) | SFRA പ്രൊജക്റ്റ് ആവശ്യങ്ങൾക്ക് | മുന്നിരിപ്പ് | 5552.83 |
| | | | വരവ് | 79938.00 |
| | | | ചെലവ് | 80587.00 |
| | | | നീക്കിയിരിപ്പ് | 4903.83 |
| 7 | 41174240245 (എസ്.ബി.ഐ., മെഡിക്കൽ കോളേജ്, കോഴിക്കോട്) | സ്കൂൾ ഓഫ് ഫാമിലി ഹെൽത്ത് സ്റ്റഡീസ്, കോഴിക്കോട് - ദൈനംദിന ആവശ്യങ്ങൾക്ക് | മുന്നിരിപ്പ് | -- |
| | | | വരവ് | 10147/- (10000/- KUHS ൽ നിന്ന് ചെക്ക് മുഖേനയും 147/- രൂപ പലിശ യിനത്തിലും |
| | | | ചെലവ് | -- |
| | | | നീക്കിയിരിപ്പ് | 10147.00 |

| | | | | |
|---|---|---|---|---|
| 8 | 37853871815 (എസ്.ബി.ഐ. തിരുവനന്തപുരം സിറ്റി) | സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത് - ദൈനംദിന ആവശ്യങ്ങൾക്ക് | മുന്നിരിപ്പ് | 20608.45 |
| | | | വരവ് | 468037.00 |
| | | | ചെലവ് | 456728.5 |
| | | | നീക്കിയിരിപ്പ് | 31916.95 |
| 9 | 40052117294 (എസ്.ബി.ഐ. തിരുവനന്തപുരം സിറ്റി) | KUHS Project – Breast feeding rate and determinants | മുന്നിരിപ്പ് | 137305.37 |
| | | | വരവ് | 408994.00 |
| | | | ചെലവ് | 324791.00 |
| | | | നീക്കിയിരിപ്പ് | 221508.37 |
| 10 | 40799942013 (എസ്.ബി.ഐ. തിരുവനന്തപുരം സിറ്റി) | KUHS Project – Capacity builidng for strengthening management | മുന്നിരിപ്പ് | 239905.46 |
| | | | വരവ് | 245095.00 |
| | | | ചെലവ് | 300648.54 |
| | | | നീക്കിയിരിപ്പ് | 184351.92 |
| 11 | 40700761154 (എസ്.ബി.ഐ. തിരുവനന്തപുരം സിറ്റി) | KUHS Project – Professional health workforce kerala | മുന്നിരിപ്പ് | 270029.49 |
| | | | വരവ് | 308671.00 |
| | | | ചെലവ് | 305042.00 |
| | | | നീക്കിയിരിപ്പ് | 273658.49 |
| 12 | 40598768176 (എസ്.ബി.ഐ. കുഹാസ് ബ്രാഞ്ച്) | Research project – Development and validation of a composite scale to asses healthy ageing and to develop an inter-disciplinary guideline on healthy ageing in Kerala | മുന്നിരിപ്പ് | 289288.00 |
| | | | വരവ് | 512428.00 |
| | | | ചെലവ് | 392636.50 |
| | | | നീക്കിയിരിപ്പ് | 409079.5 |
| 13 | 36272021387 (എസ്.ബി.ഐ. കുഹാസ് ബ്രാഞ്ച്) | ഡീൻ അക്കാദമിക് ഓഫീസ് ആവശ്യങ്ങൾക്കായി | മുന്നിരിപ്പ് | 15404.25 |
| | | | വരവ് | 132361.00 |
| | | | ചെലവ് | 147483.25 |
| | | | നീക്കിയിരിപ്പ് | 282.00 |

| | | | | |
|---|---|---|---|---|
| 14 | 32644539099 (എസ്.ബി.ഐ. കുഹാസ് ബ്രാഞ്ച്) | സർവ്വകലാശാല കായിക കലാമത്സരങ്ങൾക്കുള്ള ചെലവുകൾ | മുന്നിരിപ്പ് | 28038.21 |
| | | | വരവ് | 7368964.00 |
| | | | ചെലവ് | 6856386.00 |
| | | | നീക്കിയിരിപ്പ് | 540616.21 |
| 15 | 799010100141581 (സബ് ട്രഷറി മെഡിക്കൽ കോളേജ്) | സർവ്വകലാശാല ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് | മുന്നിരിപ്പ് | 41126854.00 |
| | | | വരവ് | 16951409.00 |
| | | | ചെലവ് | 8622638.00 |
| | | | നീക്കിയിരിപ്പ് | 49455625 |

ടി അക്കൗണ്ടുകൾ കൂടാതെ CE's parking A/C no. 33709421465, Exam Finance parking A/c no. 32212622786 എന്നീ പാർക്കിംഗ് അക്കൗണ്ടുകളിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം യഥാക്രമം 3494/-, 205974/- എന്നിങ്ങനെ ബാലൻസ് ഉണ്ട്. ഈ അക്കൗണ്ടുകളുടെ വിവരങ്ങളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### സി) മുൻകൂറുകളുടെ രേഖപ്പെടുത്തലിൽ ന്യൂനതകൾ

മുൻകൂറുകളുടെ രേഖപ്പെടുത്തലുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന ന്യൂനതകൾ കാണുന്നു.

i) മുൻകൂർ രജിസ്റ്റർ ശരിയായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല

വാർഷിക കണക്കിന്റെ ഷെഡ്യൂൾ 9 പ്രകാരം 31.03.2023 ന് താഴെ പറയുന്ന മുൻകൂറുകൾ ക്രമീകരിക്കാനുള്ളതായി കാണുന്നു. എന്നാൽ ഈ തുകകളുടെ കൃത്യത ഉറപ്പാക്കുന്ന വിധത്തിൽ മുൻ കൂർ രജിസ്റ്ററുകളിൽ കൃത്യവും പൂർണ്ണവുമായ രേഖപ്പെടുത്തലുകൾ വരുത്തി ഡി.സി.ബി തയ്യാറാക്കി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഇനം | വാർഷിക കണക്കിന്റെ ഷെഡ്യൂൾ 9 പ്രകാരം തുക |
|---|---|---|
| 1 | ഡീൻ റിസർച്ച് | 100500.00 |
| 2 | ഡീൻ സ്റ്റുഡന്റ് അഫയർ | 6679030.00 |
| 3 | മറ്റ് സ്റ്റാഫ് | 609654.00 |
| 4 | അഡ്വാൻസ് ടു സപ്ലൈയേഴ്സ് | 34826662.00 |
| 5 | പെമനെന്റ് അഡ്വാൻസ് ഫോർ റെമ്യൂണറേഷൻ-SHPP | 30000.00 |

| | | |
|---|---|---|
| 6 | Conduct of Exam- ആയുർവ്വേദ | 1271000.00 |
| 7 | Conduct of Exam - ഡെന്റൽ | 1331194.00 |
| 8 | Conduct of Exam- ഹോമിയോ | 598089.00 |
| 9 | Conduct of Exam-മെഡിക്കൽ | 7308196.00 |
| 10 | Conduct of Exam-നഴ്സിംഗ് | 762525.00 |
| 11 | Conduct of Exam- ഫാർമസി | 4141991.00 |
| 12 | Conduct of Exam- സിദ്ധ | 47850.00 |
| 13 | വാല്യുവേഷൻ ക്യാമ്പ് | 1090531.00 |
| 14 | ഡീൻ അക്കാഡമിക് | -1 |
| 15 | Conduct of Exam- പാരാമെഡിക്കൽ | -74623 |

ഇപ്രകാരം കണക്കുകളിൽ കൃത്യത വരുത്താതെ വാർഷിക കണക്കുകൾ തയ്യാറാക്കുന്നതുമൂലം മുൻവർഷങ്ങളിൽ ക്രമീകരിക്കാൻ ബാക്കിയുള്ളതായി കാണിച്ച തുകകൾ തൻവർഷം ക്രമീകരിച്ചെങ്കിലും അതേ തുക തൻവർഷവും ക്രമീകരിക്കാൻ ബാക്കിയുള്ളതായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഉദാ:-

| | |
|---|---|
| ഡീൻ റിസർച്ച് | 100500/- |
| Conduct of Exam- സിദ്ധ | 47850/- |

*(മുൻകൂർ തുകകളുമായി ബന്ധപ്പെട്ട പ്രത്യേക ഓഡിറ്റ് പരാമർശങ്ങൾ തുടർ ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്).*

ii) മുൻകൂർ തുക നെഗറ്റീവ് ആയി രേഖപ്പെടുത്തിയിരിക്കുന്നു

വാർഷിക കണക്കിന്റെ ഷെഡ്യൂൾ 9 പ്രകാരം Advance for the conduct of exam – paramedical എന്ന ഇനത്തിലെ തുക (-)74623 ആണ്. Advance to Dean Academic എന്ന ഇനത്തിൽ (-)1 എന്നും കാണിച്ചിട്ടുണ്ട്. പ്രസ്തുത തുകകൾ നെഗറ്റീവ് വന്നതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ന്യൂനത പരിഹരിക്കാനുള്ള നടപടികൾ തുടർന്ന് വരുന്നുണ്ട് എന്നും 2024-25 സാമ്പത്തികവർഷത്തിൽ പരിഹരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

**ഡി) ഇംപ്രസ്റ്റ് അക്കൗണ്ടുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല**

വാർഷിക കണക്കിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 9 പ്രകാരം വിവിധ ഇംപ്രസ്റ്റ് അക്കൗണ്ടുകളിൽ 31.03.2023 ലെ നീക്കിയിരിപ്പ് തുകയും ഇംപ്രസ്റ്റ് രജിസ്റ്ററുകളിലെ 31.03.2023 ലെ നീക്കിയിരിപ്പ് തുകയും തമ്മിൽ താഴെക്കൊടുത്തിരിക്കും പ്രകാരം വ്യത്യാസം കാണുന്നു.

| ക്രമ നം. | ഇനം | ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് | ഇംപ്രസ്റ്റ് രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|
| 1. | ജനറൽ ഫിനാൻസ് | 10100.00 | 5160.00 |
| 2. | വർക്ക്സ് | 10000.00 | 266.00 |
| 3. | പർച്ചേസ് | 10000.00 | 4917 |
| 4. | സ്കൂൾ ഓഫ് ഹെൽത്ത് പോളിസി & പ്ലാനിങ് | 10000.00 | 9528 |
| 5. | സ്കൂൾ ഓഫ് ഫണ്ടമെന്റൽ റിസർച്ച് ഇൻ ആയുർവേദ (SFRA) | 10000.00 | 2280.00 |
| 6. | സ്കൂൾ ഓഫ് ഫാമിലി ഹെൽത്ത് സ്റ്റഡീസ് (SFHS) | 10000 | 9080 |

**ഇ) യൂണിവേഴ്സിറ്റി ഫീ വിവരങ്ങൾ തെറ്റായ ശീർഷകത്തിൽ ചേർക്കുന്നു**

യൂണിവേഴ്സിറ്റി അഫിലിയേഷൻ ഫീ ഇനത്തിൽ അടവാക്കിയ തുകകൾ അതതു ശീർഷകത്തിൽ ചേർക്കാതെ തെറ്റായ ശീർഷകത്തിൽ ചേർത്തു കാണുന്നു. വിശദാംശം ചുവടെ.

a) മാർത്തോമ കോളേജ് ഓഫ് സ്പെഷ്യൽ എഡ്യൂക്കേഷൻ MSc Audiology എന്ന പുതിയ കോഴ്സിന് അഫിലിയേഷൻ അനുവദിക്കുന്നതിന് രസീത് നമ്പർ 27617/8.12.2022 പ്രകാരം 1,10,300/- രൂപ അടവാക്കിയെങ്കിലും affiliation fee for new course എന്നതിനു പകരം affiliation fee for new college എന്ന ഹെഡിലാണ് ആയത് ഉൾപ്പെടുത്തിയിരിക്കുന്നത്.

b) Leyamma memorial College of nursing for women എന്ന സ്ഥാപനം രസീത് നമ്പർ 15146/5.8.2022 പ്രകാരം 3,30,800/- രൂപ കോളേജിന് അഫിലിയേഷൻ അനുവദിക്കുന്നതിന് അടവാക്കിയിട്ടുണ്ട്. എന്നാൽ affiliation fee for new college എന്നതിനു പകരം affiliation fee for new course എന്ന ഹെഡിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

### എഫ്) റീഫണ്ടബിൾ ഡെപ്പോസിറ്റ് ഇനത്തിൽ ലഭിച്ച തുകകൾ ശരിയായി അക്കൗണ്ട് ചെയ്തിട്ടില്ല

Refundable deposit for **new College** എന്ന ശീർഷകത്തിൽ 4,27,08,500/- രൂപയാണ് ചേർത്തിട്ടുള്ളത്. എന്നാൽ ഈയിനത്തിൽ തൻവർഷം 49,61,400/- മാത്രമാണ് വരവ്. അതുപോലെ Refundable deposit for **new Course** എന്നയിനത്തിൽ വരവില്ല എന്നാണ് കാണിച്ചിട്ടുള്ളത് എന്നാൽ ഈയിനത്തിൽ തൻവർഷം 37,747,100/- രൂപ വരവുണ്ട്. (ടി രണ്ടിനങ്ങളിലുമായി ആകെ ലഭിച്ചത് 4,27,08,500/- രൂപയാണ്. ഈ തുക മുഴുവനും Refundable deposit for **new College** എന്ന ശീർഷകത്തിൽ കാണിക്കുകയാണ് ചെയ്തിട്ടുള്ളത്).

### ജി) ഡിഡി വിവരങ്ങൾ രേഖപ്പെടുത്തുന്നതിൽ കൃത്യതയില്ല

സർവ്വകലാശാലയിൽ ലഭിക്കുന്ന ഡി.ഡി.കളുടെ വിവരങ്ങൾ ബന്ധപ്പെട്ട സെക്ഷനുകളിൽ സൂക്ഷിക്കുന്ന രജിസ്റ്ററുകളിലും സർവ്വകലാശാല സ്യൂട്ടിലും ഒരു പോലെ രേഖപ്പെടുത്തുന്നതായി കാണുന്നില്ല. വിശദാംശം ചുവടെ.

**1. ഡിഡി തുക വ്യത്യാസപ്പെട്ടത്**

| രജിസ്റ്റർ | തുക ഒടുക്കിയ സ്ഥാപനം | ഡി.ഡി/ തിയ്യതി | രജിസ്റ്റർ പ്രകാരമുള്ള തുക | സ്യൂട്ടിൽ രേഖപ്പെടുത്തിയ തുക |
|---|---|---|---|---|
| തപാൽ രജിസ്റ്റർ 2023 എക്സാം മെഡിക്കൽ (A/B) ബുക്ക് നം. 1 | എം.ഇ.എസ്. മെഡിക്കൽ കോളേജ്, മലപ്പുറം | 147780/ 10.01.2023 | 50 | 420 |

**2. ഡി.ഡി. നമ്പർ വ്യത്യാസപ്പെട്ടവ**

| ക്രമ നം. | സെക്ഷൻ രജിസ്റ്റർ | രജിസ്റ്റർ ക്രമ നം. | തുക ഒടുക്കിയ ആളുടെ പേര് | തുക | ഡി.ഡി. നം. | |
|---|---|---|---|---|---|---|
| | | | | | രജിസ്റ്റർ പ്രകാരം | സ്യൂട്ട് പ്രകാരം |
| 1 | തപാൽ രജിസ്റ്റർ 2022 എക്സാം മെഡിക്കൽ ബുക്ക് നം. 2 | 17225 | ഡോ. അന ശർമ്മ | 275 | 453520/ 06.12.2022 | 463520 |

| | | | | | | |
|---|---|---|---|---|---|---|
| 2 | - ടി - | 14685 | അഞ്ജന വിജയ് പി | 1105 | 66072/ 05.10.2022 | 660677 |
| | | 15644 | അരുൺ ദീപക് കെ | 225 | 056083/ 07.11.2022 | 056063 |
| | | 16261 | സായ്കുമാർ കെ എസ് | 225 | 322415/ 19.11.2022 | 352415 |
| | | 16283 | ഡോ. അഞ്ജന ജെ.എസ് | 222 | 46357/ 18.11.2022 | 463357 |
| | | 17049 | | 275 | 473504/ 02.12.2022 | 463504 |
| 3 | ഡി.സി.ബി രജിസ്റ്റർ – നേഴ്സിംഗ് എക്സാംസ് | 63 | അഞ്ജു പി എൻ | 295 | 316960/ 09.02.2023 | 316966 |
| 4 | തപാൽ രജിസ്റ്റർ 2023 എക്സാം നഴ്സിങ് (A/B/C) ബുക്ക് നം. 1 | 1009 | അന്ന ജോർജ്ജ് | 1105 | 388365/ 13.01.2023 | 348365 |
| | | 2179 | കാർത്തിക കെ നായർ | 445 | 353126/ 30.01.2023 | 353121 |
| | | 4064 | കാർത്തിക എസ് | 445 | 044122/ 13.03.2023 | 044112 |
| | | 4731 | ഷാനോൻ റോസ് ഷാജി | 445 | 693020/ 13.03.2023 | 693018 |
| 5 | തപാൽ രജിസ്റ്റർ 2022 എക്സാം നേഴ്സിംഗ് ബുക്ക് നം. 2 | 13421 | ഡോ. വാണി ദേവി സി. ജെ. | 1400 | 92431/ 26.09.2022 | 924631 |
| 6 | തപാൽ രജിസ്റ്റർ 2022 എക്സാം നേഴ്സിംഗ് ബുക്ക് നം. 1 | 9029 | വൃന്ദ റെജി | 6925 | 629166 | 679166 |

*(ടി ന്യൂനതകൾ സംബന്ധിച്ച് നല്കിയ നം. 2/30.11.2023, നം. 4/16.12.2023, നം. 6/29.12.2023, നം.24/14.08.2024, നം.30/18.9.2024, നം.32/08.10.2024, നം.42/17.10.2024 എന്നീ ഓഡിറ്റ് അന്വേഷണങ്ങൾക്ക് സമർപ്പിച്ച മറുപടി കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്)*

### 1.3.4 യൂണിവേഴ്സിറ്റി ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് കണക്കുകൾ – ട്രഷറി കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല, വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്നില്ല

2010-ലെ കേരള ആരോഗ്യ സർവ്വകലാശാല നിയമത്തിലെ വകുപ്പ് 86 അനുശാസിക്കുന്ന തരത്തിൽ പ്രൊവിഡന്റ് ഫണ്ടുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ സർവകലാശാല സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തി ബഹു. ചാൻസലറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ആയതിന് നാളിതുവരെ ബഹു. ചാൻസലറുടെ അംഗീകാരം ലഭിച്ചിട്ടില്ല. നിലവിൽ ജനറൽ പ്രൊവിഡന്റ് ഫണ്ട് (കേരള) റൂൾസ് 2011 പ്രകാരമാണ് സർവകലാശാലയിൽ പ്രൊവിഡന്റ് ഫണ്ടിന്റെ ദൈനംദിന നിർവഹണം നടത്തിവരുന്നത്.

കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട്, മെഡിക്കൽ കോളേജ് സബ് ട്രഷറി അക്കൗണ്ട് (A/c No.799010100141581) മുഖേനയാണ് കൈകാര്യം ചെയ്യുന്നത്. അതത് സമയത്തെ സർക്കാർ ഉത്തരവ് പ്രകാരമുള്ള പലിശ നിരക്കാണ് നല്കി വരുന്നത്. യൂണിവേഴ്സിറ്റി പി എഫ് അക്കൗണ്ടുമായി ബന്ധപ്പെട്ട് ചില ന്യൂനതകൾ കാണുന്നു. വിശദാംശം ചുവടെ.

**1. EPF രജിസ്റ്ററും ട്രഷറി പാസ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല**

University Suite EPF register, Treasury passbook എന്നിവ പ്രകാരം 2022-23 ലെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | യൂണിവേഴ്സിറ്റി സ്യൂട്ട് EPF രജിസ്റ്റർ പ്രകാരം | ട്രഷറി പാസ്ബുക്ക് പ്രകാരം |
|---|---|---|
| Opening Balance | 4,11,26,854 | 3,90,39,579 |
| Deposit | 1,39,52,408 | 1,39,52,408 |
| Interest | 29,99,001 * | 21,31,513 ** |
| Withdrawal | 51,70,010 | 51,70,010+34,52,628 |
| Closing Balance | 5,29,08,253 | 4,65,00,862 |

*(* Interest for 2022-23 calculated in the Financial Year 2022-23*

** * Interest for 2021-22 credited in the Financial Year 2022-23)*

അതായത് പി.എഫ് രജിസ്റ്ററിലെയും ട്രഷറി  പാസ്ബുക്കിലെയും കണക്കുകൾ തമ്മിൽ വ്യത്യാസം ഉണ്ട്. തൻവർഷം പി എഫിൽ നിന്നും പിൻവലിച്ച തുക ഇനത്തിൽ രജിസ്റ്ററും പാസ്ബുക്കും തമ്മിൽ 34,52,628/- രൂപയുടെ വ്യത്യാസം ഉണ്ട്.  Inter University Tranfer നടന്നതിനു ശേഷം പിൻ വലിക്കുന്ന തുകകൾ EPF രജിസ്റ്ററിൽ യഥാവിധി പ്രതിഫലിക്കാത്തതാണ് ഇതിനു കാരണം. സോഫ്റ്റ് വെയർ അപാകമാണ് ഇതിന്റെ കാരണമെന്നും ഇത് പരിഹരിക്കുന്നതിനായി ഐ ടി വിഭാഗത്തെ അറിയിച്ചിട്ടുണ്ടെന്നും ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് സർവ്വകലാശാല മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**2. പ്രൊവിഡന്റ് ഫണ്ട് കണക്കുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല**

സർവ്വകലാശാലയുമായി ബന്ധപ്പെട്ട എല്ലാ വരവു ചെലവു കണക്കുകളും സർവ്വകലാശാലയുടെ വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ പ്രൊവിഡന്റ് ഫണ്ട് കണക്കുകൾ  വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് പി.എഫ് അക്കൗണ്ടിലേക്കുള്ള വരവുകൾ ജീവനക്കാരുടെ സ്വന്തം വിഹിതമായതിനാൽ അതുമായി ബന്ധപ്പെട്ട വരവ്-ചെലവ് ബാദ്ധ്യതാ വിവരങ്ങൾ സർവ്വകലാശാലയുടെ വാർഷിക കണക്കിൽ ഉൾപ്പെടുത്താറില്ല എന്ന മറുപടിയാണ് നല്കിയത്.

ജീവനക്കാരിൽ നിന്നും ഈടാക്കുന്ന പി.എഫ് വിഹിതങ്ങൾ പ്രത്യേക ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ച് കൈകാര്യം ചെയ്യുന്നത് സർവ്വകലാശാലയാണ്. ആയതിനാൽ പിരിച്ചെടുക്കുന്ന തുകകൾ പലിശ സഹിതം തിരികെ നല്കാനുള്ള ബാധ്യതയും സർവ്വകലാശാലയ്ക്കുണ്ട്. ആയതിനാൽ ഈയിനത്തിൽ പ്രത്യേക അക്കൗണ്ടിലേക്കുള്ള വരവും ചെലവും നീക്കിയിരിപ്പും, കൂടാതെ പി.എഫ് ഇനത്തിലുള്ള സർവ്വകലാശാലയുടെ ബാധ്യതയും എത്രയെന്ന് കണക്കാക്കി സൂക്ഷിക്കേണ്ടത് സർവ്വകലാശാലയുടെ ഉത്തരവാദിത്തമാണ്. സർവ്വകലാശാലയുടെ സാമ്പത്തിക ബാധ്യതയുമായി ബന്ധപ്പെട്ട കണക്കുകൾ ആയതിനാൽ ഇതു സംബന്ധിച്ച കണക്കുകൾ വാർഷിക കണക്കിൽ ചേർക്കേണ്ടതുണ്ട്. ഇക്കാരണത്താൽ മറുപടി അംഗീകരിക്കാവുന്നതല്ല.

സോഫ്റ്റ്‌വെയർ അപാകം പരിഹരിക്കേണ്ടതും വാർഷിക കണക്കുകളിൽ ജീവനക്കാരുടെ പി എഫ് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതുമാണ്.

*(ഓഡിറ്റ് അന്വേഷണം നം. 13/08.05.2024, 27/21.08.2024)*

## 1.3.5 ബാങ്കുകളിൽ നിക്ഷേപിച്ച 4,18,604/- രൂപയുടെ ചെക്ക് / ഡി.ഡി തുകകൾ വർഷങ്ങളായിട്ടും ക്രെഡിറ്റ് ആയിട്ടില്ല

2011 മുതൽ ബാങ്കിൽ സമർപ്പിച്ച അനേകം ചെക്ക് / ഡി.ഡി തുകകൾ (ആകെ ₹4,18,604/-) നാളിതുവരെ യൂണിവേഴ്സിറ്റിയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല എന്ന് ബാങ്ക് റീകൺ സീലിയേഷൻ പത്രികയുടെ “Cheques / DD presented in Bank but not cleared” എന്ന ശീർഷകത്തിൽ നിന്നും വ്യക്തമാകുന്നു. ഈ തുകകൾ യൂണിവേഴ്സിറ്റി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു ലഭിക്കുവാൻ ചില കത്തിടപാടുകൾ നടത്തിയതല്ലാതെ കാര്യമായ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. വിശദാംശം ചുവടെ.

| 1. KUHS General Fund Account - 31547327832 | | | | | |
|---|---|---|---|---|---|
| Sl. No. | Date of presentation in bank | DD No./ Ch. No. | Amount | DD Date | Bank Name |
| 2011-2016 | | | | | |
| 1 | 14-10-2011 | 197654 | ₹ 200.00 | 12-10-2011 | SBT TCR |
| 2 | 14.10-2011 | 197653 | ₹ 200.00 | 12-10-2011 | SBT TCR |
| 3 | 15-11-2012 | Jisha Johnson | ₹ 1000.00 | 14-11-2012 | |
| 4 | 22-02-2013 | 718123 | ₹ 200.00 | Ch. 718123 Dtd: 1/12/12 | |
| 5 | 11-06-2013 | 288304 | ₹ 500.00 | 23-04-2013 | SBT TCR |
| 6 | 22-07-2013 | 226322 | ₹ 10.00 | | |
| 7 | 17-02-2014 | 217302 | ₹ 500.00 | 27-01-2014 | SBT |
| 8 | 12-06-2014 | 840974 | ₹ 500.00 | 27-12-2013 | SBT |
| 9 | 17-09-2014 | 872304 | ₹ 500.00 | 16-06-2014 | SBT TCR |
| 10 | 04-10-2014 | 532452 | ₹ 500.00 | 29-08-2014 | Union Bank |
| 11 | 10-10-2014 | 538971 | ₹ 500.00 | 04-10-2014 | Dhanalakshmi Bank, Medical College Branch |
| 12 | 14-10-2014 | 204753 | ₹ 500.00 | 12-07-2014 | SBT TCR |
| 13 | 27-10-2014 | 341379 | ₹ 500.00 | 15-10-2014 | SBT Konni |

| | | | | | |
|---|---|---|---|---|---|
| 14 | 05-11-2014 | 241780 | ₹ 500.00 | 07-07-2014 | HDFC Bank |
| 15 | 13-07-2015 | 212050 | ₹ 150.00 | | |
| 16 | 26-02-2016 | -- | ₹ 50.00 | | |
| 17 | 03-10-2016 | 239267 | ₹ 1,000.00 | 26-08-2016 | SBI |
| **Total** | | | **₹ 7310.00** | | |
| 2017-18 FY | | | | | |
| 18 | 27-10-2017 | 177667 | ₹30,000.00 | 27-09-2017 | SBI |
| 2018-19 FY | | | | | |
| 19 | 18-12-2018 | 600854 | ₹ 1,000.00 | 28-11-2018 | Federal Bank |
| **Total** | | | **₹ 1,000.00** | | |
| 2019-20 FY | | | | | |
| 20 | 19-07-2019 | 357765 | ₹ 500.00 | 18-07-2019 | SBI |
| 21 | 07-09-2019 | 110496 | ₹ 1,050.00 | 30-08-2019 | DLB |
| 22 | 16-12-2019 | 53176 | ₹ 500.00 | 05-12-2019 | HDFC Bank |
| **Total** | | | **₹ 2,050.00** | | |
| General Fund Account Total | | | ₹ 40,360 | | |

| 2. Students Registration Fund, KUHS A/C Number - 31340212316 | | | | | |
|---|---|---|---|---|---|
| Sl. No. | Date of presentation in bank | DD No. | Amount | DD Date | Bank Name |
| January 2012 – March 2017 | | | | | |
| 1 | 23-03-2013 | 733931 | ₹ 200.00 | 14-03-2013 | SBI TCR |
| 2 | 03-02-2014 | 998214 | ₹ 200.00 | 30-12-2013 | |
| 3 | 13-02-2014 | 254930 | ₹ 1,000.00 | 13-11-2013 | SBT TCR |

| | | | | | |
|---|---|---|---|---|---|
| 4 | 01-09-2014 | 702649 | ₹ 200.00 | 06-03-2014 | SBI TCR |
| 5 | 26-11-2014 | 257822 | ₹ 1,000.00 | 02-08-2014 | SBI Balaramapuram |
| 6 | 02-02-2016 | 939148 | ₹ 500.00 | 15-01-2016 | Federal Bank |
| 7 | 06-09-2016 | 348048 | ₹ 500.00 | 09-08-2016 | Bank of Baroda |
| 8 | 08-12-2016 | 964350 | ₹1,000.00 | 23-11-2016 | SBI |
| 9 | 18-03-2017 | 2856653 | ₹2,000.00 | 17-02-2017 | Govt. Treasury (Govt. Medical College, Kozhikode) |
| **Total** | | | **₹6,600.00** | | |
| 2017-18 FY | | | | | |
| 10 | 22-07-2017 | 413269 | ₹ 200.00 | 01-06-2017 | UBI Non - CTS |
| 11 | 17-08-2017 | 250880 | ₹ 500.00 | 04-08-2017 | Bank of Baroda |
| 12 | 21-10-2017 | 970757 | ₹ 200.00 | 10-07-2017 | SBI |
| 13 | 10-11-2017 | 362287 | ₹ 1,000.00 | 30-10-2017 | SBI |
| **Total** | | | **₹ 1,900.00** | | |
| 2018-19 FY | | | | | |
| 14 | 11-04-2018 | 838733 | ₹ 1,000.00 | 06-04-2018 | SBI |
| 2019-20 FY | | | | | |
| 15 | 10-04-2019 | 769067 | ₹ 1,000.00 | 05-02-2019 | SBI |
| 16 | 16-04-2019 | 542418 | ₹ 1,000.00 | 21-03-2019 | SBI |
| 17 | 17-04-2019 | 269515 | ₹ 1,000.00 | 22-03-2019 | Canara Bank |
| 18 | 17-04-2019 | 624366 | ₹ 1,000.00 | 21-03-2019 | Canara Bank |
| 19 | 09-05-2019 | 1816 | ₹ 1,000.00 | 06-05-2019 | HDFC Bank |
| 20 | 23-09-2019 | 375743 | ₹ 1,000.00 | 29-08-2019 | SBI |
| 21 | 24-10-2019 | 456293 | ₹ 200.00 | 24-09-2019 | SBI |

| Total | **₹6,200.00** | | |
|---|---|---|---|
| Students Registration Fund Total | ₹15,700.00 | | |

| 3. Exam Fee Account - 31768842875 | | | | | |
|---|---|---|---|---|---|
| Sl.No. | Date of presentation in bank | DD No. | Amount | DD Date | Bank Name |
| January 2012 – March 2017 | | | | | |
| 1 | 19-01-2012 | 936231 | ₹ 400.00 | 24-12-2012 | SBI |
| 2 | 23-09-2013 | 265418 | ₹ 46,800.00 | 30-08-2013 | SBI |
| 3 | 13-01-2014 | 325359 | ₹ 1,000.00 | 09-01-2014 | Union Bank |
| 4 | 26-032015 | 162498 | ₹ 400.00 | 09-03-2015 | SBI |
| 5 | 09-06-2015 | 990428 | ₹ 6,420.00 | 16-05-2015 | Federal Bank |
| 6 | 08-10-2015 | 9641 | ₹ 1,000.00 | | |
| 7 | 26-10-2015 | 584 | ₹5260.00 | 19-09-2015 | SBI |
| 8 | 28-10-2015 | 772760 | ₹ 2,760.00 | 28-09-2015 | SBI |
| 9 | 29-03-2016 | 418677 | ₹ 820.00 | 24-02-2016 | SBI |
| 10 | 20-06-2016 | 557461 | ₹ 22,500 | 27-05-2016 | Canara Bank |
| 11 | 23-06-2016 | 544046 | ₹ 7,080.00 | 10-06-2016 | SIB |
| 12 | 11-07-2016 | 104758 | ₹ 200.00 | 23-06-2016 | SIB |
| 13 | 31-08-2016 | 899536 | ₹ 28,180.00 | 09-08-2016 | Federal Bank |
| 14 | 20-09-2016 | 321478 | ₹ 300.00 | 16-08-2016 | SBI |
| 15 | 26-10-2016 | 854460 | ₹ 1,900.00 | 01-10-2016 | SBI |
| 16 | 08-12-2016 | 639713 | ₹ 400.00 | 29-11-2016 | SBT |
| | | | ₹1,25,420.00 | | |
| 2017-18 FY | | | | | |
| 17 | 11-09-2017 | 929113 | ₹ 12,260.00 | 21-08-2017 | SBI |

| | | | | | |
|---|---|---|---|---|---|
| 18 | 19-09-2017 | 929106 | ₹ 1,380.00 | 10-08-2017 | SBI |
| 19 | 19-09-2017 | 929104 | ₹ 2,960.00 | 10-08-2017 | SBI |
| 20 | 01-11-2017 | 823081 | ₹ 300.00 | 16-06-2017 | SBI |
| 21 | 12-12-2017 | 61770 | ₹5,060.00 | 13-09-2017 | SBI |
| 22 | 12-12-2017 | 64771 | ₹ 13,920.00 | 13-09-2017 | SBI |
| 23 | 28-12-2017 | 478383 | ₹ 2,000.00 | 17-11-2017 | SBI |
| 24 | 25-01-2018 | 340352 | ₹ 500.00 | 01-11-2017 | SBI |
| 25 | 17-02-2018 | 786389 | ₹ 24,440.00 | 26-12-2017 | SBI |
| 26 | 06-03-2018 | 7826 | ₹ 1,400.00 | 01-01-2018 | The Urban Co-operative Bank Limited, Perinthalmanna |
| **TOTAL** | | | **₹ 64,220** | | |
| 2018-19 FY | | | | | |
| 27 | 19-06-2018 | 29890 | ₹ 1,829.00 | 02-06-2018 | SBI |
| 28 | 23-07-2018 | 299256 | ₹ 2,490.00 | 28-06-2018 | SBI |
| 29 | 26-07-2018 | 361241 | ₹ 2,000.00 | 11-07-2018 | SBI |
| 30 | 07-08-2018 | 202188 | ₹ 1,180.00 | 12-07-2018 | SBI |
| 31 | 16-10-2018 | 341879 | ₹ 1,680.00 | 15-09-2018 | SBI |
| 32 | 17-10-2018 | 847788 | ₹ 42,055.00 | 09-08-2018 | SBI |
| 33 | 16-11-2018 | 332460 | ₹ 420.00 | 29-10-2018 | SBI |
| 34 | 14-12-2018 | 645233 | ₹ 840.00 | 22-11-2018 | South Indian Bank |
| 35 | 19-12-2018 | 91861 | ₹ 3,150.00 | 17-11-2018 | Bapuji Co-operative Bank Ltd. |
| 36 | 04-01-2019 | 738840 | ₹ 1,050.00 | 04-10-2018 | SBI |
| **TOTAL** | | | **₹ 56,694.00** | | |

| | | | | | |
|---|---|---|---|---|---|
| 2019-20 FY | | | | | |
| 37 | 20-04-2019 | 343385 | ₹ 3,735.00 | 26-03-2019 | SBI |
| 38 | 22-05-2019 | 167636 | ₹ 590.00 | 25-04-2019 | KDCB |
| 39 | 29-07-2019 | 930489 | ₹ 525.00 | 05-07-2019 | Andhra Bank |
| 40 | 26-09-2019 | 624537 | ₹ 57,970.00 | 26-08-2019 | Canara Bank |
| 41 | 28-09-2019 | 277 | ₹ 25,605.00 | 16-08-2019 | ICICI Bank |
| 42 | 28-09-2019 | 278 | ₹ 19,995.00 | 16-08-2019 | ICICI Bank |
| 43 | 28-09-2019 | 281 | ₹ 3,350.00 | 16-08-2019 | ICICI Bank |
| 44 | 28-09-2019 | 276 | ₹ 3,350.00 | 16-08-2019 | ICICI Bank |
| 45 | 27-10-2019 | 712110 | ₹ 590.00 | 23-09-2019 | Indian Bank |
| 46 | 04-02-2021 | 408454 | ₹ 500.00 | 27-01-2021 | Syndicate Bank |
| **TOTAL** | | | **₹1,16,210.00** | | |
| Exam Fee Account Total | | | ₹3,62,544.00 | | |
| **Grand Total** | | | **₹4,18,604.00** | | |

ഈ വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ആരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.30/18.9.2024) പ്രസ്തുത ഡിഡികളുടെ വിവരം യഥാസമയം ബാങ്കിന് കൈമാറിയിട്ടുണ്ടെങ്കിലും ബാങ്ക് പ്രസ്തുത വിഷയം പൂർണ്ണമായും പരിഹരിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊണ്ടിട്ടില്ല എന്ന് മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. അടിയന്തര നടപടികൾ സ്വീകരിച്ച് യൂണിവേഴ്സിറ്റിക്ക് അർഹമായ മുഴുവൻ തുകയും യൂണിവേഴ്സിറ്റിയുടെ അക്കൗണ്ടിൽ വരവു വെച്ച് വിശദാംശം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

### 1.3.6 ട്രഷറി അക്കൗണ്ടിൽ നിന്നും തുക തെറ്റായി കുറവു ചെയ്യൽ - നാളിതുവരെ പരിഹരിച്ചിട്ടില്ല

KUHS അക്കൗണ്ടുമായി ബന്ധപ്പെട്ടതല്ലാത്ത തുക KUHS ന്റെ ട്രഷറി അക്കൗണ്ടിൽ നിന്നും കുറവു ചെയ്തതായി കാണുന്നു. വിവരം റീകൺസീലിയേഷൻ പത്രികയിൽ “Bank debited but not accounted by KUHS” എന്ന ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ കുറവ് നാളിതുവരെ പരിഹരിച്ചിട്ടില്ല. വിശദാംശം ചുവടെ.

| ബാങ്ക് – അക്കൗണ്ട് നം. | തുക | തീയതി |
|---|---|---|
| സ്പെഷ്യൽ ട്രഷറി സേവിങ്സ് ബാങ്ക് -71316140000002 | 9221 | 03.05.2010 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.32/08.10.2024) സമർപ്പിച്ച മറുപടിയിൽ തുക ഉടൻ തന്നെ തിരികെ നൽകണമെന്ന് ആവശ്യപ്പെട്ട് സബ് ട്രഷറി ഓഫീസർക്ക് 14.08.2024 ൽ 1053/2022/സി1/ഫിൻ-ജൻ/കേ.ആ.സ. നമ്പറായി കത്ത് നല്കിയിരുന്നു എന്നും എന്നാൽ ട്രഷറിയിൽ നിന്നും മറുപടി ലഭ്യമായിട്ടില്ല എന്നും പറയുന്നു. തുടർ നടപടികൾ സ്വീകരിച്ച് തുക ക്രമീകരിച്ച് വിവരം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

### 1.3.7 2017-18, 2018-19 കാലഘട്ടങ്ങളിൽ ബാങ്ക് ചാർജ്ജസ് ഇനത്തിൽ തെറ്റായി ഈടാക്കിയ തുക തിരികെ ലഭിച്ചിട്ടില്ല

SBI, KUHS ബ്രാഞ്ച്, ബാങ്ക് ചാർജ്ജസ് ഇനത്തിൽ താഴെ കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളിൽ നിന്നും 2017-18 മുതൽ തുക ഈടാക്കിയിരുന്നു. സർവകലാശാല അക്കൗണ്ടുകൾ ആയതിനാൽ ബാങ്ക് ചാർജ്ജസിൽ നിന്നും ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 05.10.2021 ന് 0225/2021/C1/FIN-GEN/KUHS നമ്പറായി സർവകലാശാലയിൽ നിന്നും ബാങ്കിലേക്ക് കത്ത് നല്കിയതിന്റെ അടിസ്ഥാനത്തിൽ 2019-20 മുതലുള്ള വർഷങ്ങളിൽ ബാങ്ക് ചാർജ്ജസ് ഇനത്തിൽ ഈടാക്കിയ തുകകൾ തിരികെ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ 2017-18 ലും 2018-19 ലും ഡെബിറ്റ് ചെയ്ത 18949/- രൂപ തിരികെ ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ.

| | ബാങ്ക് അക്കൗണ്ടുകൾ | ഡെബിറ്റ് ചെയ്ത തുക |
|---|---|---|
| 1 | എക്സാമിനേഷൻ ഫീസ് (A/c No.31768842875) | 9947 |
| 2 | സ്റ്റുഡന്റ് രജിസ്ട്രേഷൻ ഫീ അക്കൗണ്ട് (A/c No.31340212316) | 3710 |
| 3 | ക്യാമ്പസ് പ്രൊജക്റ്റ് (A/c No.31768843801) | 3345 |
| 4 | ഇ-പേയ്മെന്റ് (A/c No.33607963005) | 649 |
| 5 | ഇ-ടെണ്ടർ (A/c No.37372548664) | 1298 |
| | **ആകെ** | **18949/-** |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.28/21.08.2024) ഡെബിറ്റ് ചെയ്തിട്ടുള്ള തുകകൾ തിരികെ ലഭ്യമാക്കുന്നതിന് ബാങ്കിന് കത്ത് നല്കിയിട്ടുണ്ട് എന്ന മറുപടി സമർപ്പിച്ചിട്ടുണ്ട്.

അടിയന്തര നടപടികൾ സ്വീകരിച്ച് തുക ലഭ്യമാക്കി വിശദാംശം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

## 1.3.8 സർവ്വകലാശാല അഫിലിയേഷൻ പുനഃപരിശോധന – റീ-ഇൻസ്പെക്ഷൻ കംപ്ലയൻസ് ഫീസ് ഈടാക്കിയില്ല – 20,79,000/- രൂപ നഷ്ടം

സർവ്വകലാശാലയിലെ അഫിലിയേഷൻ നടപടിക്രമങ്ങളുടെ ഭാഗമായി നടത്തുന്ന പരിശോധനയിൽ നിർദ്ദേശിക്കുന്ന പോരായ്മകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾ പരിഹരിച്ച് compliance report സമർപ്പിക്കേണ്ടതാണ്. ഈ compliance report ന്റെ അടിസ്ഥാനത്തിലാണ് സർവ്വകലാശാല സ്ഥാപനത്തിൽ പുനഃപരിശോധന നടത്തുന്നത്. ഇതിനായി സ്ഥാപനം 21,000/- രൂപ re-inspection compliance fee എന്നയിനത്തിൽ സർവ്വകലാശാലയിൽ അടയ്ക്കേണ്ടതുണ്ട്. (17.6.2021 ലെ ഇൻസ്പെക്ഷൻ ഓർഡിനൻസ് നം. 21306/Ac.1/Gen A2/2020/KUHS ഖണ്ഡിക (6), (7). 05.08.2020 ലെ യു.ഓ.നം.9038/AC1/GEN A2/2020/KUHS എന്നിവ പ്രകാരം)

ഗവേണിംഗ് കൗൺസിലുകളുടെ 70.06/26.7.2022, 71.05/03.10.2022, 71.13/03.10.2022, 71.14/03.10.2022, 71.15/03.10.2022, 72.06/27.12.2022 എന്നീ തീരുമാനങ്ങൾ പ്രകാരം 2022-23 അക്കാദമിക് വർഷത്തിൽ 99 സ്ഥാപനങ്ങൾ compliance report സമർപ്പിക്കുകയും അവയിലെല്ലാം പുനഃപരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇവയിൽ ഒരു സ്ഥാപനത്തിൽ നിന്നും re-inspection compliance fee ഈടാക്കുകയോ ആയതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇതുമൂലം സർവ്വകലാശാലയ്ക്ക് 99x21000 = 20,79,000/- രൂപയുടെ നഷ്ടം ഉണ്ടായി. ***(വിശദാംശം ഭാഗം 2 ൽ ഖണ്ഡിക 2.1 ആയി ചേർത്തിട്ടുണ്ട്)***

## 1.3.9 എക്സാമിനർമാരുടെ കുറവ് – സ്ഥാപനങ്ങളിൽ നിന്നും ഫൈൻ ഈടാക്കിയിട്ടില്ല – 24,00,000/- രൂപ നഷ്ടം

ഇന്റേണൽ എക്സാമിനർമാരുടെ കുറവ് മൂലം യൂണിവേഴ്സിറ്റി പരീക്ഷകൾ നടത്തുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് വേണ്ടത്ര ഇന്റേണൽ എക്സാമിനർമാരെ നിയമിക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ഫൈൻ ഈടാക്കുന്നതിന് യൂണിവേഴ്സിറ്റി തീരുമാനമെടുത്തിട്ടുണ്ട് (UO No. 255/2018/Exam General dated: 19-09-2018 പ്രകാരം).

ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, വേണ്ടത്ര ഇന്റേണൽ എക്സാമിനർമാരെ നിയമിക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ഫൈൻ ഈടാക്കാൻ 2022-23 കാലഘട്ടത്തിൽ തീരുമാനം എടുക്കുകയുണ്ടായി.

എന്നാൽ ഇവയിൽ 6 സ്ഥാപനങ്ങളിൽ നിന്നും ഫൈൻ ഈടാക്കിയതായി കാണുന്നില്ല. ഇതുമൂല സർവ്വകലാശാലയ്ക്ക് 24,00,000/- രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. ***(വിശദാംശം ഭാഗം 2 ൽ ഖണ്ഡിക 2.2 ആയി ചേർത്തിട്ടുണ്ട്)***

## 1.3.10 യൂണിവേഴ്സിറ്റി ഫീസ് – ഈടാക്കുന്നതിലും രേഖപ്പെടുത്തുന്നതിലും ന്യൂനതകൾ

യൂണിവേഴ്സിറ്റി അപ്ലിക്കേഷൻ ഫീ ഈടാക്കിയതിലും അഫിലിയേഷൻ ഫീ വിശദാംശം രേഖപ്പെടുത്തുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### 1) അപ്ലിക്കേഷൻ – പെന്റിംഗ് ഫീ – പിഴ ഈടാക്കിയിട്ടില്ല

അഫിലിയേഷനു വേണ്ടി സ്ഥാപനം അപേക്ഷ സമർപ്പിക്കുന്ന സമയത്ത് അടവാക്കേണ്ട ഫീസുകൾ വർഷങ്ങൾക്കു ശേഷം അടവാക്കിയതായി കാണുന്നു. താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും അപ്ലിക്കേഷൻ, രജിസ്ട്രേഷൻ & ഇൻസ്പെക്ഷൻ ഫീ ഫീസ് ഇനത്തിൽ 2010-11 മുതൽ ഈടാക്കേണ്ടിയിരുന്ന തുകകൾ ഓഡിറ്റു വർഷം ആണ് ഈടാക്കിയിട്ടുള്ളത്. ആയതിന് പിഴ ഈടാക്കിയിട്ടുമില്ല.

| ക്രമ നം. | സ്ഥാപനം | ഡി ഡി നം/ തീയതി | വർഷം | തുക |
|---|---|---|---|---|
| 1 | ട്രാവൻകൂർ കോളേജ് ഓഫ് നഴ്സിംഗ് | 207710/4.7.22 | 2010-11 | 105000 |
| 2 | മെഡിക്കൽ ട്രസ്റ്റ് കോളേജ് ഓഫ് നഴ്സിംഗ് | 395192/8.7.22 | 2010-11 | 360000 |
| 3 | ദേവകി അമ്മ മെമ്മോറിയൽ കോളേജ് ഓഫ് ഫാർമസി | 547330/11.7.22 | 2010-11 | 130000 |
| 4 | ഗവൺമെന്റ് ടിഡി മെഡിക്കൽ കോളേജ് | 658641/ 4.7.22 | 2019-20 | 73500 |
| 5 | നാഷണൽ കോളേജ് ഓഫ് ഫാർമസി | 813433/19.9.22 | 2011-12 | 35000 |
| 6 | സെൻറ് ജെയിംസ് കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ് | 561070/2.11.22 | 2010-11 | 90000 |

ടി വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/16.12.2023) സമർപ്പിച്ച മറുപടിയിൽ, മുൻവർഷത്തെ ഡി.സി.ബി. കൾ പരിശോധിച്ചപ്പോൾ ആണ് ഇക്കാര്യം കണ്ടെത്തിയത് എന്നും പിഴയൊന്നും ഈടാക്കിയിട്ടില്ല എന്നും ആണ് മറുപടി ലഭ്യമാക്കിയത്. പിഴ

ഈടാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. തുക ഒടുക്കാൻ കാലതാമസം വരുത്തിയതിന് അതതു സ്ഥാപനങ്ങളിൽ നിന്നും പിഴ ഈടാക്കി വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**2) ഫീ വിവരങ്ങൾ തെറ്റായ ശീർഷകത്തിൽ ചേർക്കുന്നു**

അഫിലിയേഷൻ ഫീ ഇനത്തിൽ അടവാക്കിയ തുകകൾ അതതു ശീർഷകത്തിൽ ചേർക്കാതെ തെറ്റായ ശീർഷകത്തിൽ ചേർത്തു കാണുന്നു. വിശദാംശം ചുവടെ.

a) മാർത്തോമ കോളേജ് ഓഫ് സ്പെഷ്യൽ എഡ്യൂക്കേഷൻ MSc Audiology എന്ന പുതിയ കോഴ്സിന് അഫിലിയേഷൻ അനുവദിക്കുന്നതിന് രസീത് നമ്പർ 27617/8.12.2022 പ്രകാരം 1,10,300/- രൂപ അടവാക്കിയെങ്കിലും affiliation fee for **new course** എന്നതിനു പകരം affiliation fee for **new college** എന്ന ഹെഡിലാണ് ആയത് ഉൾപ്പെടുത്തിയിരിക്കുന്നത്.

b) Leyamma memorial College of nursing for women എന്ന സ്ഥാപനം രസീത് നമ്പർ 15146/5.8.2022 പ്രകാരം 3,30,800/- രൂപ കോളേജിന് അഫിലിയേഷൻ അനുവദിക്കുന്നതിന് അടവാക്കിയിട്ടുണ്ട് . എന്നാൽ affiliation fee for **new college** എന്നതിനു പകരം affiliation fee for **new course** എന്ന ഹെഡിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ഫീ വിവരങ്ങൾ ശരിയായ ശീർഷകത്തിൽ ചേർത്ത് ഹാജരാക്കേണ്ടതാണ്.

### 1.3.11 എക്സാം ഫീ – കോളേജുകൾ യഥാസമയം സർവ്വകലാശാലയിൽ അടവാക്കുന്നില്ല

SC/ST/OEC/EE/SEBC വിദ്യാർത്ഥികൾക്ക് സർക്കാരിൽ നിന്നും ഇ-ഗ്രാന്റ്സ് ഇനത്തിൽ ലഭിക്കുന്ന ഫീസ് തുക, അതത് കോളേജുകളാണ് സർവ്വകലാശാലയിൽ അടവാക്കേണ്ടത്. എന്നാൽ ഈ തുക യഥാസമയം കോളേജുകൾ സർവ്വകലാശാലയിൽ അടവാക്കുന്നതായി കാണുന്നില്ല. ടി എക്സാം ഫീ ഇനത്തിൽ ഉള്ള കുടിശ്ശികയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

**എക്സാം ഡെന്റൽ**

| ക്രമ നം. | കോളേജുകൾ | 31.03.2023 ലെ കുടിശ്ശിക | 30.9.2024 ലെ കുടിശ്ശേിക |
|---|---|---|---|
| 1 | ഗവ. ഡെന്റൽ കോളേജ്, കോട്ടയം | 157055 | 27055 |
| 2 | ഗവ. ഡെന്റൽ കോളേജ്, കോഴിക്കോട് | 145500 | 18515 |
| 3 | ഗവ. ഡെന്റൽ കോളേജ്, തിരുവനന്തപുരം | 28930 | 0 |

| | | | |
|---|---|---|---|
| 4 | ഗവ. ഡെന്റൽ കോളേജ്, ആലപ്പുഴ | 142906 | 13196 |
| | **ആകെ** | **474391** | **58766** |

## എക്സാം മെഡിക്കൽ

| ക്രമ നം. | കോളേജ് | 31.03.2023 ലെ കുടിശ്ശിക | 30.9.2024 ലെ കുടിശ്ശിക |
|---|---|---|---|
| 1 | ഗവ. മെഡിക്കൽ കോളേജ്, കണ്ണൂർ | 20755 | 20755 |
| 2 | ഗവ. മെഡിക്കൽ കോളേജ്, എറണാകുളം | 671845 | 150835 |
| 3 | ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 44045 | 0 |
| 4 | ഗവ. മെഡിക്കൽ കോളേജ്, തൃശ്ശൂർ | 11295 | 0 |
| 5 | ഗവ. മെഡിക്കൽ കോളേജ്, കോഴിക്കോട് | 250585 | 9920 |
| 6 | ഗവ. T.D. മെഡിക്കൽ കോളേജ്, ആലപ്പുഴ | 9375 | 0 |
| 7 | കണ്ണൂർ മെഡിക്കൽ കോളേജ്, അഞ്ചരക്കണ്ടി | 34955 | 34955 |
| 8 | KMCT മെഡിക്കൽ കോളേജ്, കോഴിക്കോട് | 5100 | 0 |
| 9 | ട്രാവൻകൂർ മെഡിക്കൽ കോളേജ്, കൊല്ലം | 3900 | 0 |
| 10 | ഗവ. മെഡിക്കൽ കോളേജ്, മഞ്ചേരി | 763000 | 15850 |
| 11 | ഗവ. മെഡിക്കൽ കോളേജ്, പാലക്കാട് | 2579374 | 1453809 |
| 12 | മൗണ്ട് സയൺ മെഡിക്കൽ കോളേജ് ഹോസ്പ്പിറ്റൽ, പത്തനംതിട്ട | 54525 | 0 |
| 13 | ഗവ. മെഡിക്കൽ കോളേജ്, കൊല്ലം | 777365 | 320050 |
| **ആകെ** | | **5226119** | **2006174** |

## എക്സാം ഫാർമസി

| ക്രമ നം. | കോളേജ് | 31.03.2023 ലെ കുടിശ്ശിക | 30.9.2024 ലെ കുടിശ്ശിക |
|---|---|---|---|
| 1 | കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ്, പരിയാരം, കണ്ണൂർ | 70435 | 71450 |
| 2 | ക്രസന്റ് കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ്, കണ്ണൂർ | 4060 | 4060 |
| 3 | ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 1270 | 1270 |
| 4 | CPS, ഗവ. മെഡിക്കൽ കോളേജ്, കോട്ടയം | 1140 | 1140 |
| 5 | ഗ്രേസ് കോളേജ് ഓഫ് ഫാർമസി, പാലക്കാട് | 16120 | 7050 |
| 6 | JDT ഇസ്ലാം കോളേജ് ഓഫ് ഫാർമസി, കോഴിക്കോട് | 8145 | 0 |
| 7 | രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി, കാസറകോഡ് | 870 | 0 |
| 8 | CPS, ഗവ. TD മെഡിക്കൽ കോളേജ്, ആലപ്പുഴ | 6155 | 6155 |
| 9 | അഹല്യ സ്കൂൾ ഓഫ് ഫാർമസി, പാലക്കാട് | 230955 | 0 |
| 10 | ഡോ. മൂപ്പൻസ് കോളേജ് ഓഫ് ഫാർമസി, വയനാട് | 220 | 0 |
| 11 | ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി, തൃശ്ശൂർ | 400 | 400 |
| 12 | ഹോളി ക്വീൻ കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ്, വടക്കാഞ്ചേരി | 290 | 0 |
| 13 | സെന്റർ ഫോർ പ്രൊഫഷണൽ & അഡ്വാൻസ്ഡ് സ്റ്റഡീസ് , ഏറ്റുമാനൂർ കോട്ടയം | 5110 | 5110 |
| | **ആകെ** | **345170** | **96635** |

## എക്സാം ആയുഷ്

| ക്രമ നം. | കോളേജ് | 31.03.2023 ലെ കുടിശ്ശിക | 30.9.2024 ലെ കുടിശ്ശിക |
|---|---|---|---|
| 1 | നങ്ങേലിൽ ആയുർവേദ മെഡിക്കൽ കോളേജ്, കോതമംഗലം | 95339 | 95339 |

## AHS സെക്ഷൻ

| ക്രമ നം. | കോളേജ് | പരീക്ഷ | 31.03.2023 ലെ കുടിശ്ശിക | 30.9.2024 ലെ കുടിശ്ശിക |
|---|---|---|---|---|
| 1 | SME, ഗാന്ധിനഗർ, കോട്ടയം | First Year MHA Examinations, August 2019 | 29025 | 0 |
| 2 | SME, ഗാന്ധിനഗർ, കോട്ടയം | First Year MHA Examinations, January 2020 | 40275 | 0 |
| 3 | SME, ഗാന്ധിനഗർ, കോട്ടയം | First Year MHA Examinations, November 2020 | 28610 | 28610 |
| 4 | SME, ഗാന്ധിനഗർ, കോട്ടയം | First Year MHA Examinations, March 2021 | 16670 | 0 |
| 5 | SME, ഗാന്ധിനഗർ, കോട്ടയം | First Year MHA Examinations, November 2021 | 105430 | 0 |
| 6 | SME, ഗാന്ധിനഗർ, കോട്ടയം | First Year MHA Examinations, March 2022 | 58010 | 8670 |
| 7 | SME, ഗാന്ധിനഗർ, കോട്ടയം | First Year MHA Examinations, December 2022 | 88155 | 22105 |

| | | | | |
|---|---|---|---|---|
| 8 | SME, ഗാന്ധിനഗർ, കോട്ടയം | First Year MHA Examinations, March 2023 | 28715 | 28715 |
| 9 | SME, ഗാന്ധിനഗർ, കോട്ടയം | Second Year MHA Examinations, January 2020 | 2395 | 0 |
| 10 | SME, ഗാന്ധിനഗർ, കോട്ടയം | Second Year MHA Examinations, November 2020 | 1675 | 245 |
| 11 | SME, ഗാന്ധിനഗർ, കോട്ടയം | Second Year MHA Examinations, March 2022 | 39255 | 33110 |
| 12 | SME, ഗാന്ധിനഗർ, കോട്ടയം | Second Year MHA Examinations, November 2022 | 16965 | 16965 |
| 13 | SME, ഗാന്ധിനഗർ, കോട്ടയം | Second Year MHA Examinations, March 2023 | 21525 | 21525 |
| 14 | GMC, കോഴിക്കോട് | First Year B.Sc. MLT Examinations, January 2023 | 3570 | 0 |
| 15 | GMC, കോഴിക്കോട് | First Year B.Sc. Perfusion Technology Examinations, February 2023 | 1785 | 0 |
| **ആകെ** | | | **482060** | **159945** |

## എക്സാം മെഡിക്കൽ പി ജി സെക്ഷൻ

| ക്രമ നം. | കോളേജ് | പരീക്ഷ | 31.03.2023 കുടിശ്ശിക |
|---|---|---|---|
| 1 | GMC കണ്ണൂർ | Medical PG Degree Supplementary Examination – October 2019 | 9450/- |

| | | | |
|---|---|---|---|
| 2 | GMC ആലപ്പുഴ | Medical PG Degree Supplementary Examination – November 2021 | 9935/- |
| | | Medical PG Degree Regular/ Supplementary – May 2022 | 40710/- |
| | | Medical PG Degree Supplementary Examination – November 2022 | 9935/- |
| 3 | GMC തിരുവനന്തപുരം | Mercy Chance – Medical PG Degree Supplementary Examination – November 2022 | 25/- |
| **ആകെ** | | | **70055/- (*)** |

*{(*) ഫീസ് കുടിശ്ശിക നിലവിൽ 39255 രൂപയാണ് എന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഓരോ കോളേജിനുമുള്ള കുടിശ്ശിക തുക എത്രയാണെന്ന് തരം തിരിച്ച് ലഭ്യമാക്കിയിട്ടില്ല.}*

SC/ST/OEC/EE/SEBC വിദ്യാർത്ഥികളുടെ എക്സാം ഫീ ഇനത്തിൽ 30.9.2024 ൽ ആകെ ലഭ്യമാകേണ്ട തുക 24,56,114/- രൂപയാണ്.

SC/ST/OEC/EE/SEBC വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് ഇനത്തിൽ ലഭിക്കുന്ന ഫീസ് തുകകൾ അതത് കോളേജുകൾ യഥാസമയം സർവ്വകലാശാലയിൽ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 31 /07.10.2024)

### 1.3.12 യു.ജി.സി ശമ്പളം വാങ്ങുന്ന അദ്ധ്യാപകർക്ക് യു.ജി.സി നിർദ്ദേശം ലംഘിച്ച് പരീക്ഷാ ജോലികൾക്ക് പ്രതിഫലം നല്കുന്നു

യു.ജി.സി നോട്ടിഫിക്കേഷൻ (F3-1/94(PS)1998 തീയതി 24.12.1998) അനുസരണമായ പരിഷ്കരണങ്ങൾ കേരളത്തിലെ സർവ്വകലാശാലകൾക്ക് 1996 ജനവരി 1 മുതൽ മുൻകാല പ്രാബല്യത്തോടെ ബാധകമാക്കിയിട്ടുണ്ട്. യു.ജി.സി. സ്കെയിൽ അനുസരിച്ചുള്ള ശമ്പളമാണ് ആരോഗ്യസർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത സർക്കാർ കോളേജുകളിലെയും എയിഡഡ് കോളേജുകളിലെയും സ്ഥിര അധ്യാപകർക്ക് നല്കുന്നത്. 2010 ലെ യു.ജി.സി റെഗുലേഷൻസിലെ കോഡ് ഓഫ് പ്രൊഫഷണൽ എത്തിക്സ് പ്രകാരം സർവ്വകലാശാലകളുടെയും അനുബന്ധ

കോളേജുകളുടേയും പരീക്ഷാനടത്തിപ്പ്, മേൽനോട്ടം, ഇൻവിജിലേഷൻ, മൂല്യനിർണ്ണയം എന്നിവ അദ്ധ്യാപകരുടെ ഉത്തരവാദിത്തമാണ്. എന്നാൽ യു.ജി.സി ശമ്പളം കൈപ്പറ്റുന്ന അധ്യാപകർക്കും പരീക്ഷാ നടത്തിപ്പ്, മൂല്യനിർണ്ണയം എന്നിവയ്ക്ക് പ്രതിഫലം നല്കിയതായി കാണുന്നു. യു.ജി.സി റെഗുലേഷൻസിലെ കോഡ് ഓഫ് പ്രൊഫഷണൽ എത്തിക്സിനു വിരുദ്ധമായി പ്രത്യേകം പ്രതിഫലം നലകിയത് ഓഡിറ്റിൽ അനുവദനീയമല്ല.

***(വിശദാംശം ഭാഗം 3 ൽ ഖണ്ഡിക 3.1 ആയി ചേർത്തിട്ടുണ്ട്)***

## 1.3.13 പരീക്ഷാ ഡ്യൂട്ടിയ്ക്ക് നിയമിതരാകുന്ന സർവ്വകലാശാല ജീവനക്കാർക്ക് ചട്ട വിരുദ്ധമായി ആനുകൂല്യങ്ങൾ നല്കി

ജി.ഒ.(പി) നം.3/2019/H&FWD dtd. 6.2.2019 പ്രകാരം പുറപ്പെടുവിച്ച കേരള ആരോഗ്യ സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 2019 ഖണ്ഡിക 92 അനുസരിച്ച് സർവ്വകലാശാലയിലെ അനധ്യാപക ജീവനക്കാർക്ക് യാത്രാബത്ത അനുവദിക്കേണ്ടത് കേരളാ സർവ്വീസ് ചട്ടങ്ങൾ അനുസരിച്ചാണ്. എന്നാൽ ഈ ചട്ടങ്ങൾക്ക് വിരുദ്ധമായിട്ടാണ് പരീക്ഷാ ഡ്യൂട്ടി ചെയ്യുന്നവർക്ക് അലവൻസ് അനുവദിച്ചത്. തന്മൂലം ഓഡിറ്റ് വർഷം 1,06,665/- രൂപയുടെ അധികചെലവുണ്ടായിട്ടുണ്ട്.
***(വിശദാംശം ഭാഗം 3 ൽ ഖണ്ഡിക 3.2 ആയി ചേർത്തിട്ടുണ്ട്)***

## 1.3.14 ഇവാല്വേഷൻ ക്യാമ്പിൽ പങ്കെടുത്ത അധ്യാപകർക്ക് സർക്കാർ അംഗീകാരമില്ലാതെ ആനുകൂല്യങ്ങൾ നല്കി

സർവ്വകലാശാല ജീവനക്കാർക്ക് ശമ്പളവും മറ്റ് അലവൻസുകളും നല്കേണ്ടത് കേരളാ സർവ്വീസ് ചട്ടങ്ങൾ, അതതു കാലഘട്ടങ്ങളിലെ സർക്കാർ ഉത്തരവുകൾ എന്നിവയ്ക്കനുസരിച്ച് ആയിരിക്കണം. കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ആക്ട് 2010 വകുപ്പ് 77(1) (iii) പ്രകാരം സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരം കൂടാതെ സർവ്വകലാശാല അതിന്റെ ഏതെങ്കിലും അധ്യാപകർക്കോ ഉദ്യോഗസ്ഥർക്കോ മറ്റ് ജീവനക്കാർക്കോ എക്സ്ഗ്രേഷ്യ പേയ്മെന്റോ സാമ്പത്തിക ബാധ്യതയുള്ള മറ്റ് ആനുകൂല്യങ്ങളോ ഉൾപ്പെടെ ഏതെങ്കിലും പ്രത്യേക ശമ്പളമോ ബത്തകളോ, ഏതെങ്കിലും തരത്തിലുള്ള മറ്റ് അധിക വേതനമോ അനുവദിക്കാൻ പാടുള്ളതല്ല. എന്നാൽ ഇവാല്വേഷൻ ക്യാമ്പിൽ പങ്കെടുക്കുന്ന അധ്യാപകർക്ക് സർക്കാർ അംഗീകാരമില്ലാതെ ആനുകൂല്യങ്ങൾ അനുവദിച്ചതായി കാണുന്നു.

ഇവാല്വേഷൻ ക്യാമ്പിൽ പങ്കെടുക്കുന്ന അധ്യാപകർക്ക് ചുവടെ ചേർക്കും പ്രകാരമാണ് അലവൻസ് അനുവദിച്ചത്.

| ഇനം | നിരക്ക് |
|---|---|
| കൺവേയൻസ് അലവൻസ്<br>(8 കിലോ മീറ്ററിൽ കൂടുതൽ യാത്ര ചെയ്യേണ്ടവർക്ക് ) | രൂ.5/കി.മീ.<br>(പ്രതിദിനം മിനിമം 350) |
| ഹാൾട്ട് അലവൻസ് (ഹാൾട്ട് ചെയ്യുന്നവർക്ക്) | പ്രതിദിനം രൂ.800 |
| സ്പെഷ്യൽ ക്യാമ്പ് അലവൻസ് (ഹാൾട്ട് ചെയ്യാത്തവർക്ക്) | പ്രതിദിനം രൂ. 400 |

(ഇവ കൂടാതെ മൂല്യ നിർണ്ണയത്തിനുള്ള പ്രതിഫലവും നല്കിയിട്ടുണ്ട്).

കെ.എസ്.ആർ. Vol.I Part II Rule 55, 57, 63 എന്നിവ അനുസരിച്ച് ആസ്ഥാനത്തു നിന്നും 8 കി.മീറ്ററിൽ അധികം യാത്ര ചെയ്യുന്നവർക്കാണ് ദിനബത്തയ്ക്ക് അർഹത, മൈലേജ് അലവൻസ് 32 കി.മീറ്ററിൽ അധികം യാത്ര ചെയ്യുന്നവർക്കും. 18.02.2022 ലെ സർക്കാർ ഉത്തരവ് ജി.ഒ.(പി) നം. 21/2022/ഫിൻ പ്രകാരം ഗ്രേഡ് 1 വിഭാഗത്തിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് കിലോമീറ്ററിന് 2.50 നിരക്കിൽ ആണ് മൈലേജ് അലവൻസ് അനുവദിക്കാവുന്നത്. കൂടാതെ സംസ്ഥാനത്തിനുള്ളിൽ 600 രൂപാ നിരക്കിലും സംസ്ഥാനത്തിനു പുറത്ത് 750 രൂപാ നിരക്കിൽ ആണ് ദിനബത്ത നല്കേണ്ടത്.

ഇവിടെ മൈലേജ് അലവൻസ്, ദിനബത്ത എന്നിവയ്ക്കു പകരം "കൺവേയൻസ് അലവൻസ്", "ഹാൾട്ട് അലവൻസ്" എന്ന പേരുകളിലാണ് ആനുകൂല്യങ്ങൾ നല്കിയിട്ടുള്ളത്. ഹാൾട്ട് ചെയ്യാത്തവർക്ക് പ്രതിദിനം 400/- രൂപ നിരക്കിൽ സ്പെഷ്യൽ ക്യാമ്പ് അലവൻസ് എന്ന പേരിലും തുക അനുവദിച്ചതായി കാണുന്നു.

ഇപ്രകാരം ആനുകൂല്യങ്ങൾ നല്കിയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./ തിയതി | ഇവാല്യുവേറ്റർ | ക്യാമ്പ് നടന്ന സ്ഥലം, ദൂരം, കാലയളവ് | നല്കിയ ആനുകൂല്യങ്ങൾ | |
|---|---|---|---|---|---|
| | | | | കൺവേയൻസ് അലവൻസ് | സ്പെഷ്യൽ ക്യാമ്പ് അലവൻസ്/ഹാൾട്ട് അലവൻസ് |
| 1 | P94/ 22.04.22 | ഡോ. ഭാഗ്യലക്ഷ്മി എൻ. അസി. പ്രൊഫസർ, പുഷ്പഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, തിരുവല്ല | ഗവ. മെഡിക്കൽ കോളേജ്, കോട്ടയം 35km 18.10.21, 19.10.21, 23.10.21 | 3x350=1050 | 3x400=1200 |

| | | | | | |
|---|---|---|---|---|---|
| 2 | P94/ 22.04.22 | ഡോ. റീന ആനി ജോസ്, അസി. പ്രൊഫസർ, ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജ്, തിരുവല്ല | ഗവ. മെഡിക്കൽ കോളേജ്, കോട്ടയം 40km 18.10.21, 22.10.21, 23.10.21, 26.10.21 | 4x350=1400 | 4x400=1600 |
| 3 | P734/ 05.09.22 | ഡോ. ഗീത എ. പ്രൊഫസർ, പുഷ്പഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, തിരുവല്ല | ഗവ. മെഡിക്കൽ കോളേജ്, കോട്ടയം 36km 10.03.22, 11.03.22, 14.03.22 മുതൽ 18.03.22 വരെ, 21.03.22 | 8x360=2880 | 8x400=3200 |
| 4 | P734/ 05.09.22 | ഡോ. പുണ്യ ചന്ദ്രൻ അസി. പ്രൊഫസർ, പുഷ്പഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, തിരുവല്ല | ഗവ. മെഡിക്കൽ കോളേജ്, കോട്ടയം 36km 11.03.22, 14.03.22, 15.03.22, 16.03.22, 18.03.22, 19.03.22 | 6x360=2160 | 6x400= 2400 |
| 5 | P94/ 22.04.22 | ഡോ. ലത വി. ഗവ.മെഡിക്കൽ കോളേജ്, കണ്ണൂർ | ഗവ. മെഡിക്കൽ കോളേജ്, കോട്ടയം 382km-ട്രെയിൻ 40km-കാർ 18.10.21 മുതൽ 23.10.21 വരെ, | 2290 (ട്രെയിൻ+കാർ യാത്ര) | 6x800=4800 |
| 6 | P94/ 22.04.22 | ഡോ. ഗീത എം. ഐ. അസോ. പ്രൊഫസർ, ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം | ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം 28.07.21 മുതൽ 31.07.21 വരെ, 02.08.21 മുതൽ 07.08.21 വരെ | ഇല്ല | 9x400 =3600 |

| | | | | | |
|---|---|---|---|---|---|
| 7 | P734/ 05.09.22 | ഡോ.ഈവ്‌ലിൻ തോമസ്, അസോ. പ്രൊഫസർ, ഗവ. മെഡിക്കൽ കോളേജ്, കോട്ടയം | ഗവ.മെഡിക്കൽ കോളേജ്, കോട്ടയം 10.03.22 മുതൽ 12.03.22 വരെ, 14.03.22 മുതൽ 22.03.22 വരെ | ഇല്ല | 12x400 =4800 |
| 8 | P734/ 05.09.22 | ഡോ.സോഫിയാമ്മ ജോസഫ്, അസി. പ്രൊഫസർ, ഗവ.മെഡിക്കൽ കോളേജ്, കോട്ടയം | ഗവ.മെഡിക്കൽ കോളേജ്, കോട്ടയം 11.03.22, 12.03.22, 14.03.22 മുതൽ 21.03.22 വരെ | ഇല്ല | 9.5x400 =3800 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.33/08.10.2024) സമർപ്പിച്ച മറുപടിയിൽ ഗവേണിംഗ് കൗൺസിൽ തീരുമാനം അനുസരിച്ചാണ് ആനുകൂല്യങ്ങൾ നല്കിയത് എന്നും ആയത് പൂർണ്ണമായും നിയമപ്രകാരമാണെന്നും സ്പെഷ്യൽ ക്യാമ്പ് അലവൻസ് എന്നത് ക്യാമ്പുകളുടെ സുഗമമായ നടത്തിപ്പിലേക്കായി സർവകലാശാല അനുവദിച്ചിട്ടുള്ളതാണെന്നും പറയുന്നു. എന്നാൽ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ആക്ട് 2010 വകുപ്പ് 77(1) (iii) പ്രകാരം സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരം കൂടാതെ ഇപ്രകാരം ആനുകൂല്യങ്ങൾ നല്കുന്നതിന് സർവ്വകലാശാലയ്ക്ക് അധികാരമില്ല. ആയതിനാൽ സർവ്വീസ് ചട്ടങ്ങൾക്കു വിരുദ്ധമായും സർക്കാർ അംഗീകാരമില്ലാതെയും ആനുകൂല്യങ്ങൾ അനുവദിക്കുന്നത് ക്രമപ്രകാരമല്ല. കേരളാ സർവ്വീസ് ചട്ടങ്ങൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ മാത്രം നല്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 1.3.15 ശീതികരണ സംവിധാനം – AMC കരാർ വ്യവസ്ഥകൾ പാലിക്കാത്ത സ്ഥാപനത്തിൻ സർവ്വീസ് ചാർജ്ജ് നല്കി – ചെലവ് അംഗീകരിക്കുന്നില്ല

സർവ്വകലാശാല ഭരണ മന്ദിരത്തിലെ ശീതികരണ സംവിധാനത്തിന്റെ 14.6.2022 മുതൽ 13.6.2023 വരെയുള്ള കാലയളവിലെ (ഒരു വർഷം) വാർഷിക പരിപാലന കരാർ 4,06,000/- രൂപക്ക് M/s Voltas Ltd. എന്ന സ്ഥാപനത്തിന് ഏല്പിച്ചു നൽകിയിരുന്നു. ആദ്യ രണ്ടു പാദങ്ങളിലെ സർവ്വീസ് തുക ഇനത്തിൽ ഓഡിറ്റു വർഷം സ്ഥാപനത്തിന് നികുതിയടക്കം 2,39,540/- നല്കി. എന്നാൽ സ്ഥാപന കരാർ പ്രകാരമുള്ള പരിപാലനം നടത്തിയിട്ടില്ല എന്നു കാണുന്നു. കരാർ പ്രകാരമുള്ള പരിപാലനം നടത്തിയിട്ടില്ല എന്ന് വ്യക്തമായിട്ടും സർവ്വീസ് ചാർജ്ജ് അനുവദിക്കുകയുണ്ടായി. ആയതിനാൽ

സർവ്വീസ് ചാർജ്ജ് ഇനത്തിൽ നല്കിയ 2,39,540/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

***(വിശദാംശം ഭാഗം 3 ൽ ഖണ്ഡിക 3.3 ആയി ചേർത്തിട്ടുണ്ട്)***

### 1.3.16 മഴവെള്ള സംഭരണി നിർമ്മാണം – പദ്ധതി നടത്തിപ്പിലെ അപാകതകൾ

സർവ്വകലാശാലാ കാമ്പസിൽ ജലലഭ്യത ഉറപ്പാക്കുന്നതിനായി Centre for Water Resources Management എന്ന സ്ഥാപനം നൽകിയ ടെക്നിക്കൽ സ്പെസിഫിക്കേഷൻ അടങ്ങിയ പ്രൊപ്പോസൽ അനുസരിച്ച് 1,24,37,587 രൂപ ചെലവഴിച്ച് 65m x 65m വിസ്തൃതിയും 4.5 മീറ്റർ ആഴവുമുള്ള ഒരു ജലസംഭരണി 2014-15 വർഷം സർവ്വകലാശാല കാമ്പസിൽ നിർമ്മിച്ചിരുന്നു. ഈ സംഭരണിയിൽ ജലം സംഭരിക്കാൻ ആവശ്യമായ Concrete, HDPE lining എന്നിവ ചെയ്യുന്നതിനായി CPWD 2,08,28,600 രൂപയുടെ പ്രിലിമിനറി എസ്റ്റിമേറ്റ് നല്കുകയുണ്ടായി. എന്നാൽ പ്രവൃത്തിക്ക് 1.25 കോടിയുടെ ഭരണാനുമതിയാണ് സർക്കാർ നല്കിയത്. ഈ തുക (1.25 കോടി) മുൻകൂർ നല്കി 22.3.2022 ൽ നിർമ്മാണം CPWD യെ എൽപ്പിച്ചു (UO. 379/22/Admn/Kuhs/22.3.2022 പ്രകാരം). പ്രിലിമിനറി എസ്റ്റിമേറ്റ് പ്രകാരം ശേഷിച്ച തുക, രൂ.83,28,600/- (2,08,28,600-1,25,00,000) 20.3.2023 ലെ DD നം 317156 പ്രകാരം തനതു ഫണ്ടിൽ നിന്നും CPWD ക്ക് നൽകി. 11.4.2023 ലെ EE.Tcr/23/368 പ്രകാരം പ്രവൃത്തി പൂർത്തിയായതായി കാണിച്ച് CPWD സൈറ്റ് രജിസ്ട്രാറിന് കൈമാറി.

മേൽ മരാമത്ത് പ്രവൃത്തി നടത്തിപ്പിൽ ചില ന്യൂനതകൾ ഉള്ളതായി കാണുന്നു.

**1)** നിർമ്മാണം പൂർത്തീകരിച്ച് രണ്ട് മഴക്കാലം കഴിഞ്ഞിട്ടും 4.5 മീറ്റർ ആഴമുള്ള ജല സംഭരണിയുടെ 1/4 ഭാഗം പോലും ജലം സംഭരിക്കാൻ സാധിച്ചതായി കാണുന്നില്ല. ആയതിനാൽ കോടികൾ ചെലവഴിച്ച് നിർമ്മിച്ച ജലസംഭരണികൊണ്ട് നാളിതുവരെ ഉദ്ദേശിച്ച പ്രയോജനം ഉണ്ടായിട്ടില്ല എന്നു കാണുന്നു.

**2)** 4.5 മീറ്റർ ആഴമുള്ള ജലസംഭരണിയിൽ ഏതെങ്കിലും കാരണവശാൽ വീണുപോകുന്നവർക്ക് രക്ഷപ്പെടുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടില്ല. ഇത് ഗുരുതര വീഴ്ചയാണ്.

**3)** CPWD സൂപ്രണ്ടിങ്ങ് എഞ്ചിനീയർ 14.2.2022 ൽ സമർപ്പിച്ച 2,08,28,600 രൂപയുടെ പ്രിലിമിനറി എസ്റ്റിമേറ്റ് (Abstract) മാത്രമാണ് സർവ്വകലാശാലക്ക് നൽകിയിട്ടുള്ളത്. 20.4.2023 ലെ 9372/21/A1/works/Kuhs പ്രകാരം സർവ്വകലാശാല, പ്രസ്തുത പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ടെങ്കിലും ആയതു നാളിതു വരെ ലഭ്യമാക്കിയിട്ടില്ല. വിശദമായ എസ്റ്റിമേറ്റ്, ഡാറ്റാ ഷീറ്റ് തുടങ്ങിയ ഒരു രേഖയും ഫയലിൽ ഇല്ല.

**4)** പ്രിലിമിനറി എസ്റ്റിമേറ്റ് ഐറ്റം നം.1.1.1 പ്രകാരം 3030 ചതുരശ്ര മീറ്റർ സ്ഥലത്തെ മണ്ണ് കുഴിച്ചെടുക്കുന്നു. എന്നാൽ ഈ മണ്ണിന്റെ വിനിയോഗം വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

**5)** PE item No.6.1., 6.2 എന്നിവ യഥാക്രമം 1mm, 2.2mm എന്നിങ്ങനെ കനമുള്ള HDPE sheet lining നടത്തിയിട്ടുള്ളതായി രേഖപെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ guarantee എത്ര വർഷത്തേക്ക് എന്നതും, HDPE Lining ന് Indian standards ഉറപ്പാക്കിയതിന്റെ സാക്ഷ്യപത്രങ്ങളും ഹാജരാക്കിയിട്ടില്ല.

**6)** സർക്കാർ ഭരണാനുമതി നൽകിയ തുകയേക്കാൾ 83,28,600 രൂപ മേൽപ്രവൃത്തിക്ക് അധികം ചെലവഴിച്ചതിന് സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമായിട്ടില്ല.

ക്രമ നം. 3, 4, 5 എന്നിവയിൽ പറയുന്ന രേഖകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 34/17.10.2024) സർവ്വകലാശാല സമർപ്പിച്ച മറുപടിയിൽ, മേൽ പറഞ്ഞ രേഖകൾ ഒന്നുംതന്നെ സർവകലാശാലയ്ക്ക് CPWD കൈമാറുന്നതല്ല എന്ന മറുപടിയാണ് സമർപ്പിച്ചിട്ടുള്ളത്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ചെലവ് അംഗീകരിക്കുന്നതിനായി പരാമർശിത രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. പരാമർശിത രേഖകളുടെ അഭാവത്തിലും സർക്കാർ അനുമതിയിലും കൂടുതൽ തുക ചെലവു നടത്തിയതിനാലും ഓഡിറ്റു വർഷം നടത്തിയ 83,28,600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ജല സംഭരണിയുടെ ഉദ്ദേശലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും അപകടം ഒഴിവാക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഗവേണിംഗ് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 1.3.17 സ്കൂൾ ഓഫ് ഹെൽത്ത് പോളിസി & പ്ലാനിംഗ് കെട്ടിട നിർമ്മാണം – സർക്കാർ അനുമതി ഇല്ലാതെ തുക ചെലവഴിച്ചു, പൂർത്തീകരണ വിവരങ്ങൾ ഇല്ല

സംസ്ഥാന സർക്കാർ അനുവദിച്ച സ്കൂൾ ഓഫ് ഹെൽത്ത് പോളിസി & പ്ലാനിംഗ് കെട്ടിട നിർമ്മാണം 28.07.2015 ൽ CPWD യെ ഏല്പിക്കുകയുണ്ടായി. CPWD ഹാജരാക്കിയ 25,86,73,410/- രൂപയുടെ പ്രിലിമിനറി എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 3 ഘട്ടങ്ങളായി നിർമ്മാണം നടത്തുവാനാണ് സർവ്വകലാശാല CPWD യെ ചുമതലപ്പെടുത്തിയത്. (ഉത്തരവ് നം.10676/14/IDp/works/HP/p/KUHS തീയതി 28.7.2015).

പ്രസ്തുത കെട്ടിടത്തിന്റെ ഒന്നാം ഘട്ട നിർമ്മാണത്തിന് 28.9.2017 ലെ ജി.ഒ.(ആർ.ടി.) 2692/17/ H &FWD പ്രകാരം 6.5 കോടി സർക്കാർ അനുവദിച്ചു.

രണ്ടാം ഘട്ട നിർമ്മാണത്തിനായി 10 കോടിയുടെ ഭരണാനുമതി 11.06.2019 ലെ ജി.ഒ.(ആർ.ടി.) 1390/19/H/FWD പ്രകാരം ലഭിച്ചെങ്കിലും തുക അനുവദിച്ചു നല്കിയില്ല. തുടർന്ന് 02.06.2022 ലെ ജി.ഒ.(ആർ.ടി.)1273/22/H&FWD പ്രകാരം സർക്കാർ അനുവാദം നൽകിയതിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലയുടെ തനതു ഫണ്ടിൽ നിന്നുമാണ് തുക ചെലവഴിച്ചത്.

മൂന്നാം ഘട്ട നിർമ്മാണത്തിനായുള്ള ഭരണാനുമതിക്കായി സർവ്വകലാശാല സർക്കാരിനെ സമീപിച്ചെങ്കിലും അനുമതി ലഭിച്ചില്ല. തുടർന്ന് 25.02.2023 ലെ സർകലാശാല ജനറൽ കൗൺസിലിന്റെ 73-ാമത് തീരുമാനപ്രകാരം 9,36,73,410/- രൂപ തനതു ഫണ്ടിൽ നിന്നും CPWD ക്ക് നൽകി (ഡി.ഡി.നം. 317167/23.03.2023). ഈ പ്രവൃത്തിയുടെ നടത്തിപ്പിൽ കണ്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

**1)** 28.07.2015 ൽ നിർമ്മാണ ചുമതല CPWD യെ എല്പിച്ച് എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും (₹25,86,73,410/-) നൽകിയെങ്കിലും നിർമ്മാണം പൂർത്തിയായതിന്റെ വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം നാളിതുവരെയായിട്ടും ഹാജരാക്കിയിട്ടില്ല.

**2)** മൂന്നാം ഘട്ട നിർമ്മാണത്തിന് സർക്കാരിന്റ ഭരണാനുമതി ലഭിച്ചിട്ടില്ല.

**3)** കെട്ടിട നിർമ്മാണത്തിന്റെ 2, 3 ഘട്ടങ്ങൾക്കായി തനതു ഫണ്ടിൽ നിന്നും ചെലവഴിച്ച തുക (₹19,36,73,410/- ) സർക്കാരിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല.

ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.35/17.10.2024) സമർപ്പിച്ച മറുപടിയിൽ, ഭരണാനുമതിക്കായി സർക്കാരിന് കത്തു നല്കിയതായും വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ പകർപ്പ് ഹാജരാക്കുന്നതായും പറയുന്നുണ്ട്. എന്നാൽ വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല.

സർക്കാരിന്റെ ഭരണാനുമതി, CPWD യിൻ നിന്നുള്ള വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതും തനതുഫണ്ടിൽ നിന്നും ചെലവഴിച്ച തുക സർക്കാരിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. സർക്കാരിന്റെ ഭരണാനുമതി, വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ ഈ പ്രവൃത്തിക്കായി തൻവർഷം നടത്തിയ 9,36,73,410/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1.3.18 ഓഡിറ്റോറിയം - CPWD യ്ക്ക് 4.38 കോടി നല്കി 4 വർഷം കഴിഞ്ഞിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ല

**{ഫയൽ നം. - 2856/WORKS/KUHS/2018}**

യൂട്ടിലിറ്റി ബിൽഡിംഗ് നിർമ്മാണത്തിന് അനുവദിച്ച 8.56 കോടി രൂപയിൽ നിന്ന് മിച്ചം ലഭിച്ച തുകയായ 4.51 കോടി വിനിയോഗിച്ച് ഒരു ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും

12.02.2018 ൽ GO(Rt) No. 507/2018/H&FWD പ്രകാരം ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുള്ളതാണ്. 11,61,91,500 രൂപയുടെ പ്രിലിമിനറി എസ്റ്റിമേറ്റും കുറച്ചുകൂടി സൗകര്യങ്ങൾ ഉൾപ്പെടുത്തണമെന്ന സർവ്വകലാശാലയുടെ ആവശ്യപ്രകാരം 13,42,44,447/- രൂപയുടെ റിവൈസ്ഡ് പ്രിലിമിനറി എസ്റ്റിമേറ്റും CPWD സമർപ്പിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം 4,38,03,647/- രൂപ CPWD യ്ക്ക് നൽകിയിട്ടുണ്ട്.

വൗച്ചർ നം. P762/09.08.2018 – 1,50,31,830/-
വൗച്ചർ നം. P109/04.11.2020 – 2,87,71,817/-
**ആകെ – 4,38,03,647/-**
==============

എന്നാൽ വർഷങ്ങൾ കഴിഞ്ഞിട്ടും ഓഡിറ്റോറിയം നിർമ്മാണവുമായി ബന്ധപ്പെട്ട ഒരു പ്രവർത്തനവും ആരംഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 39/17.10.2024) , ഓഡിറ്റോറിയത്തിന്റെ പ്ലാൻ പ്രകാരം CPWD സമർപ്പിച്ച എസ്റ്റിമേറ്റിൽ തുക കൂടിപ്പോയതിനാൽ ഓഡിറ്റോറിയത്തിന്റെ പ്ലാൻ പുനർ രൂപകല്പന നടത്തുന്നതിന് ശിപാർശ ചെയ്യുകയും ഇതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ഒരു സബ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട് എന്ന് മറുപടിയാണ് സമർപ്പിച്ചത്.

തുക നല്കി വർഷങ്ങൾ കഴിഞ്ഞിട്ടും പ്ലാൻ ഫൈനലൈസ് ചെയ്ത് നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തത് ഗുരുതര വീഴ്ചയാണ്. 2016 നിരക്ക് അടിസ്ഥാനമാക്കിയാണ് CPWD എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. കാലതാമസം ഉണ്ടാകുന്നതുമൂലം പുതുക്കിയ നിരക്കുകൾ പ്രകാരം പ്രവൃത്തി നടത്തേണ്ടതായി വരും. ഇത് നിർമ്മാണ ചെലവ് ഉയരുന്നതിനു കാരണമാകും. ആയതിനാൽ അടിയന്തര നടപടികൾ സ്വീകരിച്ച് ഓഡിറ്റോറിയം നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കേണ്ടതാണ്. വിഷയത്തിൽ ഗവേണിംഗ് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1.3.19 സിമുലേഷൻ ലാബ് – ലഭ്യമാക്കാത്ത ഉപകരണത്തിന്റെ വില തിരികെ ലഭിച്ചില്ല, സർക്കാർ ധനസഹായം ലഭിച്ചില്ല

സർവ്വകലാശാലയുടെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ സിമുലേഷൻ ലാബിലേക്കുള്ള ഉപകരണങ്ങൾ KMSCL (കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്) ൽ നിന്നും വാങ്ങുന്നതിന് 24.07.2017-ൽ ഗവേണിംഗ് കൗൺസിൽ തീരുമാനിക്കുകയുണ്ടായി (തീരുമാനം നം.40/24.07.2017). ആയതിന് G.O.(Rt.)No.2303/2018/H&FWD തീയതി 20.07.2018 പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. സിമുലേഷൻ ഉപകരണങ്ങൾ വാങ്ങുന്നതിനും അനുബന്ധ മരാമത്ത് പ്രവൃത്തികൾക്കുമായി 15,37,27,739 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി. ഇതനുസരിച്ച് 10 കോടി രൂപ സർക്കാർ ഗ്രാന്റും ശേഷിക്കുന്നത് സർവ്വകലാശാലയുടെ തനത് ഫണ്ടുമാണ്. ഈ

എസ്റ്റിമേറ്റിന് ഗവേണിംഗ് കൗൺസിൽ 01.03.2019 ൽ അംഗീകാരം നല്കിയിട്ടുണ്ട് (തീരുമാനം നം. 51/01.03.2019).

സിമുലേഷൻ ലാബിൽ സ്ഥാപിക്കുന്നതിനുള്ള 23 ഇനം ഉപകരണങ്ങൾ വിതരണം നടത്തുന്നതിന് ആയതിന്റെ വില 3,06,90,675 രൂപയും 5% സർവ്വീസ് ചാർജ്ജും (₹15,34,534/-) സഹിതം നല്കേണ്ട 3,22,25,209/- രൂപയിൽ നിന്നും 1,53,454/- രൂപ (സർവ്വീസ് ചാർജ്ജ് തുകയായ 15,34,534/- രൂപയുടെ 10%) TDS ഇനത്തിൽ കിഴിവ് നടത്തി ബാക്കി 3,20,71,755/- രൂപ (വൗച്ചർ നം.1242/30.03.22) മുൻകൂർ പണമായി KMSCL ന് നല്കിയിരുന്നു. KMSCL നല്കിയ വിതരണ ഉത്തരവുകൾ പ്രകാരം, ഏഴ് സ്ഥാപനങ്ങൾ (Bio Medical Engineering Company, BNS Health Aids, Carevel Medical Systems Pvt. Ltd., Sree Gokulam Health Care Pvt Ltd, Madras Surgicals & Chemicals, Dynamic Tracom Private Limited) ആണ് ഉപകരണങ്ങൾ വിതരണം ചെയ്തത്. എന്നാൽ ഇതിൽ Dynamic Tracom Private Limited എന്ന സ്ഥാപനം വിതരണം ചെയ്ത Intubation Trainer എന്ന ഉപകരണം 26.08.2022-ലെ സാങ്കേതിക സമിതി റിജക്റ്റ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനം ഉപകരണം തിരികെ കൊണ്ടുപോയി.

ഈ പ്രോജക്റ്റിന്റെ നടത്തിപ്പിൽ ചുവടെ ചേർക്കുന്ന ന്യൂനതകൾ കാണുന്നു.

1) Intubation Trainer എന്ന ഉപകരണത്തിന്റെ വിലയിനത്തിൽ, സർവ്വിസ് ചാർജ്ജ് ഉൾപ്പെടെ 92,925/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ ഉപകരണം തിരികെ കൊണ്ടുപോയിട്ടും ആയതിന്റെ വിലയിനത്തിൽ ഒടുക്കിയ തുക നാളിതുവരെ സർവ്വകലാശാലയ്ക്ക് തിരികെ നല്കിയിട്ടില്ല.

2) KMSCL ന് സർവ്വീസ് ചാർജ്ജ് ഇനത്തിൽ ₹15,34,534/- നല്കിയിട്ടുണ്ട്. എന്നാൽ ആയതിന്റെ ഇൻവോയ്സ് സമർപ്പിച്ചിട്ടില്ല.

3) സിമുലേഷൻ ലാബ് സ്ഥാപിക്കുന്നതിനായി 20.07.2018 ലെ G.O.(Rt) 2303/2018/H&FWD പ്രകാരം അനുവദിച്ചിട്ടുള്ള 10 കോടി രൂപ നാളിതുവരെ സർവ്വകലാശാലയ്ക്ക് ലഭ്യമായിട്ടില്ല.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 55/25.10.2024) സമർപ്പിച്ച മറുപടിയിൽ തുക ഈടാക്കാനും ഇൻവോയിസ് ലഭ്യമാക്കാനും നടപടി സ്വീകരിച്ചതായി പറയുന്നു. നടപടികൾ ത്വരിതപ്പെടുത്തി സർവ്വകലാശാലയ്ക്കു ലഭിക്കാനുള്ള തുകകൾ ഈടാക്കി വിവരം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

### 1.3.20 അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ സർക്കാർ അംഗീകാരമില്ലാതെ കരാർ നിയമനം നടത്തുന്നു

09.07.2019 ലെ സ.ഉ.(അച്ചടി)നം.81/2019/ധന. പ്രകാരം കരാർ നിയമനം സർക്കാരിന്റെ മുൻകൂർ അനുമതിയോടെ മാത്രമേ നടത്താൻ പാടുള്ളൂ എന്നും നിയമനം ഒരു വർഷത്തേക്ക് മാത്രം

പരിമിതപ്പെടുത്തേണ്ടതും വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നല്കാവുന്നതുമാണ്. രണ്ടു വർഷ കാലാവധിക്കു ശേഷം സർക്കാർ അനുമതിയോടെ മാത്രമേ കരാർ പുതുക്കാൻ പാടുള്ളൂ.

എന്നാൽ ആരോഗ്യ സർവ്വകലാശാലയിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമിതരായ ചുവടെ ചേർക്കുന്ന ജീവനക്കാർ സർക്കാർ അംഗീകാരമില്ലാതെ കഴിഞ്ഞ 5 വർഷങ്ങളായി തുടരുന്നു.

1. ഡോ. മേഴ്സി. P.J – 22.10.2019 മുതൽ
2. ഡോ. സന്ധ്യ – 4.11.2019 മുതൽ
3. ഡോ. അനൂപ് കുമാർ N. - 28.10.2019 മുതൽ

ടി ജീവനക്കാർക്ക് ആദ്യം പ്രതിമാസം 30,000/- രൂപാ നിരക്കിലാണ് വേതനം നല്കിയിത്. പിന്നീട് 31.01.2021 വരെ പ്രതിമാസം 56395/- രൂപാ നിരക്കിലും തുടർന്ന് 01.02.2021 മുതൽ പ്രതിമാസം 57525/- രൂപാ നിരക്കിലും വേതനം അനുവദിച്ചു. തൻവർഷം വേതനമിനത്തിൽ 15,29,339/- രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നം/തീയതി/ ചെക്ക് നമ്പർ | തുക/രൂപ |
|---|---|---|
| 1 | P-10/1-04-2022<br>ചെക്ക് നം-617437 | 57000 |
| 2 | P-123/4-05-2022<br>ചെക്ക് നം-617568 | 57097 |
| 3 | P-287/1-06-2022<br>ചെക്ക് നം-617742 | 86288 |
| 4 | P-384/1-07-2022<br>ചെക്ക് നം-617859 | 111215 |
| 5 | P-530/1.08.2022<br>ചെക്ക് നം-618025 | 105463 |
| 6 | P-647/1.09.2022<br>ചെക്ക് നം-618175 | 109298 |
| 7 | P-754/1.10.2022<br>ചെക്ക് നം-618301 | 166823 |
| 8 | P-889/1.11.2022<br>ചെക്ക് നം-618465 | 166823 |
| 9 | P-1002/1.12.2022<br>ചെക്ക് നം-618594 | 168864 |

| | | |
|---|---|---|
| 10 | P-1117/3.01.2023<br>ചെക്ക് നം-618735 | 155318 |
| 11 | P-1268/1.02.2023<br>ചെക്ക് നം-618912 | 172575 |
| 12 | P-1370/1.03.2023<br>ചെക്ക് നം-619050 | 172575 |
| | **ആകെ** | **15,29,339/-** |

കൂടാതെ, 2019 ഒക്ടോബർ മുതൽ 2022 ഏപ്രിൽ വരെയുള്ള കാലയളവിലെ വേതന കുടിശ്ശികയായി 20,38,648/- രൂപയും അനുവദിച്ചിട്ടുണ്ട് (U O നം. 1110/22/അഡ്മിൻ/കേ.ആ.സ. തീയതി 30.8.2022).

സർക്കാർ അംഗീകാരമില്ലാതെ ടി ജീവനക്കാർ വർഷങ്ങളായി തുടരുന്നതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.36/17.10.2024) മറുപടിയിൽ, മേൽ തസ്തികകൾക്ക് സ്ഥിരനിയമനത്തിന് സ്പെഷ്യൽ റൂൾസ് ഇല്ലാത്തതിനാൽ 179 ദിവസത്തേക്ക് നിയമനം നടത്തുകയും രണ്ട് പ്രവൃത്തി ദിവസങ്ങൾ ബ്രേക്ക് നൽകി വീണ്ടും നിയമനം നൽകി എന്നാമാണ് സർവകലാശാല അറിയിച്ചിട്ടുള്ളത്.

കരാർ നിയമനം സർക്കാർ അംഗീകാരത്തോടെ പരമാവധി 2 വർഷത്തേയ്ക്ക് മാത്രമേ നടത്താവൂ എന്ന് സർക്കാർ വ്യക്തമാക്കിയ സാഹചര്യത്തിൽ സർക്കാർ അംഗീകാരമില്ലാതെ 10/2019 മുതൽ നിയമിച്ച് 5 വർഷത്തിലധികമായി നിയമനം ദീർഘിപ്പിച്ച് നൽകിയത് ക്രമപ്രകാരമല്ല. സർക്കാർ അനുമതിയില്ലാതെ നിയമനം നടത്തിയതിനാൽ സർക്കാർ അംഗീകാരം ലഭിക്കുന്നതുവരെ ടി ജീവനക്കാർക്ക് വേതനമിനത്തിൽ 2022-23 വർഷം നല്കിയ 15,29,339/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1.3.21 ഓഡിറ്റ് റിപ്പോർട്ട് - ആവശ്യത്തിലധികം കോപ്പികൾ അച്ചടിച്ചു - പാഴ്ചെലവ്

കേരള ആരോഗ്യ ശാസ്ത്രസർവ്വകലാശാലയുടെ 2019-20 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ 280 പ്രതികൾ കേരള സർക്കാർ സ്ഥാപനമായ C-APT മുഖേന അച്ചടിച്ചതായി കാണുന്നു. ആയതിന് ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| **വൗച്ചർ നം. / തീയതി** | **ഇനം** | **തുക** |
|---|---|---|
| 869/27.10.22 | അച്ചടി ചാർജ്ജ് 82300 + GST @18% | 95,468 |
| C239/28.10.22 | ആദായനികുതി (82300 ന്റെ @ 2%) | 1646 |
| | ആകെ | 97114 |

12.09.22-ൽ സ്റ്റേഷനറി സ്റ്റോക്ക് രജിസ്റ്റർ വാല്യം നം. ix-ൽ പേജ് നം.1045 ൽ 280 പ്രതികൾ ലഭിച്ചതായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രതികൾ വിതരണം നടത്തിയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/06.05.2024) ലഭ്യമാക്കിയ മറുപടി പ്രകാരം 110 എണ്ണം സെനറ്റിലേയ്ക്കും 7 എണ്ണം ഫിനാൻസ് കമ്മിറ്റിയിലേയ്ക്കും 20 എണ്ണം ഗവേർണിംഗ് കൗൺസിലിലേയ്ക്കും വിതരണം ചെയ്തതിട്ടുണ്ട്. 27.10.2022 ലെ സർക്കാരിൽ നിന്നുള്ള B/308/2022/ആ.കു.വ. നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ 5 പ്രതികൾ സർക്കാരിലേക്കും അയച്ച് നല്കിയിട്ടുണ്ട്. അവശേഷിക്കുന്ന 138 എണ്ണം ജനറൽ ഫിനാൻസ് വിഭാഗത്തിൽ സൂക്ഷിച്ചിട്ടുള്ളതായും പറയുന്നു.

അതായത് ആവശ്യത്തിലും 138 പ്രതികൾ അധികമായാണ് പ്രിന്റ് ചെയ്തത്. ഇതു വഴി അനാവശ്യ ചെലവാണ് ഉണ്ടായിട്ടുള്ളത്. ആവശ്യത്തിനനുസൃതമായി ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പികൾ പ്രിന്റ് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതും ഇത്തരത്തിലുള്ള അധിക ചെലവ് ഒഴിവാക്കേണ്ടതുമാണ്.

## 1.3.22 ഫാക്കൽറ്റി എൻറോൾമെന്റ് പ്രോഗ്രാം കാര്യക്ഷമമല്ല - യോഗ്യതയില്ലാത്തവരെ എക്സാമിനർമാരായി നിയോഗിച്ചു

**{ഫയൽ നം. ACII/Pharm/A2/22.01.2021}**

2017 ലെ കെ.യു.എച്ച്.എസ്. റഗുലേഷൻസ് പ്രകാരം B Pharm പരീക്ഷയുടെ എക്സാമിനർക്ക് പോസ്റ്റ് ഗ്രാജ്യുവേഷനും, ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യ (PCI) അംഗീകരിച്ച സ്ഥാപനങ്ങളിൽ 3 വർഷത്തെ അദ്ധ്യാപനപരിചയവും ആണ് വേണ്ടത്. എന്നാൽ കാസർഗോഡ് രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസിയിൽ നിശ്ചിത യോഗ്യത (അധ്യാപന പരിചയം) ഇല്ലാത്ത താഴെപ്പറയുന്ന രണ്ട് പേരെ എക്സാമിനർമാരായി നിയമിക്കുകയുണ്ടായി.

1) ശ്രീ. മഹേഷ് കൃഷ്ണൻ (2021 ഓക്ടോബറിൽ നടന്ന 3-ാം സെമസ്റ്റർ ബിഫാം പരീക്ഷയ്ക്ക്)

2) ശ്രീമതി ശാന്തി എം.വി, (ഏപ്രിൽ 2023 ൽ നടന്ന 1-ാം സെമസ്റ്റർ എംഫാം പരീക്ഷയ്ക്ക്)

പിന്നീട് ഇവരുടെ അയോഗ്യത വ്യക്തമായതിനെ തുടർന്ന് ഇവർ നടത്തിയ മൂല്യനിർണയം റദ്ദ് ചെയ്തിട്ടുണ്ട്.

യോഗ്യതയില്ലാത്തവരെ എക്സാമിനർമാരായി നിയോഗിച്ച പ്രിൻസിപ്പലിനോട് സർവ്വകലാശാല വിശദീകരണം ചോദിക്കുകയും മറുപടി തൃപ്തികരമല്ലാത്തതിനാൽ 05.08.2022 ന് ഒരു ഹിയറിങ് നടത്തുകയും ചെയ്തിരുന്നു. ഹിയറിങ്ങിൽ പ്രിൻസിപ്പൽ, യോഗ്യതയില്ലാത്തവരെ എക്സാമിനർമാരായി

അപ്പോയിന്റ് ചെയ്തതിലെ തെറ്റ് സമ്മതിക്കുകയും വിഷയത്തിൽ ഖേദം പ്രകടിപ്പിക്കുകയും ചെയ്തതായും ടി ജീവനക്കാർക്ക് വേതനമൊന്നും നല്കിയിട്ടില്ല എന്നും ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ പറയുന്നു.

അഫിലിയേറ്റഡ് സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ സമഗ്രമായ വിവരശേഖരണത്തിനായി ഫാക്കൽറ്റി എൻറോൾമെന്റ് പ്രോഗ്രാം (FEP) സർവ്വകലാശാല നടപ്പാക്കിയിട്ടുണ്ട്. ഇതു പ്രകാരം അദ്ധ്യാപകൻ സർവ്വകലാശാല പോർട്ടലിൽ സ്വന്തം അക്കാദമിക് വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നത് പ്രിൻസിപ്പൽ പരിശോധിച്ച് സർവ്വകലാശാലയ്ക്ക് സമർപ്പിക്കേണ്ടതും, ആ വിവരങ്ങൾ ഒറിജിനൽ രേഖകളുമായി സർവ്വകലാശാല രജിസ്ട്രാർ ഒത്തു നോക്കേണ്ടതുമാണ്. ഇതുപ്രകാരം എല്ലാ സ്ഥാപനങ്ങളുടെയും FEP പൂർത്തീകരിച്ച് ഐഡന്റിറ്റി കാർഡ് വിതരണം നടത്തിയിട്ടുണ്ട്. എന്നിട്ടും മേൽപ്രകാരമുള്ള അപാകങ്ങൾ സംഭവിക്കുന്നത് FEP കാര്യക്ഷമമല്ല എന്നു വ്യക്തമാകുന്നു.

FEP കാര്യക്ഷമമാക്കി ഇത്തരം ന്യൂനതകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഗവേണിംഗ് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

(ഓഡിറ്റ് അന്വേഷണം നം. 26 തീയതി 21.08.2024)

### 1.3.23 മുൻകൂറുകൾ – ക്രമീകരിക്കുന്നതിൽ വീഴ്ച

കേരള ഫിനാൻഷ്യൽ കോഡ്, വാല്യം 1, ആർട്ടിക്കിൾ 99 പ്രകാരം മുൻകൂർ തുകകൾ നൽകിയ തീയതി മുതൽ 3 മാസത്തിനുള്ളിൽ ക്രമീകരിക്കേണ്ടതാണ്. സർക്കാർ ഉത്തരവ് (അച്ചടി) 419 /2011/ധന തിയതി 4.10.2011 പ്രകാരം മുൻകൂർ കൈപ്പറ്റി 3 മാസത്തിനുള്ളിൽ ക്രമീകരണ ബില്ലുകൾ സമർപ്പിക്കാത്ത പക്ഷം മുഴുവൻ അഡ്വാൻസ് തുകയും തിരിച്ചു പിടിക്കേണ്ടതും, തുക നല്കിയ തീയതി മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വരെ 18% പലിശ ഈടാക്കേണ്ടതുമാണ്. എന്നാൽ സർവ്വകലാശാലയിൽ വിവിധ ആവശ്യങ്ങൾക്കായി നല്കുന്ന മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കുകയോ കാലതാമസത്തിന് ആനുപാതികമായി പലിശ ഈടാക്കുകയോ ചെയ്യുന്നതായി കാണുന്നില്ല. വിശദാംശം ചുവടെ.

#### എ) 2011-12 മുതലുള്ള മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു

എക്സാം ഫിനാൻസിലെ മുൻകൂർ രജിസ്റ്ററുകൾ പ്രകാരം 2011-12 മുതൽ 2021-22 സാമ്പത്തിക വർഷം വരെ ചുവടെ ചേർക്കും പ്രകാരം ആകെ 15,76,210 രൂപയുടെ മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു.

**MBBS**

| ക്രമ നം. | കോളേജ് | പരീക്ഷ | മുൻകൂർ തുക | മുൻകൂർ നല്കിയ വർഷം | ചെക്ക് നം. & തീയതി |
|---|---|---|---|---|---|
| 1. | ഗവ. മെഡിക്കൽ കോളേജ്, കോഴിക്കോട് | MBBS (S) (P) September 2013 | 9000 | 2012-2013 | 175827/ 10-04-2012 |
| 2. | എം.ഇ.എസ്.മെഡിക്കൽ കോളേജ്, പെരിന്തൽമണ്ണ | MBBS (R) (P) September 2012 | 63000 | | 176027/ 04-09-2012 |
| 3. | അസീസിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, കൊല്ലം | MBBS (R) (P) September 2012 | 70000 | | 176042/ 10-09-2012 |
| | **ആകെ** | | **142000** | | |

**BDS & MDS**

| ക്രമ നം. | കോളേജ് | പരീക്ഷ | മുൻകൂർ തുക | മുൻകൂർ നല്കിയ വർഷം | ചെക്ക് നം. & തീയതി |
|---|---|---|---|---|---|
| 1 | പി എം എസ് – D17 | I MDS Theory | 5000 | 2011-12 | 070471, 01-11-2011 |
| 2 | ജി ഡി സി, തിരുവനന്തപുരം – D08 | II BDS (R)(P) Sept 2012 | 23000 | 2012-13 | 176050, 18-09-2012 |
| 3 | ജി ഡി സി കോഴിക്കോട് – D07 | II BDS (R) (P) Sept 2012 | 14000 | | 176065, 31-10-2012 |
| 4 | ജി ഡി സി കോട്ടയം – D06 | MDS Part II R/P July 2013 | 24800 | | 176265, 02-07-2013 |
| 5 | ജി ഡി സി കോട്ടയം D05 | I MDS Part I Theroy Supply January 2014 | 3000 | 2013-14 | 190985, 02-01-2014 |

| | | | | | |
|---|---|---|---|---|---|
| 6 | ജി ഡി സി കോട്ടയം D05 | III BDS S/T March 2014 | 4000 | | 708330, 10-03-2014 |
| 7 | ജി ഡി സി, തിരുവനന്തപുരം -D08 (ഓർത്തോ & ഓറൽ മെഡിസിൻ) | MDS Part II R/P June 2014 | 24500 | 2014-15 | 227553, 11-06-2014 |
| 8 | നൂറൽ – D15 | III BDS R/P October 2014 | 3500 | | 238082, 13-10-2014 |
| 9 | പി എം എസ് – D17 | IV BDS Part II R/P February 2015 | 6000 | | 187662, 23-02-2015 |
| 10 | ജി ഡി സി കോട്ടയം – D06 | I BDS R/T August 2014 | 4000 | | 227639, 01-08-2014 |
| 11 | കെ എം സി ടി – D11 | Final BDS Part II R/T February 2015 | 3000 | | 187599, 11-02-2015 |
| 12 | ജി ഡി സി, കോട്ടയം - D06 | MDS Part II R/T June 2015 | 6000 | 2015-16 | 188068, 29-05-2015 |
| 13 | ജി ഡി സി, തിരുവനന്തപുരം-D08 | MDS Part II RP July 2017 (Ortho) | 16900 | 2017-18 | 274829, 26-07-2017 |
| | **ആകെ** | | **137700** | | |

## Pharmacy - M.Pharm

| ക്രമ നം. | കോളേജ് | പരീക്ഷ | മുൻകൂർ തുക | മുൻകൂർ നല്കിയ വർഷം | ചെക്ക് നം. & തീയതി |
|---|---|---|---|---|---|
| 1. | എഴുത്തച്ഛൻ കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ് - P09 | I-M.Pharm (Practical) – October 2013 | 10500 | 2013-2014 | 190917/ 21-10-2013 |

| | | | | | |
|---|---|---|---|---|---|
| 2. | ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം – P 08 | I-M.Pharm (Practical) – March 2014 | 8500 | | 227379/ 31-03-2014 |
| 3. | നാഷണൽ കോളേജ് ഓഫ് ഫാർമസി | II-MPharm. D (Practical) November 2013 | 29500 | | 190968/ 27-11-2013 |
| **ആകെ** | | | **48500** | | |

## Pharmacy - B.Pharm

| ക്രമ നം. | കോളേജ് | പരീക്ഷ | മുൻകൂർ തുക | മുൻകൂർ നല്കിയ വർഷം | ചെക്ക് നം. & തീയതി |
|---|---|---|---|---|---|
| 1. | മെഡിക്കൽ കോളേജ്, കോട്ടയം – P09 | I BPharm T P September 2011 | 13500 | 2011-12 | 077686, 01-09-11 |
| 2. | ഗവ. മെഡിക്കൽ കോളേജ്, കോട്ടയം-P09 | I BPharm R/T August 2014 | 6500 | 2014-15 | 227649, 04-08-14 |
| | **ആകെ** | | **20000** | | |

## NURSING

| ക്രമ നം. | കോളേജ് | പരീക്ഷ | മുൻകൂർ തുക | മുൻകൂർ നല്കിയ വർഷം | ചെക്ക് നം. & തീയതി |
|---|---|---|---|---|---|
| 1 | ഗവൺമെന്റ് കോളേജ് ഓഫ് നേഴ്സിംഗ്, ആലപ്പുഴ | I BSc NSG (T) August 2011 | 9360 | 2011-2012 | 533598/ 17-08-11 |
| 2 | മേഴ്സി കോളേജ് ഓഫ് നേഴ്സിംഗ്, കൊല്ലം | I PB (P) ..2011 | 5500 | | 077708/ 14-09-11 |

| | | | | | |
|---|---|---|---|---|---|
| 3 | ശിവഗിരി കോളേജ് ഓഫ് നേഴ്സിംഗ്, കൊല്ലം | I PB (P) ..2011 | 9000 | | 077708/ 14-09-11 |
| 4 | വെസ്റ്റ് ഫോർട്ട് കോളേജ് ഓഫ് നേഴ്സിംഗ്, തൃശ്ശൂർ | I PB (S) (P) ..2012 | 1000 | | ചെക്ക് നം. ലഭ്യമല്ല /25-07-12 |
| 5 | ഗവൺമെന്റ് കോളേജ് ഓഫ് നേഴ്സിംഗ്, കോട്ടയം | I MSC NSG (P) .. | 15000 | | 070685/ 04-01-12 |
| 6 | ഉപാസന കോളേജ് ഓഫ് നേഴ്സിംഗ്, കൊല്ലം | I MSc NSG (S) (T) June 2012 | 2000 | 2012-2013 | 175938/ 16-06-2012 |
| 7 | ബിഷപ്പ് ബെൻസിഗർ കോളേജ് | I MSC NSG (S) (P) July 2013 | 1000 | 2013-2014 | 176269/ 04-07-2013 |
| 8 | ഗവൺമെന്റ് കോളേജ് ഓഫ് നേഴ്സിംഗ്, കോഴിക്കോട് | II MSC NSG (P) October 2013 | 26500 | | 190892/ 03-10-2013 |
| 9 | ഗവ. കോളേജ് ഓഫ് നേഴ്സിംഗ്, തൃശ്ശൂർ | I MSC NSG RP September 2014 | 9000 | 2014-2015 | ചെക്ക് നം. ലഭ്യമല്ല /15-10-14 |
| 10 | ഗവ. കോളേജ് ഓഫ് നേഴ്സിംഗ്, തൃശ്ശൂർ | II MSC NSG RP September 2014 | 14000 | | 187050/ 11-11-14 |
| 11 | ഗവ. കോളേജ് ഓഫ് നേഴ്സിംഗ്, കോഴിക്കോട് | II MSC NSG RT September 2014 | 2500 | | 227763/17-09-14 |
| 12 | ഗവ. കോളേജ് ഓഫ് നേഴ്സിംഗ്, കോഴിക്കോട് | I MSC NSG RT September 2014 | 5000 | | 227778/ 22-09-14 |
| 13 | ഗവ. കോളേജ് ഓഫ് നേഴ്സിംഗ്, കോഴിക്കോട് | II MSC NSG RP September 2014 | 20000 | | 238021/ 07-10-14 |
| 14 | സാൻജോ കോളേജ് | II MSC NSG SP March 2014 | 1400 | | 227380/ 02-04-14 |
| 15 | സെന്റ്. ജോസഫ്, അഞ്ചൽ | III BSC NSG RT October 2014 | 5500 | | 238026/ 07-10-14 |

| | | | | | |
|---|---|---|---|---|---|
| 16 | കോളേജ് ഓഫ് നേഴ്സിംഗ്, തലശ്ശേരി | I MSC NSG R T September 2015 | 3500 | 2015-2016 | 188921/ 16-09-15 |
| **ആകെ** | | | **130260** | | |

## ALLIED HEALTH SCIENCES

| ക്രമ നം. | കോളേജ് | പരീക്ഷ | മുൻകൂർ തുക | മുൻകൂർ നല്കിയ വർഷം | ചെക്ക് നം. & തീയതി |
|---|---|---|---|---|---|
| 1 | ഗവ. മെഡിക്കൽ കോളേജ്, കോഴിക്കോട് | I BSC MLT R/S (P) September 2012 | 7500 | 2012-2013 | 176063/ 19-09-2014 |
| 2 | ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം | Final BCVT (T) September 2014 | 3500 | 2014-2015 | 227746/ 05-09-2014 |
| 3 | അൽ- അമീൻ, എറണാകുളം | II BSC MLT R/S (P) Ocotober 2015 | 11000 | 2015-2016 | 189128/ 11-12-2015 |
| **ആകെ** | | | **22000** | | |

## MEDICAL PG DEGREE/DIPLOMA & SUPERSPECIALITY

| ക്രമ നം. | കോളേജ് | പരീക്ഷ | മുൻകൂർ തുക | മുൻകൂർ നല്കിയ വർഷം | ചെക്ക് നം. & തീയതി |
|---|---|---|---|---|---|
| 1 | GMC കോട്ടയം (M07) | മെഡിക്കൽ പിജി (പി) ജൂൺ 2012 | 70200 | 2012-13 | 175945/ 23-06-2012 |
| 1 | GMC തൃശ്ശൂർ (M08) | മെഡിക്കൽ പിജി (പി) ജൂൺ 2012 | 7700 | | `175945/ 23-06-2012 |
| 2 | GMC കോഴിക്കോട് – (M09) | മെഡിക്കൽ പിജി (പി) ജൂൺ 2012 | 121500 | | 175947/ 29-06-2012 |
| 3 | GMC തിരുവനന്തപുരം (M06) | മെഡിക്കൽ പിജി (പി) ജൂൺ 2013 | 144500 | 2013-14 | 176257/ 24-06-2023 |

| | | | | | |
|---|---|---|---|---|---|
| 4 | GMC തിരുവനന്തപുരം (M06) | മെഡിക്കൽ സൂപ്പർ സെഷ്യാലിറ്റി (പി) ഒക്ടോബർ 2013 | 65600 | | 190902/ 12-12-2013 |
| 5 | GMC തിരുവനന്തപുരം (M06) | മെഡിക്കൽ പിജി (പി) ഡിസംബർ 2013 | 63000 | | 190976/ 12-12-2013 |
| 6 | GMC കോഴിക്കോട് – (M09) | മെഡിക്കൽ സൂപ്പർ സെഷ്യാലിറ്റി (പി) ഒക്ടോബർ 2013 | 120000 | | 190902/ 12-12-2013 |
| 7 | GMC കോഴിക്കോട് – (M09) | മെഡിക്കൽ സൂപ്പർ സെഷ്യാലിറ്റി (പി) ഒക്ടോബർ 2013 | 48000 | | 190976/ 12-12-2013 |
| 8 | GMC ആലപ്പുഴ (M10) | മെഡിക്കൽ പിജി (പി) ഡിസംബർ 2013 | 6600 | | 190976/ 12-12-2013 |
| 9 | GMC കോട്ടയം (M07) | മെഡിക്കൽ പിജി (പി) ജൂൺ 2013 | 88500 | | 176257/ 08-10-2013 |
| 10 | GMC കോട്ടയം (M 07) | മെഡിക്കൽ സൂപ്പർ സെഷ്യാലിറ്റി (പി) ഒക്ടോബർ 2013 | 15900 | 2014-15 | 190902/ 12-12-2013 |
| 11 | GMC കണ്ണൂർ (M01) DM Cardiology | മെഡിക്കൽ സൂപ്പർ സെഷ്യാലിറ്റി (പി) ആഗസ്റ്റ് 2014 | 8000 | | 227694/ 16-08-2014 |
| 12 | GMC തിരുവനന്തപുരം (M06) DM Cardiology Mch Genito Urinary Surgery | മെഡിക്കൽ സൂപ്പർ സെഷ്യാലിറ്റി (പി) ആഗസ്റ്റ് 2014 | 41000 31000 | | 227688/ 25-08-2014 |
| 13 | GMC കോട്ടയം (M07) Mch Neurosurgery | മെഡിക്കൽ സൂപ്പർ സെഷ്യാലിറ്റി (പി) ആഗസ്റ്റ് 2014 | 12000 | | 227694/ 16-08-2014 |
| 14 | GMC ആലപ്പുഴ (M10) | മെഡിക്കൽ പിജി (പി) ഡിസംബർ 2014 | 15000 | | 187740/ 04.12.2014 |

| | | | | | |
|---|---|---|---|---|---|
| 15 | GMC കണ്ണൂർ (M01)<br>ജനറൽ മെഡിസിൻ | മെഡിക്കൽ പിജി<br>(ആർ) (പി) ജൂൺ 2015 | 14700 | 2015-16 | 188238/<br>27-06-2015 |
| 16 | അമല മെഡിക്കൽ കോളേജ്<br>(M02)<br>MD Anaesthesiology | മെഡിക്കൽ പിജി<br>(ആർ) (പി) ജൂൺ 2015 | 14350 | | 188238/<br>27-06-2015 |
| 17 | GMC തിരുവനന്തപുരം (M06)<br>Mch Genito Urinary Surgery | മെഡിക്കൽ സൂപ്പർ<br>സെഷ്യാലിറ്റി (ആർ)<br>(പി) ജൂലൈ 2015 | 45000 | | 188385/<br>22-07-2015 |
| 18 | GMC കോട്ടയം (M07)<br>DM Medical<br>Gastroenterology | മെഡിക്കൽ സൂപ്പർ<br>സെഷ്യാലിറ്റി (ആർ)<br>(പി) ജൂലൈ 2015 | 13000 | | 188385/<br>22-07-2015 |
| 19 | GMC ആലപ്പുഴ (M 10)<br>Mch Neurosurgery | മെഡിക്കൽ സൂപ്പർ<br>സെഷ്യാലിറ്റി (ആർ)<br>(പി) ജൂലൈ 2016 | 19100 | 2016-17 | 272686/<br>26-07-2016 |
| 20 | GMC കോട്ടയം (M 07)<br>DM Nephrology | മെഡിക്കൽ സൂപ്പർ<br>സെഷ്യാലിറ്റി (ആർ)<br>(പി) ജൂലൈ 2017 | 14150 | 2017-18 | 274821/<br>21-07-2017 |
| 21 | GMC തിരുവനന്തപുരം (M06)<br>MD Pathology | മെഡിക്കൽ പിജി<br>(ആർ) (പി) എപ്രിൽ<br>2020 | 54700 | 2020-21 | 211632/<br>28-07-2020 |
| 22 | കണ്ണൂർ മെഡിക്കൽ കോളേജ്<br>(M12)<br>MD Dermatology<br>MD Ophthalmology | മെഡിക്കൽ പിജി<br>(ആർ) (പി) എപ്രിൽ<br>2020 | 8350<br>9150 | | 211632/<br>28-07-2020 |
| 23 | GMC കോട്ടയം (M07) DM<br>Nephrology | മെഡിക്കൽ സൂപ്പർ<br>സെഷ്യാലിറ്റി (ആർ)<br>(പി) സെപ്റ്റംബർ 2020 | 12750 | | 211834/<br>12-10-2020 |
| **ആകെ** | | | **1063750** | | |

## MEDICAL PG (THEORY)

| ക്രമ നം. | കോളേജ് | പരീക്ഷ | മുൻകൂർ തുക | മുൻകൂർ നല്കിയ വർഷം | ചെക്ക് നം. & തീയതി |
|---|---|---|---|---|---|
| 1 | ഗവൺമെന്റ് മെഡിക്കൽ കോളേജ്, കണ്ണൂർ | Medical PG Degree & Diploma Theory – June 2015 | 9000 | 2015-2016 | 188069 തീ.29-05-2015 |
| 2 | ഗവൺമെന്റ് മെഡിക്കൽ കോളേജ്, കണ്ണൂർ | Medical PG (R) Diploma - April 2018 | 3000 | 2018-2019 | 648450 തീ.24-04-2018 |
| **ആകെ** | | | **12000** | | |

**<u>സംക്ഷിപ്തം</u>**

| മുൻകൂർ രജിസ്റ്ററുകൾ | 2011-12 മുതൽ 2021-22 വരെ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ |
|---|---|
| MBBS | 1,42,000 |
| BDS & MDS | 1,37,700 |
| Pharmacy | 68,500 |
| Nursing | 1,30,260 |
| Allied Sciences | 22,000 |
| PG Degree/ Diploma , Superspeciality | 10,75,750 |
| **ആകെ** | **15,76,210.00** |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.24/14.08.2024) സമർപ്പിച്ച മറുപടിയിൽ, അവശേഷിക്കുന്ന മുൻകൂറുകൾ തീർപ്പാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചതായും തത്ഫലമായി മിക്ക കോളേജുകളും മുൻകൂർ തുക തിരിച്ച് നൽകുകയും, ധനവിനിയോഗ ബില്ലുകളുടെ പരിശോധനയും, ക്രമീകരണ ജോലികളും ഉദ്യോഗസ്ഥർ നടത്തി വരികയാണെന്നും ഈ പ്രക്രിയ പൂർത്തിയാക്കി അറിയിക്കുന്നതാണെന്നും പറയുന്നു. എന്നാൽ നാളിതുവരെ (10/2024 വരെ) ഇതു സംബന്ധിച്ച വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

മേൽ പട്ടികയിൽ കൊടുത്തിട്ടുള്ള മുൻകൂറുകൾ ക്രമീകരിച്ച്, നിയമാനുസൃത പലിശ ഈടാക്കി വിവരം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

**ബി) 2022-23 ൽ നല്കിയ മുൻകൂറുകൾ - ക്രമീകരിക്കുന്നതിൽ കാലതാമസം വരുത്തിയിട്ടും പലിശ ഈടാക്കിയില്ല**

2022-2023 സാമ്പത്തിക വർഷം ഡീൻ, സ്റ്റുഡന്റ് അഫയേഴ്സിന് താഴെ കൊടുത്തിരിക്കും പ്രകാരം നല്കിയ മുൻകൂറുകൾ ക്രമീകരിച്ചതായി ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.24/14.08.2024) മറുപടിയിൽ പറയുന്നു. എന്നാൽ ഇവയെല്ലാം ക്രമീകരിച്ചിട്ടുള്ളത് 3 മാസത്തിനു ശേഷമാണ്. കാലതാമസത്തിന് പലിശ ഈടാക്കിയിട്ടുമില്ല.

| ക്രമ നം. | ഇനം | അഡ്വാൻസ് തുക | വൗച്ചർ നം. | ചെക്ക് നം. & തീയതി | ക്രമീകരിച്ച യൂണിവേഴ്സിറ്റി ഉത്തരവ് നം./തീയതി |
|---|---|---|---|---|---|
| 1 | ഇന്റർ സോൺ ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് 2022-23 | 40600 | P1036 | 618628 തീ.08.12.2022 | 139/B3/ DSA/ KUHS/2024 തീ.18.05.2024 |
| 2 | സൗത്ത് വെസ്റ്റ് സോൺ ഇന്റർ യൂണിവേഴ്സിറ്റി അത് ലറ്റിക് ചാമ്പ്യൻഷിപ്പ് 2022-23 | 574315 | P1041 | 618635 തീ.08.12.2022 | 268/B3 / DSA/ KUHS/ 2024 തീ.19.07.2024 |
| 3 | അഡ്വാൻസ് ഫോർ ഇന്റർ കോളേജിയേറ്റ് ആനുവൽ അത്‌ലറ്റിക് മീറ്റ് 2022-23 | 636423 | P1083 | 618693 തീ.22.12.2022 | 69/B3/DSA/ KUHS/2024 തീ.12.03.2024 |
| 4 | അഡ്വാൻസ് ടു കൺഡക്റ്റ് ഇന്റർ സോൺ ടെന്നീസ് ചാമ്പ്യൻഷിപ്പ് 2022-23 | 49560 | P1484 | 619164 തീ.08.03.2023 | 223/B3/DSA/ KUHS/2024 തീ.10.06.2024 |
| 5 | അഡ്വാൻസ് ഫോർ ഇന്റർ യൂണിവേഴ്സിറ്റി സൗത്ത് സോൺ ചെസ് വിമൻ ടൂർണമെന്റ് 2022-23 | 134365 | P1073 | 618677 തീ.19.12.2022 | 152/B3/ DSA/ KUHS/2024 തീ.22.05.2024 |

| | | | | | |
|---|---|---|---|---|---|
| 6 | അഡ്വാൻസ് ടു കൺഡക്റ്റ് ഇന്റർ സോൺ വോളിബോൾ (M&W)ചാമ്പ്യൻഷിപ്പ് 2022-23 | 65800 | P1508 | 619194 തീ.13.03.2023 | 601/2023/ B1/ DSA/KUHS/2024 തീ.06.12.2023 |

ക്രമീകരണ ബില്ലുകൾ ഹാജരാക്കി മുൻകൂറുകൾ യഥാസമയം ക്രമീകരിക്കാത്തതിന് നിയമാനുസൃതം ഈടാക്കേണ്ട പലിശ ഈടാക്കി വിശദാംശം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

### 1.3.24 അഫിലിയേഷൻ തുടർച്ചാനുമതി നല്കുന്നതിൽ അപാകങ്ങൾ

കേരള ആരോഗ്യ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത സ്ഥാപനങ്ങളുടെ അഫിലിയേഷൻ തുടർച്ചാനുമതി നല്കുന്നതിന് നിയമാനുസൃത നടപടികൾ പാലിക്കുന്നതായി കാണുന്നില്ല.

അഫിലിയേഷൻ തുടർച്ചാനുമതി നല്കുന്നതിന്, 2010 ലെ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നിയമം, യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട്, 28.04.2021 ലെ ഗവേണിംഗ് കൗൺസിലിന്റെ 64.08 തീരുമാനപ്രകാരം അംഗീകരിച്ച "Ordinance for the conduct of Inspection in instituitions for granting affiliation", സർവ്വകലാശാല ഉത്തരവുകൾ എന്നിവ പ്രകാരമുള്ള നിബന്ധനകളാണ് ബാധകമായിട്ടുള്ളത്.

2019 ലെ യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് അദ്ധ്യായം XXI പ്രകാരമുള്ള അഫിലിയേഷൻ സംബന്ധിച്ച നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.

- അഫിലിയേഷൻ അനുമതിയ്ക്കായുള്ള വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോ എന്നത് പരിശോധിക്കുന്നതിന് സർവ്വകലാശാല ഒരു ഇൻസ്പെക്ഷൻ ടീമിനെ നിയോഗിക്കുകയും പ്രസ്തുത ടീം സമർപ്പിക്കുന്ന ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രകാരം അഫിലിയേഷൻ സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു [ഖണ്ഡിക 385 , 391(1),(2)].
- ഇൻസ്പെക്ഷൻ കമ്മിറ്റി റിപ്പോർട്ട് സർവ്വകലാശാല സ്ക്രൂട്ടിനി കമ്മിറ്റി പരിശോധിച്ച് അഫിലിയേഷൻ സംബന്ധിച്ച ശുപാർശ ഗവേണിംഗ് കൗൺസിലിന് ലഭ്യമാക്കുകയും ചെയ്യുന്നു.

അഫിലിയേറ്റഡ് കോളേജുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി, NMC, INC തുടങ്ങിയവ പ്രസിദ്ധീകരിച്ച റെഗുലേഷനുകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയ ഇൻസ്പെക്ഷൻ പ്രോഫോർമകളും സർവ്വകലാശാല ഉത്തരവുകളുമാണ് മാനദണ്ഡമാക്കുന്നത്. ഇതു പ്രകാരം ഒരു അഫിലിയേറ്റഡ്

കോളേജിൽ ഉണ്ടായിരിക്കേണ്ട Minimum Standard Requirements (MSR) നിശ്ചയിച്ചിട്ടുണ്ട്. ഇവ പാലിച്ചാൽ മാത്രമാണ് അഫിലിയേഷൻ തുടർച്ചാനുമതി നല്കേണ്ടത്. എന്നാൽ ഈ നിലവാര നിഷ്കർഷകൾ പാലിക്കാതെ അഫിലിയേഷൻ തുടർച്ചാനുമതി നല്കുന്നതായി കാണുന്നുണ്ട്. വിശദാംശം ചുവടെ.

### I) <u>ന്യൂനതകൾ പരിഹരിക്കുന്നതാണെന്ന നിയന്ത്രണാധികാരികളുടെ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ തുടർച്ചാനുമതി നൽകി</u>

യൂണിവേഴ്സിറ്റിയുടെ നോട്ടിഫിക്കേഷൻ നം.25494/ACII/Gen/A2/2019/KUHS തിയതി. 04.08.2021 പ്രകാരം 2022-23 വർഷത്തേയ്ക്കുള്ള തുടർച്ചാനുമതിയ്ക്ക് അപേക്ഷിച്ച കോളേജുകളിൽ പരിശോധന നടത്തിയ ഇൻസ്പെക്ഷൻ കമ്മിറ്റി ആറ് സർക്കാർ മെഡിക്കൽ കോളേജുകളിൽ മിനിമം സ്റ്റാൻഡേർഡ് റിക്വയർമെന്റ് (MSR) പ്രകാരമുള്ള Faculty and Residents ന്റെ കുറവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് സൂക്ഷ്മപരിശോധന നടത്തിയ സ്ക്രൂട്ടിനി കമ്മിറ്റി 2022-23 വർഷത്തിൽ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ താഴെ ചേർത്തിരിക്കുംവിധം കോഴ്സുകളുടെയും സീറ്റുകളുടേയും തുടർച്ചാനുമതി (Continuation of Provisional Affiliation) നൽകേണ്ടതില്ലായെന്ന് ശിപാർശ നൽകിയിരുന്നു.

| ക്രമ നം. | സ്ഥാപനം | കോഴ്സുകൾ എണ്ണം | സീറ്റുകൾ |
|---|---|---|---|
| 1 | GMC കണ്ണൂർ | 19 | 137 |
| 2 | GMC എറണാകുളം | 6 | 111 |
| 3 | GMC കോട്ടയം | 33 | 317 |
| 4 | GMC കോഴിക്കോട് | 35 | 489 |
| 5 | GMC മഞ്ചേരി | 4 | 116 |
| 6 | GMC കൊല്ലം | 1 | 110 |

അഡ്മിഷൻ നടപടികൾ തടസ്സപ്പെടാതിരിക്കാൻ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ വൈസ് ചാൻസലർ തുടർച്ചാനുമതി നൽകുകയും, ആയത് ഗവേണിംഗ് കൗൺസിലിന്റെ 27.12.2022 ലെ യോഗം 72.06 തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു.

ഇതേ രീതിയിൽ Faculty and Residents ന്റെ കുറവ് കണ്ടതിനെ തുടർന്ന് പാലക്കാട് ഗവ. മെഡിക്കൽ കോളേജിനും, അസീസിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ റിസർച്ച് & സയൻസ് എന്ന സ്ഥാപനത്തിനും തുടർച്ചാനുമതി നൽകേണ്ടതില്ലെന്ന് പരിശോധനാ കമ്മിറ്റി റിപ്പോർട്ട് ചെയ്തെങ്കിലും പട്ടികജാതി/പട്ടിക വർഗ്ഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടി നൽകിയ സത്യവാങ്മൂലത്തിന്റെയും, രണ്ട് മാസത്തിനുള്ളിൽ അപാകതകൾ പരിഹരിക്കാമെന്ന അസീസീയ കോളേജ് പ്രിൻസിപ്പാളിന്റെ സത്യവാങ്മൂലത്തിന്റെയും അടിസ്ഥാനത്തിൽ വൈസ്ചാൻസലർ മേൽ

സ്ഥാപനങ്ങൾക്ക് തുടർച്ചാനുമതി നൽകുകയും ഇക്കാര്യം 27.12.2022 ലെ ഗവേണിംഗ് കൗൺസിൽ യോഗം 72.06 നം. തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു.

**II) <u>2022-23 വർഷത്തെ അഡ്മിഷൻ ആരംഭിക്കുന്നതിന് മുൻപ് അപാകതകൾ പരിഹരിക്കണമെന്ന വ്യവസ്ഥയോടെ തുടർച്ചാനുമതി നല്കി</u>**

ഗവേണിംഗ് കൗൺസിലിന്റെ 27.12.22 ലെ 72.14, 72.23 എന്നീ തീരുമാനപ്രകാരം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് 2022-23 വർഷത്തെ അഡ്മിഷൻ ആരംഭിക്കുന്നതിന് മുൻപ് അപാകതകൾ പരിഹരിക്കണമെന്ന വ്യവസ്ഥയോടെ തുടർച്ചാനുമതി നൽകിയിട്ടുണ്ട്.

| Sl. no | Name of Instituition | Course | intake |
|---|---|---|---|
| 1 | കെ.വി.എം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസസ്, ചേർത്തല | B.Sc. MLT | 30 |
| 2 | പ്രസന്റേഷൻ സെന്റർ ഓഫ് അലൈഡ് സയൻസസ്, എറണാകുളം | B.Sc. MLT | 30 |
| 3 | സെന്റ്. ഗ്രിഗോറിയസ് കോളേജ് ഓഫ് ഹെൽത്ത് സയൻസസ്, പത്തനംതിട്ട | B.Sc. MLT | 30 |
| 4 | ഹോളിക്രോസ് കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസസ്, കൊല്ലം | B.Sc. MLT | 30 |
| 5 | ലിസ്യു കോളേജ് ഓഫ് പാരാമെഡിക്കൽ സയൻസസ്, എറണാകുളം | B.Sc. MLT | 30 |
| 6 | ശ്രീ ആഞ്ജനേയ കോളേജ് ഓഫ് പാരാമെഡിക്കൽ സയൻസസ് | B.Sc. MLT | 26 |
| 7 | സ്കൂൾ ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ റീജിയണൽ സെന്റർ, അങ്കമാലി | B.Sc. MLT | 40 |
| 8 | സ്കൂൾ ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ, ഗാന്ധി നഗർ, കോട്ടയം | B.Sc. MLT | 30 |
| 9 | സ്കൂൾ ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ, മണിമലക്കുന്ന്, എറണാകുളം | B.Sc. MLT | 30 |
| 10 | സ്കൂൾ ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ, തലപ്പാടി, കോട്ടയം | B.Sc. MLT | 30 |
| 11 | എ. കെ. ജി കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസസ്, മാവിലായി, കണ്ണൂർ | B.Sc. MLT | 30 |

| | | | |
|---|---|---|---|
| 12 | മുത്തൂറ്റ് കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസസ്, കോഴഞ്ചേരി | B.Sc. MLT | 30 |
| 13 | AWH സ്പെഷ്യൽ കോളേജ്, കോഴിക്കോട് | BPT | 50 |
| 14 | സ്കൂൾ ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ, റീജിയണൽ സെന്റർ, അങ്കമാലി | BPT | 40 |
| 15 | സ്കൂൾ ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ, ഗാന്ധി നഗർ, കോട്ടയം | BPT | 40 |
| | | MPTCardio Respiratory | 3 |
| | | MPT Musculo skeletal and sports | 9 |
| | | MPT Neurology | 3 |
| 16 | ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോട്ടയം | BCVT | 8 |
| 17 | ഗവൺമെന്റ് ടി. ഡി. മെഡിക്കൽ കോളേജ്, ആലപ്പുഴ | BCVT | 5 |
| 18 | MIMS കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസസ്, മലപ്പുറം | MHA | 20 |
| 19 | SI-MET College of Nursing (മലമ്പുഴ, പെരിയ, പള്ളുരുത്തി, മുട്ടത്തറ) | Bsc / post BSc Nursing | - |

ഇത്തരത്തിൽ ന്യൂനതകൾ പരിഹരിക്കുന്നതാണെന്ന സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിലും 2022-23 വർഷത്തിൽ അഡ്മിഷൻ ആരംഭിക്കുന്നതിന് മുൻപ് അപാകതകൾ പരിഹരിക്കണമെന്ന വ്യവസ്ഥകളോടെയും ഗവേണിംഗ് കൗൺസിൽ തീരുമാനപ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് ആരോഗ്യ സർവ്വകലാശാല അഫിലിയേഷൻ പുതുക്കി നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനങ്ങൾ സമർപ്പിച്ച റെക്ടിഫിക്കേഷൻ / കംപ്ലയൻസ് റിപ്പോർട്ടിന്റെ നിജസ്ഥിതി സമയബന്ധിതമായി റീ ഇൻസ്പെക്ഷൻ നടത്തി പരിശോധിക്കാതെ Ordinance ലെ Minor Deficiency കളുടെ പരിശോധനയ്ക്ക് ബാധകമായ "അടുത്ത വർഷത്തിൽ പരിശോധന നടത്തുന്നതാണ് എന്ന വ്യവസ്ഥയോടെ" അഫിലിയേഷൻ പുതുക്കി നൽകുന്നതായി കാണുന്നു.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 14/18.05.2024), സി-മെറ്റ് നഴ്സിംഗ് കോളേജുകളിലെ അധ്യാപകരുടെ കുറവ് പരിഹരിക്കുന്നതു സംബന്ധിച്ച് 17.09.2022 ൽ ആരോഗ്യ

കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടും അപാകതകൾ പരിഹരിക്കാത്തതിനെ തുടർന്ന് 21.10.2023 ൽ വീണ്ടും കത്തു നല്കിയെന്നും, മറ്റു സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ സമർപ്പിക്കുന്നതായും ആണ് മറുപടി സമർപ്പിച്ചത്. എന്നാൽ ബന്ധപ്പെട്ട ഫയലുകൾ ലഭ്യമാക്കിയിട്ടില്ല.

അപാകതകളിൻമേൽ കോളേജ് സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ അടുത്ത അധ്യയന വർഷത്തേക്കുള്ള ഇൻസ്പെക്ഷനിലാണ് പരിശോധിക്കുന്നത്. ഓരോ അധ്യയന വർഷത്തേക്കും ഇൻസ്പെക്ഷൻ കമ്മിറ്റി നടത്തുന്ന പരിശോധനകളിൽ കണ്ടെത്തുന്ന പോരായ്മകൾ അതേ അധ്യയന വർഷം തന്നെ പരിഹരിക്കുന്നതിനായുള്ള നടപടികൾ സർവ്വകലാശാലയുടെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടതാണ്. സർവ്വകലാശാലയുടെ പരിമിതമായ പരിശോധനയിൽ കണ്ടെത്തുന്ന അപാകതകൾ പോലും പരിഹരിക്കാതെ അഫിലിയേറ്റഡ് കോളേജുകൾക്ക് അഫിലിയേഷൻ തുടർച്ചാനുമതി അനുവദിക്കുന്ന കീഴ്വഴക്കം സർവ്വകലാശാലയുടെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ നിലവാര തകർച്ചക്ക് കാരണമായേക്കാം. ഈ വിഷയത്തിൽ ഉത്തരവാദിത്തപ്പെട്ടവരുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

### 1.3.25 വൈദ്യശാസ്ത്ര ഗവേഷണത്തിൽ സർവ്വകലാശാല ശ്രദ്ധ ചെലുത്തുന്നില്ല

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നിയമപ്രകാരം സർവ്വകലാശാലയുടെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം വൈദ്യശാസ്ത്ര ഗവേഷണം പ്രോത്സാഹിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു കൊണ്ട് ആരോഗ്യശാസ്ത്രത്തിലും അനുബന്ധമേഖലകളിലും പഠനവും അറിവും മെച്ചപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുക എന്നതാണ്. എന്നാൽ സർവ്വകലാശാല ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിൽ കാര്യമായ ശ്രദ്ധ ചെലുത്തുന്നതായി കാണുന്നില്ല.

വൈദ്യശാസ്ത്ര ഗവേഷണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 2013-2014 മുതൽ 2022-2023 വരെയുള്ള കാലയളവിൽ 65 കോടി രൂപാ മാറ്റി വെച്ചിരുന്നു. ഈ തുകകൾ ടേം ഡെപ്പോസിറ്റ് ആയി മെഡിക്കൽ കോളേജ് സബ് ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ളതാണ്. എന്നാൽ ഓഡിറ്റു വർഷം വരെ ഈ തുക വിനിയോഗിച്ച് ഗവേഷണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല.

2022-2023 വർഷത്തെ വാർഷിക കണക്ക് പ്രകാരം ഗവേഷണം, സ്കൂളുകളുടെയും സെന്ററുകളുടെയും വികസനം, ഡെവലപ്മെന്റ് ആന്റ് പ്രോഗ്രാം ഫണ്ട് എന്നീ 3 ഇനങ്ങളിലായി 65,95,99,687/- രൂപ നീക്കിയിരിപ്പുണ്ട് (ഇതിൽ 2013-14, 2014-15 കാലഘട്ടങ്ങളിൽ നിക്ഷേപിച്ച 55 കോടി രൂപയുടെ പലിശ ഉൾപ്പെടുന്നില്ല). വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | വാർഷിക കണക്ക് പ്രകാരം വരവ് (രൂപ) | ആവശ്യം |
|---|---|---|
| 2013-2014 | 5,00,00,000 | ഗവേഷണം |
| 2013-2014 | 30,00,00,000 | സ്കൂളുകളുടെയും സെന്ററുകളുടെയും വികസനം |
| 2014-2015 | 20,00,00,000 | സ്കൂളുകളുടെയും സെന്ററുകളുടെയും വികസനം |
| 2021-2022 | 5,00,00,000 | ഡെവലപ്മെന്റ് ആന്റ് പ്രോഗ്രാം ഫണ്ട് |
| 2022-2023 | 5,00,00,000 | ഡെവലപ്മെന്റ് ആന്റ് പ്രോഗ്രാം ഫണ്ട് |
| 2021-2022 | 30,42,190 | ഡെവലപ്മെന്റ് പ്രോഗ്രാം ഫണ്ട് നിക്ഷേപത്തിന് ലഭിച്ച പലിശ |
| 2022-2023 | 65,57,497 | - ടി - |
| **ആകെ** | **65,95,99,687** | |

ഗവേഷണ ആവശ്യങ്ങൾക്ക് നീക്കിവെച്ച തുക വർഷങ്ങളായി വിനിയോഗിക്കാതിരുന്നതിന് വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 12/06.05.2024) സമർപ്പിച്ച മറുപടിയിൽ, 15.12.2023 ന് നടന്ന റിസർച്ച് കൗൺസിൽ യോഗത്തിൽ ഇതു സംബന്ധിച്ച് ചർച്ച ചെയ്യുകയും ഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖകൾ തയ്യാറാക്കാൻ നടപടികൾ സ്വീകരിച്ചതായും, 2023-24 വർഷത്തിൽ ഏതാനും പ്രൊപ്പോസലുകൾക്കായി തുക വകയിരുത്തിട്ടുണ്ട് എന്നും പറയുന്നു.

സർവ്വകലാശാല ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും സർവ്വകലാശാലയുടെ പ്രധാന ലക്ഷ്യങ്ങൾ നേടുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്താതിരുന്നത് അധികൃതരുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വിഷയത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് സർവ്വകലാശാല ഗവേണിംഗ് കൗൺസിലിനോട് ശുപാർശ ചെയ്യുന്നു. കൂടാതെ ഗവേഷണ പ്രവർത്തനങ്ങൾക്ക് മാറ്റിവെച്ച മുഴുവൻ തുകയുടെയും പലിശ സഹിതമുള്ള നീക്കിയിരിപ്പ് കണക്കാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 1.3.26 റീഫണ്ടബിൾ ഡെപ്പോസിറ്റ് – വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്

സർവ്വകലാശാലയിൽ കോളേജുകൾ അഫിലിയേറ്റ് ചെയ്യുമ്പോഴും കോഴ്സുകൾ അനുവദിക്കുമ്പോഴും റീഫണ്ടബിൾ ഡെപ്പോസിറ്റ് ഇനത്തിൽ തുക ഈടാക്കേണ്ടതും അഫിലിയേഷൻ റദ്ദാക്കുമ്പോഴും സീറ്റുകൾ കുറവു ചെയ്യുമ്പോഴും അതനുസരിച്ചുള്ള തുക തിരികെ നല്കേണ്ടതുമാണ്. എന്നാൽ സർവ്വകലാശാലയിൽ ഈയിനത്തിലുള്ള വരവു ചെലവു വിവരങ്ങൾ രേഖപ്പെടുത്തി

സൂക്ഷിക്കുന്നതായി കാണുന്നില്ല. സ്ഥാപനങ്ങൾ റീഫണ്ടബിൾ ഡെപ്പോസിറ്റ് അടവാക്കിയതിന്റെയും തുക റീഫണ്ട് ചെയ്തതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തി റീഫണ്ടബിൾ ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1.3.27 സർവ്വകലാശാലയിലെ ഭൂരിഭാഗം കെട്ടിടങ്ങൾക്കും ഗ്രാമപഞ്ചായത്തിൽ നിന്നും നമ്പർ ലഭിച്ചിട്ടില്ല

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ കോമ്പൗണ്ടിലുള്ള കെട്ടിടങ്ങളിൽ യൂട്ടിലിറ്റി ബിൽഡിംഗിന് ഒഴികെ മറ്റ് കെട്ടിടങ്ങൾക്ക് നാളിതുവരെ അവണൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും നമ്പർ ലഭിച്ചതായി കാണുന്നില്ല. നമ്പർ ലഭ്യമല്ലാത്ത കെട്ടിടങ്ങളുടെ വിശദാംശം ചുവടെ.

1. അഡ്മിനിസ്ട്രേഷൻ ബിൽഡിംഗ്
2. ഇവാല്യുവേഷൻ സെന്റർ
3. അക്കാദമിക് സ്റ്റാഫ് കോളേജ്/പരീക്ഷാ ഭവൻ
4. സ്റ്റാഫ് ക്വാർട്ടേഴ്സുകൾ – 4 എണ്ണം

നമ്പർ ലഭിക്കാത്തതിനാൽ ഇവയിൽ വസ്തു നികുതി ഒടുക്കേണ്ട കെട്ടിടങ്ങളുടെ വസ്തുനികുതി ഒടുക്കുന്നുമില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.25/14.08.2024, നം.45/18.10.2024) സമർപ്പിച്ച മറുപടികളിൽ, കെട്ടിടങ്ങൾക്ക് നമ്പർ ലഭ്യമാക്കുന്നതിനായി പഞ്ചായത്തിലേയ്ക്ക് ഡ്രോയിങ്സ് സമർപ്പിച്ചിരുന്നുവെങ്കിലും പഞ്ചായത്തിൽ നിന്നും നടപടികൾ ഉണ്ടായിട്ടില്ല എന്നും, സ്റ്റാഫ് ക്വാർട്ടേഴ്സുകൾക്ക് നമ്പർ അനുവദിച്ചെങ്കിലും ആയതിന്റെ രേഖകൾ സർവ്വകലാശാലയ്ക്ക് ലഭിച്ചിട്ടില്ല എന്നും തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട് എന്നും പറയുന്നു.

കെട്ടിടങ്ങളുടെ ഒക്യുപൻസി തീയതി മുതൽ വസ്തു നികുതി അടവാക്കേണ്ടതാണ്. വസ്തുനികുതി ഒടുക്കാൻ താമസിക്കുന്നത് ഈയിനത്തിൽ കുടിശ്ശികയും പിഴയും വരുത്തുമെന്നതിനാൽ വിഷയത്തിൽ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1.3.28 ആസ്തി രജിസ്റ്റർ ശരിയായി പരിപാലിച്ചിട്ടില്ല

സർവ്വകലാശാലയിൽ ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമല്ല. സർവ്വകലാശാലയിൽ കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ മാത്രമേ സൂക്ഷിച്ചിട്ടുള്ളൂ. ഇതിൽതന്നെ കെട്ടിടം നിർമ്മിച്ച വർഷം, വിസ്തൃതി, നിർമ്മാണ ഏജൻസി, നിർമ്മാണത്തിന് ലഭ്യമായ തുക തുടങ്ങിയ വിവരങ്ങൾ ചേർത്തിട്ടില്ല. അറ്റകുറ്റ പണികൾ

നടത്തിയതിന്റെ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല. സർവ്വകലാശാലയുടെ കൈവശമുള്ള ഭൂമി, വാഹനങ്ങൾ, റോഡുകൾ, മെഷീനറികൾ, കുളങ്ങൾ എന്നിവയൊന്നും ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

സ്ഥാപനത്തിന്റെ എല്ലാവിധ ആസ്തികളും അതിന്റെ ആകെ വിസ്തീർണ്ണം, നിർമ്മിച്ച / വാങ്ങിയ തീയതി, അറ്റകുറ്റ പണികൾ നടത്തിയതിന്റെ വിവരങ്ങൾ, വാഹനങ്ങളുടെ നമ്പർ, പേര് എന്നിവയെല്ലാം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

സർവ്വകലാശാലയുടെ ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സ് 2019 ലെ ക്ലോസ് 502 പ്രകാരം അസറ്റ് രജിസ്റ്റർ പരിപാലിക്കുന്നതിനുള്ള ഉത്തരവാദിത്തം ഫിനാൻസ് ഓഫീസറിൽ നിക്ഷിപ്തമാണ്.

2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-2-16, 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-12 എന്നീ ഖണ്ഡികകൾ പ്രകാരം മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇക്കാര്യം പരാമർശിച്ചിരുന്നുവെങ്കിലും നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# ഭാഗം 2

## വരവ് കണക്കുകളുമായി ബന്ധപ്പെട്ട പ്രധാന ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2.1 സർവ്വകലാശാല അഫിലിയേഷൻ പുനഃപരിശോധന – റീ-ഇൻസ്പെക്ഷൻ കംപ്ലയൻസ് ഫീസ് ഈടാക്കിയില്ല – 20,79,000/- രൂപ നഷ്ടം

സർവ്വകലാശാലയിലെ അഫിലിയേഷൻ നടപടിക്രമങ്ങളുടെ ഭാഗമായി നടത്തുന്ന പരിശോധനയിൽ നിർദ്ദേശിക്കുന്ന പോരായ്മകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾ പരിഹരിച്ച് compliance report സമർപ്പിക്കേണ്ടതാണ്. ഈ compliance report ന്റെ അടിസ്ഥാനത്തിലാണ് സർവ്വകലാശാല സ്ഥാപനത്തിൽ പുനഃപരിശോധന നടത്തുന്നത്. ഇതിനായി സ്ഥാപനം 21,000/- രൂപ re-inspection compliance fee എന്നയിനത്തിൽ സർവ്വകലാശാലയിൽ അടയ്ക്കേണ്ടതുണ്ട്. (17.6.2021 ലെ ഇൻസ്പെക്ഷൻ ഓർഡിനൻസ് നം. 21306/Ac.1/Gen A2/2020/KUHS ഖണ്ഡിക (6), (7). 05.08.2020 ലെ യു.ഓ.നം.9038/AC1/GEN A2/2020/KUHS എന്നിവ പ്രകാരം)

ഗവേണിംഗ് കൗൺസിലുകളുടെ 70.06/26.7.2022, 71.05/03.10.2022, 71.13/03.10.2022, 71.14/03.10.2022, 71.15/03.10.2022, 72.06/27.12.2022 എന്നീ തീരുമാനങ്ങൾ പ്രകാരം 2022-23 അക്കാദമിക് വർഷത്തിൽ 99 സ്ഥാപനങ്ങൾ compliance report സമർപ്പിക്കുകയും അവയിലെല്ലാം പുനഃപരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇവയിൽ ഒരു സ്ഥാപനത്തിൽ നിന്നും re-inspection compliance fee ഈടാക്കുകയോ ആയതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇതുമൂലം സർവ്വകലാശാലയ്ക്ക് 99x21000 = 20,79,000/- രൂപയുടെ നഷ്ടം ഉണ്ടായി.

Re-inspection compliance fee ഒടുക്കാത്ത സ്ഥാപനങ്ങളുടെ വിശദാംശം ചുവടെ.

| ക്രമ നം. | തീരുമാനം നം. / തീയതി | സ്ഥാപനത്തിന്റെ പേര് | കോഴ്സ് |
|---|---|---|---|
| 1 | 70.06/26.07.22 | എ.കെ.ജി. മെമ്മോറിയൽ കോപ്പറേറ്റീവ് കോളേജ് | ബി എസ് സി നേഴ്സിംഗ് |
| 2 | ” | ബി സി എഫ് കോളേജ് ഓഫ് നേഴ്സിംഗ്, വൈക്കം | ബി എസ് സി നേഴ്സിംഗ് |
| 3 | ” | ബിഷപ്പ് ബെൻസിഗർ കോളേജ് ഓഫ് നേഴ്സിംഗ്, കൊല്ലം | ബി എസ് സി നേഴ്സിംഗ് |
| 4 | ” | കനോസ കോളേജ് ഓഫ് നേഴ്സിംഗ്, ചെറുകുന്ന്, കണ്ണൂർ | ബി എസ് സി നേഴ്സിംഗ് |
| 5 | ” | കോളേജ് ഓഫ് നേഴ്സിംഗ്, അനന്തപുരി ഹോസ്പിറ്റൽ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം | എം എസ് സി നേഴ്സിംഗ് |

| | | | |
|---|---|---|---|
| 6 | ,, | ഹോളിക്രോസ് കോളേജ് ഓഫ് നേഴ്സിംഗ്, കൊല്ലം | ബി എസ് സി നേഴ്സിംഗ് |
| 7 | ,, | ഹോളി ഫാമിലി കോളേജ് ഓഫ് നേഴ്സിംഗ്, ഇടുക്കി | ബി എസ് സി നേഴ്സിംഗ് |
| 8 | ,, | ഇന്ദിരാഗാന്ധി കോളേജ് ഓഫ് നേഴ്സിംഗ്, കൊച്ചി | ബി എസ് സി നേഴ്സിംഗ് |
| 9 | ,, | ലൂർദ് കോളേജ് ഓഫ് നേഴ്സിംഗ്, തളിപ്പറമ്പ് | ബി എസ് സി നേഴ്സിംഗ് |
| 10 | ,, | മെഡിക്കൽ ട്രസ്റ്റ് കോളേജ് ഓഫ് നേഴ്സിംഗ്, എറണാകുളം | ബി എസ് സി നേഴ്സിംഗ് |
| 11 | ,, | എംജിഎം മുത്തൂറ്റ് കോളേജ് ഓഫ് നേഴ്സിംഗ്, പത്തനംതിട്ട | ബി എസ് സി നേഴ്സിംഗ് |
| 12 | ,, | നിർമ്മല കോളേജ് ഓഫ് നേഴ്സിംഗ്, കോഴിക്കോട് | ബി എസ് സി നേഴ്സിംഗ് |
| 13 | ,, | പി വി എസ് കോളേജ് ഓഫ് നേഴ്സിംഗ്, കോഴിക്കോട് | ബി എസ് സി നേഴ്സിംഗ് |
| 14 | ,, | സാൻജോ കോളേജ് ഓഫ് നേഴ്സിംഗ്, എറണാകുളം | ബി എസ് സി നേഴ്സിംഗ് |
| 15 | ,, | ട്രാവൻകൂർ കോളേജ് ഓഫ് നേഴ്സിംഗ്, കൊല്ലം | ബി എസ് സി നേഴ്സിംഗ് |
| 16 | ,, | വിജയ കോളേജ് ഓഫ് നേഴ്സിംഗ്, കൊല്ലം | ബി എസ് സി നേഴ്സിംഗ് |
| 17 | ,, | സ്നേഹോദയ കോളേജ് ഓഫ് നേഴ്സിംഗ്, കോഴിക്കോട് | ബി എസ് സി നേഴ്സിംഗ് |
| 18 | ,, | കോളേജ് ഓഫ് നേഴ്സിംഗ്, നിർമല മെഡിക്കൽ സെന്റർ, മൂവാറ്റുപുഴ | ബി എസ് സി നേഴ്സിംഗ് |
| 19 | ,, | അസീസി കോളേജ് ഓഫ് നേഴ്സിംഗ്, കോട്ടയം | ബി എസ് സി നേഴ്സിംഗ് |

| | | | |
|---|---|---|---|
| 20 | ” | ലിറ്റിൽ ഫ്ലവർ കോളേജ് ഓഫ് നേഴ്സിംഗ്, തിരുവനന്തപുരം | ബി എസ് സി നേഴ്സിംഗ് |
| 21 | ” | എൻ എസ് മെമ്മോറിയൽ കോളേജ് ഓഫ് നേഴ്സിംഗ്, കൊല്ലം | ബി എസ് സി നേഴ്സിംഗ് |
| 22 | ” | ലിറ്റിൽ ലൂർദ് കോളേജ് ഓഫ് നേഴ്സിങ്, കോട്ടയം | ബി എസ് സി നേഴ്സിംഗ് |
| 23 | ” | ഹോളിക്രോസ് കോളേജ് ഓഫ് നേഴ്സിംഗ്, പത്തനംതിട്ട | ബി എസ് സി നേഴ്സിംഗ് |
| 24 | ” | ഡിഎം വിംസ് നേഴ്സിംഗ് കോളേജ്, വയനാട് | ബി എസ് സി നേഴ്സിംഗ് |
| 25 | ” | തിരുഹൃദയ കോളേജ് ഓഫ് നേഴ്സിംഗ്, കോട്ടയം | ബി എസ് സി നേഴ്സിംഗ് |
| 26 | ” | എസ് എം ഇ മണിമലക്കുന്ന് | ബി എസ് സി നേഴ്സിംഗ് |
| 27 | ” | എസ് എം ഇ ഗാന്ധിനഗർ കോട്ടയം | ബി എസ് സി നേഴ്സിംഗ് |
| 28 | ” | ശാന്തി കോളേജ് ഓഫ് നേഴ്സിംഗ്, കോഴിക്കോട് | ബി എസ് സി നേഴ്സിംഗ് |
| 29 | 70.06/26.07.22 | കോളേജ് ഓഫ് നേഴ്സിംഗ്, ഇഎംഎസ് മെമ്മോറിയൽ കോപ്പറേറ്റീവ് കോളേജ് പെരിന്തൽമണ്ണ | ബി എസ് സി നേഴ്സിംഗ് |
| 30 | ” | കോളേജ് ഓഫ് നേഴ്സിംഗ്, മൗലാന ഹോസ്പിറ്റൽ പെരിന്തൽമണ്ണ | ബി എസ് സി നേഴ്സിംഗ് |
| 31 | ” | കോപ്പറേറ്റീവ് കോളേജ് ഓഫ് നേഴ്സിംഗ്, തിരുവനന്തപുരം | ബി എസ് സി നേഴ്സിംഗ് |
| 32 | ” | പ്രസന്റ് കോളേജ് ഓഫ് നേഴ്സിംഗ്, പാലക്കാട് | ബി എസ് സി നേഴ്സിംഗ് |
| 33 | ” | ജെഡിടി ഇസ്ലാം കോളേജ് ഓഫ് നേഴ്സിംഗ്, കോഴിക്കോട് | ബി എസ് സി നേഴ്സിംഗ് |

| | | | |
|---|---|---|---|
| 34 | ” | മോസ്ക് കോളേജ് ഓഫ് നേഴ്സിംഗ്, കോലഞ്ചേരി | ബി എസ് സി നേഴ്സിംഗ് |
| 35 | ” | റെഡ് ക്രസന്റ് കോളേജ് ഓഫ് നേഴ്സിംഗ്, കോഴിക്കോട് | ബി എസ് സി നേഴ്സിംഗ് |
| 36 | ” | രുഗ്മിണി കോളേജ് ഓഫ് നേഴ്സിംഗ്, തിരുവനന്തപുരം | ബി എസ് സി നേഴ്സിംഗ് |
| 37 | ” | സരസ്വതി കോളേജ് ഓഫ് നേഴ്സിംഗ്, തിരുവനന്തപുരം | ബി എസ് സി നേഴ്സിംഗ് |
| 38 | ” | സെൻറ് ജോസഫ് കോളേജ് ഓഫ് നേഴ്സിംഗ്, കോതമംഗലം | ബി എസ് സി നേഴ്സിംഗ് |
| 39 | ” | സെൻറ് തോമസ് കോളേജ് ഓഫ് നേഴ്സിംഗ്, ചങ്ങനാശ്ശേരി | ബി എസ് സി നേഴ്സിംഗ് |
| 40 | 71.05/03.10.22 | അൽമാസ് കോളേജ് ഓഫ് നേഴ്സിംഗ്, മലപ്പുറം | ബി എസ് സി നേഴ്സിംഗ് |
| 41 | 71.05/03.10.22 | അർച്ചന കോളേജ് ഓഫ് നേഴ്സിംഗ്, പന്തളം | ബി എസ് സി നേഴ്സിംഗ് |
| 42 | 71.05/03.10.22 | ഗവൺമെൻറ് കോളേജ് ഓഫ് നേഴ്സിംഗ്, കണ്ണൂർ | ബി എസ് സി നേഴ്സിംഗ് |
| 43 | 71.05/03.10.22 | ക്രസൻറ് കോളേജ് ഓഫ് നേഴ്സിംഗ്, തിരുവനന്തപുരം | ബി എസ് സി നേഴ്സിംഗ് |
| 44 | 71.05/03.10.22 | ഗവൺമെൻറ് കോളേജ് ഓഫ് നേഴ്സിംഗ്, കോഴിക്കോട് | ബി എസ് സി നേഴ്സിംഗ് |
| 45 | 71.05/03.10.22 | ലക്ഷ്മി മേഘൻ കോളേജ് ഓഫ് നേഴ്സിംഗ്, കാസർഗോഡ് | ബി എസ് സി നേഴ്സിംഗ് |
| 46 | 71.05/03.10.22 | ലിസി കോളേജ് ഓഫ് നേഴ്സിംഗ്, എറണാകുളം | ബി എസ് സി നേഴ്സിംഗ് |
| 47 | 71.05/03.10.22 | ലിറ്റിൽ ഫ്ലവർ കോളേജ് ഓഫ് നേഴ്സിംഗ്, അങ്കമാലി | ബി എസ് സി നേഴ്സിംഗ് |

| | | | |
|---|---|---|---|
| 48 | 71.05/03.10.22 | ലൂർദ് കോളേജ് ഓഫ് നേഴ്സിംഗ്, തൃക്കാക്കര | ബി എസ് സി നേഴ്സിംഗ് |
| 49 | 71.05/03.10.22 | മാലിക് ദിനാർ കോളേജ് ഓഫ് നേഴ്സിംഗ്, കാസർഗോഡ് | ബി എസ് സി നേഴ്സിംഗ് |
| 50 | 71.05/03.10.22 | മാർഗ്രിഗോറിയസ് മെമ്മോറിയൽ മുത്തൂറ്റ് മെഡിക്കൽ സെന്റർ കോളേജ് ഓഫ് നേഴ്സിംഗ്, പത്തനംതിട്ട | ബി എസ് സി നേഴ്സിംഗ് |
| 51 | 71.05/03.10.22 | എംഇഎസ് കോളേജ് ഓഫ് നേഴ്സിംഗ്, പെരിന്തൽമണ്ണ | ബി എസ് സി നേഴ്സിംഗ് |
| 52 | 71.05/03.10.22 | നൈറ്റിംഗിൽ കോളേജ് ഓഫ് നേഴ്സിംഗ്, തിരുവനന്തപുരം | ബി എസ് സി നേഴ്സിംഗ് |
| 53 | 71.05/03.10.22 | പുഷ്പഗിരി കോളേജ് ഓഫ് നേഴ്സിംഗ്, പത്തനംതിട്ട | ബി എസ് സി നേഴ്സിംഗ് |
| 54 | 71.05/03.10.22 | സെൻറ് തോമസ് കോളേജ് ഓഫ് നേഴ്സിംഗ്, ആലപ്പുഴ | ബി എസ് സി നേഴ്സിംഗ് |
| 55 | 71.05/03.10.22 | സെൻറ് ജോൺസ് കോളേജ് ഓഫ് നേഴ്സിംഗ്, ഇടുക്കി | ബി എസ് സി നേഴ്സിംഗ് |
| 56 | 71.05/03.10.22 | വിനായക കോളേജ് ഓഫ് നേഴ്സിംഗ്, വയനാട് | ബി എസ് സി നേഴ്സിംഗ് |
| 57 | 71.05/03.10.22 | എലൈറ്റ് കോളേജ് ഓഫ് നേഴ്സിംഗ്, തൃശ്ശൂർ | ബി എസ് സി നേഴ്സിംഗ് |
| 58 | 71.05/03.10.22 | എസ്.പി ഫോർട്ട് കോളേജ് ഓഫ് നേഴ്സിംഗ്, തിരുവനന്തപുരം | ബി എസ് സി നേഴ്സിംഗ് |
| 59 | 71.05/03.10.22 | നെഹ്റു കോളേജ് ഓഫ് നേഴ്സിംഗ്, പാലക്കാട് | ബി എസ് സി നേഴ്സിംഗ് |
| 60 | 71.05/03.10.22 | എസ് എച്ച് കോളേജ് ഓഫ് നേഴ്സിംഗ്, ചേർത്തല | ബി എസ് സി നേഴ്സിംഗ് |
| 61 | 71.05/03.10.22 | പരബ്രഹ്മ കോളേജ് ഓഫ് നേഴ്സിംഗ്, ഓച്ചിറ | ബി എസ് സി നേഴ്സിംഗ് |
| 62 | 71.05/03.10.22 | എസ് എം ഇ നെടുംകണ്ടം | ബി എസ് സി നേഴ്സിംഗ് |

| | | | |
|---|---|---|---|
| 63 | 71.05/03.10.22 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നേഴ്സിംഗ്, സയൻസ് ആൻഡ് റിസർച്ച് മലബാർ കാൻസർ സെന്റർ, തലശ്ശേരി | ബി എസ് സി നേഴ്സിംഗ് |
| 64 | 71.05/03.10.22 | PI M S കോളേജ് ഓഫ് നേഴ്സിംഗ്, പാലക്കാട് | ബി എസ് സി നേഴ്സിംഗ് |
| 65 | 71.13/03.10.22 | കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ്, ജിഎംസി, കണ്ണൂർ | ബി.ഫാം |
| 66 | " | അൽഷിഫ കോളേജ് ഓഫ് ഫാർമസി, മലപ്പുറം | ബി.ഫാം |
| 67 | " | ക്രസന്റ് കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ്, കണ്ണൂർ | ബി.ഫാം |
| 68 | " | കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ്, ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോട്ടയം | ബി.ഫാം |
| 69 | " | കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ്, ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട് | ബി.ഫാം |
| 70 | " | നാഷണൽ കോളേജ് ഓഫ് ഫാർമസി, കോഴിക്കോട് | ബി.ഫാം |
| 71 | " | നെഹ്റു കോളേജ് ഓഫ് ഫാർമസി, തൃശ്ശൂർ | ബി.ഫാം |
| 72 | " | നിർമ്മല കോളേജ് ഓഫ് ഫാർമസി, എറണാകുളം | ബി.ഫാം |
| 73 | " | പുഷ്പഗിരി കോളേജ് ഓഫ് ഫാർമസി, പത്തനംതിട്ട | ബി.ഫാം |
| 74 | " | ശ്രീകൃഷ്ണ കോളേജ് ഓഫ് ഫാർമസി, തിരുവനന്തപുരം | ബി.ഫാം |
| 75 | " | കെടിഎൻ കോളേജ് ഓഫ് ഫാർമസി, പാലക്കാട് | ബി.ഫാം |
| 76 | " | കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ്, ഗവൺമെന്റ് ടി ഡി മെഡിക്കൽ കോളേജ്, ആലപ്പുഴ | ബി.ഫാം |

| | | | |
|---|---|---|---|
| 77 | ” | മൗലാന കോളേജ് ഓഫ് ഫാർമസി, മലപ്പുറം | ബി.ഫാം |
| 78 | ” | ഡോ. ജോസഫ് മാർത്തോമ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ്, ആലപ്പുഴ | ബി.ഫാം |
| 79 | ” | എലിംസ് കോളേജ് ഓഫ് ഫാർമസി, തൃശ്ശൂർ | ബി.ഫാം |
| 80 | ” | ലിസി കോളേജ് ഓഫ് ഫാർമസി, കൊച്ചി | ബി.ഫാം |
| 81 | ” | ഹോളി ഗ്രേസ് അക്കാദമി ഓഫ് ഫാർമസി, തൃശ്ശൂർ | ബി.ഫാം |
| 82 | ” | കെ എം പി കോളേജ് ഓഫ് ഫാർമസി, പെരുമ്പാവൂർ | ബി.ഫാം |
| 83 | ” | പ്രൈം കോളേജ് ഓഫ് ഫാർമസി, പാലക്കാട് | ബി.ഫാം |
| 84 | ” | എംജിഎം സിൽവർ ജൂബിലി കോളേജ് ഓഫ് പോളിടെക്നിക് ആൻഡ് ഫാർമസ്യൂട്ടിക്കൽ സയൻസ് | ബി.ഫാം |
| 85 | ” | കെഎംസിടി കോളേജ് ഓഫ് ഫാർമസി, മലപ്പുറം | ബി.ഫാം |
| 86 | ” | അൽ അസർ കോളേജ് ഓഫ് ഫാർമസി, ഇടുക്കി | ബി.ഫാം |
| 87 | ” | കോളേജ് ഓഫ് ഫാർമസി, കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ | ബി.ഫാം |
| 88 | ” | ജാമിയ സലഫിയ ഫാർമസി, മലപ്പുറം | ബി.ഫാം |
| 89 | ” | മാലിക് ദീനാർ കോളേജ് ഓഫ് ഫാർമസി, കാസർഗോഡ് | ബി.ഫാം |
| 90 | ” | മാർ ഡയോസ്കോറസ് കോളേജ് ഓഫ് ഫാർമസി, തിരുവനന്തപുരം | ബി.ഫാം |
| 91 | ” | നസ്രത്ത് കോളേജ് ഓഫ് ഫാർമസി, തിരുവല്ല | ബി.ഫാം |

| | | | |
|---|---|---|---|
| 92 | ” | സെൻറ് ജെയിംസ് കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ്, തൃശ്ശൂർ | ബി.ഫാം |
| 93 | ” | കെ വി എം കോളേജ് ഓഫ് ഫാർമസി, ചേർത്തല | ബി.ഫാം |
| 94 | ” | മൗണ്ട് സിയോൺ കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ് ആൻഡ് റിസർച്ച്, പത്തനംതിട്ട | ബി.ഫാം |
| 95 | ” | കെഎംസിടി കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ്, കോഴിക്കോട് | ബി.ഫാം |
| 96 | ” | വെസ്റ്റ് ഫോർട്ട് കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ്, തൃശ്ശൂർ | ബി.ഫാം |
| 97 | 71.14/3.10.22 | ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ്, തിരുവനന്തപുരം | BSMS |
| 98 | 71.15/3.10.22 | മർക്കസ് യൂനാനി മെഡിക്കൽ കോളേജ്, കോഴിക്കോട് | BUMS |
| 99 | 72.06/27.12.22 | അസീസിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, കൊല്ലം | MBBS |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/28.12.2023) സർവ്വകലാശാല ലഭ്യമാക്കിയ മറുപടിയിൽ, 2022-23 സാമ്പത്തിക വർഷത്തിൽ കംപ്ലയൻസ് റിപ്പോർട്ട് സമർപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും റീ-ഇൻസ്പെക്ഷൻ കംപ്ലയൻസ് ഫീസ് ഈടാക്കുന്നതാണെന്നും കോളേജുകൾ ഫീസ് അടവാക്കുന്നമുറയ്ക്ക് വിശദാംശങ്ങൾ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ടി ലിസ്റ്റ് പ്രകാരമുള്ള 99 സ്ഥാപനങ്ങളിൽ നിന്നും റീ-ഇൻസ്പെക്ഷൻ കംപ്ലയൻസ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

## 2.2 എക്സാമിനർമാരുടെ കുറവ് – സ്ഥാപനങ്ങളിൽ നിന്നും ഫൈൻ ഈടാക്കിയിട്ടില്ല – 24,00,000/- രൂപ നഷ്ടം

ഇന്റേണൽ എക്സാമിനർമാരുടെ കുറവ് മൂലം യൂണിവേഴ്സിറ്റി പരീക്ഷകൾ നടത്തുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത്, വേണ്ടത്ര ഇന്റേണൽ എക്സാമിനർമാരെ നിയമിക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ചുവടെ ചേർക്കുന്ന നിരക്കിൽ ഫൈൻ ഈടാക്കുന്നതിന് യൂണിവേഴ്സിറ്റി തീരുമാനമെടുത്തിട്ടുണ്ട് (UO No. 255/2018/Exam General dated: 19-09-2018 പ്രകാരം).

1. The first time default in providing adequate number of internal examiners shall be penalised with a fine of Rs. 1 Lakh for Medical, Dental and Ayush and 50000 for other streams.
2. If the College/centre fails in providing adequate number of internal examiners for a second time, the fine imposed will be doubled.
3. Government Colleges under DME, DAME/PCO shall be exempted from the fine.

ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, വേണ്ടത്ര ഇന്റേണൽ എക്സാമിനർമാരെ നിയമിക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ഫൈൻ ഈടാക്കാൻ 2022-23 കാലഘട്ടത്തിൽ തീരുമാനം എടുക്കുകയുണ്ടായി. (ഗവേണിംഗ് കൗൺസിൽ തീരുമാനം നം.72.35 തീയതി 27.12.2022, UO No.60/2022/Exam General. Dated: 18-05-2022, UO No.04/2023/Exam General. Dated: 13-01-2023 എന്നിവ പ്രകാരം).

എന്നാൽ ഇവയിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഫൈൻ ഈടാക്കിയതായി കാണുന്നില്ല. തന്മൂലം സർവ്വകലാശാലയ്ക്ക് 24,00,000/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

| ക്രമ നം. | പരീക്ഷ | സെന്റർ / കോളേജ് | ഈടാക്കേണ്ടിയിരുന്ന ഫൈൻ (രൂ.) |
|---|---|---|---|
| 1 | രണ്ടാംവർഷ എം. ബി. ബി. എസ്. ഡിഗ്രി പരീക്ഷ ഫെബ്രുവരി 2020 | ട്രാവൻകൂർ മെഡിക്കൽ കോളേജ്, കൊല്ലം | 1,00,000/- |
| 2 | മെഡിക്കൽ പിജി ഡിഗ്രി/ ഡിപ്ലോമ സപ്ലിമെന്ററി പരീക്ഷ നവംബർ 2021 – കമ്മ്യൂണിറ്റി മെഡിസിൻ | കണ്ണൂർ മെഡിക്കൽ കോളേജ്, അഞ്ചരക്കണ്ടി | 2,00,000/- |
| 3 | ഒന്നാം പ്രൊഫഷണൽ ബി. എ. എം. എസ് സപ്ലിമെന്ററി പരീക്ഷ ഒക്ടോബർ 2022 | പി എൻ എൻ എം ആയുർവേദ മെഡിക്കൽ കോളേജ് , ഷൊർണൂർ | 1,00,000/- |
| 4 | ഒന്നാം പ്രൊഫഷണൽ ബി എ എം എസ് സപ്ലിമെന്ററി പരീക്ഷ ഒക്ടോബർ 2022 - സംസ്കൃതം | വൈദ്യരത്നം ആയുർവേദ കോളേജ് , ഒല്ലൂർ | 1,00,000/- |
| 5 | ഒന്നാം പ്രൊഫഷണൽ ബി എ എം എസ് സപ്ലിമെന്ററി പരീക്ഷ ഒക്ടോബർ 2022 - സംസ്കൃതം | മന്നം ആയുർവേദ കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ് , പന്തളം | 1,00,000/- |

| | | | |
|---|---|---|---|
| 6 | III പ്രൊഫഷണൽ എം ബി ബി എസ് ഡിഗ്രി - പാർട്ട് -II (S) പരീക്ഷ ഒക്ടോബർ 2020 - പീഡിയാട്രിക്സ് | കണ്ണൂർ മെഡിക്കൽ കോളേജ്, അഞ്ചരക്കണ്ടി | 18,00,000/- |
| | | **ആകെ** | **24,00,000/-** |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.1/ 19.12.2023, 29/18.09.2024) സമർപ്പിച്ച മറുപടിയിൽ ഫൈൻ ഈടാക്കാൻ നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്.

മേൽകൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ഫൈൻ ഈടാക്കി വിവരം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

# ഭാഗം 3

## ചെലവ് കണക്കുകളുമായി ബന്ധപ്പെട്ട പ്രധാന ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3.1 യു.ജി.സി ശമ്പളം വാങ്ങുന്ന അദ്ധ്യാപകർക്ക് യു.ജി.സി നിർദ്ദേശം ലംഘിച്ച് പരീക്ഷാ ജോലികൾക്ക് പ്രതിഫലം നല്കുന്നു

യു.ജി.സി നോട്ടിഫിക്കേഷൻ (F3-1/94(PS)1998 തീയതി 24.12.1998) അനുസരണമായ പരിഷ്കരണങ്ങൾ കേരളത്തിലെ സർവ്വകലാശാലകൾക്ക് 1996 ജനവരി 1 മുതൽ മുൻകാല പ്രാബല്യത്തോടെ ബാധകമാക്കിയിട്ടുണ്ട് (ജി.ഒ.(പി)നം.171/199/എച്ച്.എജ്യൂ. തീയതി 21.12.1999 പ്രകാരം). യു.ജി.സി. സ്കെയിൽ അനുസരിച്ചുള്ള ശമ്പളമാണ് ആരോഗ്യസർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത സർക്കാർ കോളേജുകളിലെയും എയിഡഡ് കോളേജുകളിലെയും സ്ഥിര അധ്യാപകർക്ക് നല്കുന്നത്. ആയതിനാൽ യു.ജി.സി. നിർദ്ദേശിക്കുന്ന വ്യവസ്ഥകൾ പാലിക്കുവാൻ സർവ്വകലാശാലയ്ക്ക് ബാധ്യതയുണ്ട്. 2010 ലെ യു.ജി.സി റെഗുലേഷൻസിലെ കോഡ് ഓഫ് പ്രൊഫഷണൽ എത്തിക്സ് പ്രകാരം സർവ്വകലാശാലകളുടെയും അനുബന്ധ കോളേജുകളുടേയും പരീക്ഷാനടത്തിപ്പ്, മേൽനോട്ടം, ഇൻവിജിലേഷൻ, മൂല്യനിർണ്ണയം എന്നിവ അദ്ധ്യാപകരുടെ ഉത്തരവാദിത്തമാണ്. ആയതിനാൽ യു.ജി.സി നിരക്കിൽ ശംമ്പളം വാങ്ങുന്ന സർക്കാർ കോളേജുകളിലെയും എയിഡഡ് കോളേജുകളിലെയും അധ്യാപകർക്ക് പരീക്ഷാ ജോലികൾ ചെയ്യുന്നതിന് പ്രത്യേകം പ്രതിഫലം അനുവദനീയമല്ല.

31.10.2017 ലെ 367/B1/2017/H&FWD നമ്പർ സർക്കാർ കത്തിൽ പരീക്ഷാമൂല്യനിർണ്ണയവും ബന്ധപ്പെട്ട പ്രവൃത്തികളും അദ്ധ്യാപകരുടെ ഔദ്യോഗിക ജോലിയുടെ ഭാഗമാണെന്ന യു.ജി.സി സ്കീമിലെ നിബന്ധനയനുസരിച്ച് സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിലും സ്പെഷൽ റൂൾസിലും ആവശ്യമായ മാറ്റങ്ങൾ വരുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ നാളിതുവരെ അപ്രകാരം സ്റ്റാറ്റ്യൂട്ടിൽ പരിഷ്കാരം വരുത്തിയിട്ടില്ല. യു.ജി.സി ശമ്പളം കൈപ്പറ്റുന്നവർക്ക് ഓഡിറ്റ് വർഷവും പരീക്ഷ നടത്തിപ്പ്, മൂല്യനിർണ്ണയം എന്നിവയ്ക്ക് പ്രതിഫലം നല്കിയിട്ടുണ്ട്.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.40/17.10.2024) സമർപ്പിച്ച മറുപടിയിൽ, സർവ്വകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളിൽ ബഹുഭൂരിപക്ഷവും സാശ്രയ കോളേജുകളാണ് എന്നും, പരീക്ഷാ നടത്തിപ്പിന് സർവ്വകലാശാല നിർദ്ദേശമനുസരിച്ചാണ് അധ്യാപകർ സേവനം ചെയ്യുന്നത് എന്നും, അധ്യാപകർ മൂല്യനിർണ്ണയം നടത്തുന്നത് മറ്റു കോളേജുകളിലെ ഉത്തര പുസ്തകങ്ങളാണ് എന്നും, മൾട്ടിപ്പിൾ ഇവാലുവേഷൻ സിസ്റ്റം ആണ് പിന്തുടർന്നു വരുന്നത് എന്നും ആയതിനാൽ മൂല്യനിർണ്ണയത്തിനായി പ്രതിഫലം അനുവദിക്കേണ്ടതുണ്ട് എന്നും, ഭൂരിഭാഗം വരുന്ന സ്വാശ്രയ സ്ഥാപനങ്ങളെ കൂടി കണക്കിലെടുത്തുകൊണ്ടാണ് ഗവേണിംഗ് കൗൺസിലിന്റെ അനുമതി പ്രകാരം പ്രതിഫലം നല്കിവരുന്നത് എന്നും പറയുന്നു.

സ്വാശ്രയ കോളേജുകളിലെ അധ്യാപകർക്കു പരീക്ഷാ നടത്തിപ്പിനും മൂല്യ നിർണ്ണയത്തിനും പ്രതിഫലം അനുവദനീയമാണ്. എന്നാൽ യു.ജി.സി റെഗുലേഷൻസിലെ കോഡ് ഓഫ്

പ്രൊഫഷണൽ എത്തിക്സ് പ്രകാരം സർവ്വകലാശാലകളുടെയും അനുബന്ധ കോളേജുകളുടേയും പരീക്ഷാനടത്തിപ്പ്, മേൽനോട്ടം, ഇൻവിജിലേഷൻ, മൂല്യനിർണ്ണയം എന്നിവ യു.ജി.സി നിരക്കിൽ ശമ്പളം വാങ്ങുന്ന സർക്കാർ കോളേജുകളിലെയും എയിഡഡ് കോളേജുകളിലെയും അധ്യാപകരുടെ ഉത്തരവാദിത്തമാണ്. ആയതിനാൽ ഈ അധ്യാപകർക്ക് പരീക്ഷാ ജോലികൾ ചെയ്യുന്നതിന് പ്രത്യേകം പ്രതിഫലം അനുവദനീയമല്ല.

